Malayalanadu weekly, Quilon.
May 4 1975
Phones: 2825, 3362

# മലയാളനാട് വാരിക

പത്രാധിപർ:
എസ്. കെ. നായർ

## താളുകൾ മറിക്കുമ്പോൾ

ലേഖനം:

യുഗധർമ്മവും അതിരാത്രവും
—വാസുദേവശർമ്മ 2
എന്താണ് ആധുനികത?
—എം. മുകുന്ദൻ 10
ഇന്ത്യയിലെ ആധുനിക സിനിമ
—പി. വിജയകൃഷ്ണൻ 23
സ്പോർട്ട്സ്
—വിതുരബേബി 30

കവിത:

വസന്താന്ത്യനാളിൽ
—പി. കുഞ്ഞിരാമൻനായർ 4
മറക്കില്ല നിന്നെ
—ഉണ്ണിക്കൃഷ്ണൻ പുത്തൂർ 39
നഴ്സറി റൈംസ്
—കുഞ്ഞുണ്ണി 59

കഥ:

ശിക്ഷ
—ശ്രീവരാഹം ബാലകൃഷ്ണൻ 14
വെയിലും, ഒരുക്കകല്ലും
—രാധ കെ. എം. 29
അഭിസാരികയുടെ ഗന്ധം
—ബാലകൃഷ്ണൻ മാങ്ങാട്ട് 56

നോവൽ:

വഷളൻ
—പമ്മൻ 18
ഗുഹാജീവികൾ
—ഇ. എം. കോവൂർ 44
വഴിയറിയാത്ത യാത്ര
—ഞെക്കാട്ട് 36

പംക്തികൾ:

സാഹിത്യവാരഫലം
—എം. കൃഷ്ണൻനായർ 25
സിനിമ —മംഗലശ്ശേരി 6
സരസഭാഷണം
—കാനാ സുബ്രഹ്മണ്യം 50
കമ്പസ്സാരം —എം. ഡി. പി. 54

മുഖചിത്രം
ഫോട്ടോ: ഹരിശിവറാം

പുസ്തകം ആറ് ലക്കം നാല്പത്തിരണ്ടിയേഴ് 1150 മേടം 21

# യുഗധർമ്മവും അതിരാത്രവും

## എൻ. എൻ. വാസുദേവശർമ്മ

പാഞ്ഞാളിൽ നടത്തപ്പെടുന്ന "അതിരാത്ര"ത്തെപ്പററി പത്രങ്ങളിൽ വന്ന റിപ്പോർട്ടുകൾ വായിച്ചു. ചില പത്രങ്ങൾ ഈ യാഗത്തിൽ ക്രിയാംഗമായി നിർവഹിക്കപ്പെടുന്ന പത്രണ്ടു് ആടുകളെ ശ്വാസംമുട്ടിച്ചു കൊല്ലുന്നതിനെതിരെ എഡിറ്റോറിയൽവരെ എഴുതിക്കണ്ടു. യാഗത്തിന്റെ സാങ്കേതിക ജഡിലമായ വിവരണങ്ങളും മിനിലധികം അവണ പ്രസിദ്ധീകരിക്കപ്പെട്ടുകഴിഞ്ഞു. പക്ഷേ, ഈ കാലഘട്ടത്തിൽ ഇത്തരമൊരു യാഗത്തിന്റെ പ്രസക്തിയെപ്പററി, ഔചിത്യത്തെപ്പററി, വൈദിക സംസ്കാരത്തിലധിഷ്ഠിതമായ ഈ കർമ്മകലാപത്തിന്റെ ശ്രൗതസ്മാർത്ത ദർശനങ്ങളിലൂടെയുള്ള മൂല്യത്തെപ്പററി അധികമൊന്നും പറഞ്ഞുകേട്ടില്ല. ഇതാവശ്യമെന്നനിക്കു തോന്നുന്നു.

പഞ്ചനദ സംസ്കാരത്തിന്റെ നിറവും മണവും ഉൾക്കൊണ്ട വേദങ്ങളിലധിഷ്ഠിതമാണ്. വൈദിക പാരമ്പര്യത്തിന്റെ കർമ്മകാണ്ഡം. ഇതാവട്ടെ ബ്രാഹ്മണങ്ങളിൽ പടന്നു പന്തലിച്ചു നില്ക്കുന്നു: ചതുർവേദങ്ങളിൽ യജ്ജുർവേദമാകട്ടെ ഇതിന്നായി ഉഴിഞ്ഞുവച്ചിരിക്കുന്നു. യജ്ജുർ വേദത്തിലും ബ്രാഹ്മണങ്ങളിലും അധിഷ്ഠിതമായ യാഗാദി കർമ്മങ്ങൾ വാസ്തവത്തിൽ ഇവിടെ ചാതുർവർണ്ണ്യത്തെ അരക്കിട്ടുറപ്പിക്കുകയാണു ചെയ്തതെന്നു വ്യക്തമായിക്കഴിഞ്ഞിട്ടുണ്ട് സമുദായത്തിൽ ക്ഷത്രിയന്റെ കാവലോടുകൂടി ബ്രാഹ്മണാധിപത്യം സ്ഥാപിച്ചെടുക്കുകയാണ് ഇതുകൊണ്ട് സാധിച്ചു്.

ഇനി ഭാരതീയ ദർശനങ്ങളിലൂടെ യാഗങ്ങളുടെ മൂല്യത്തെപ്പററി നമുക്കൊന്നു നോക്കുക.

നൂറുയാഗങ്ങൾ കഴിച്ചവനു് ഇന്ദ്രനാവാം എന്നൊരു വിധിയുണ്ട്. (ഇന്ദ്രനു് ശതക്രതുവെന്നും പേരുണ്ടല്ലോ.) അപ്പോൾ: ഇന്ദ്രപദമാണ് യാഗങ്ങളുൾപ്പെടെയുള്ള കർമ്മങ്ങളുടെ പരമഫലമെന്നും സിദ്ധിക്കുന്നു. ഈ ഇന്ദ്രപദം അത്ര കാവ്യമല്ലാത്തതാണെന്നു് ശ്രുതിയും സ്മൃതിയും പറഞ്ഞുവച്ചിട്ടുണ്ട്. ഒരു 'കല്പം' മാത്രം നിലനില്ക്കുകയും പിന്നെ അവസാനിക്കുകയും ചെയ്യുന്ന ഇന്ദ്രൻ. സൃഷ്ടി സ്ഥിതി സംഹാരമെന്ന ത്രിഗുണ വികാരങ്ങളിൽനിന്നും ഇന്ദ്രൻ മുക്തനല്ല; ത്രിമൂർത്തികൾ പോലുമല്ലല്ലോ:

ബ്രഹ്മദാരണ്യകോപനിഷത്തിന്റെ ആദ്യ സൂക്തങ്ങൾ നോക്കുക. 'ഉഷാവാ അശ്വസ്യ മേദ്ധ്യസ്യ ശിര:...' എന്നു തുടങ്ങുന്നവ. ഇവിടെ മനുഷ്യമനസ്സാണ് യാഗശാലയും വേദിയും അഗ്നികുണ്ഡങ്ങളുമെല്ലാം ഇവിടെ ഹോമിക്കപ്പെടുന്നതു് ത്രിഗുണാധിഷ്ഠിതമായ സൃഷ്ടിപ്രപഞ്ചമാണ് ബ്രഹ്മനും, അധ്വര്യവും, ഉദ്ഗാതാവും, യജമാനനും എല്ലാം ഉള്ളിൽതന്നെ. ഇവിടെ വലിയ സംഭാരങ്ങളില്ല. മനുഷ്യമനസ്സിലാണ് യഥാർത്ഥയാഗം നടക്കുകയെന്ന ഉദാത്തമായ വൈദിക സങ്കല്പം ഇവിടെ കാണാം.

യാഗംകൊണ്ട് മഹത്തായ സിദ്ധികൈവരുന്നു എന്ന സങ്കൽപ്പം ഋഗ്വേദം തുടങ്ങിയുള്ള വൈദികഗ്രന്ഥങ്ങളിലെല്ലാമുണ്ട്. ഋഗ്വേദം പാതാം മണ്ഡലത്തിലെ പുരുഷസൂക്തം നോക്കുക ആദിപുരുഷനെ യജ്ഞപശുവാക്കി (പ്രജാപതി, ഹിരണ്യഗർഭൻ എന്നൊക്കെ വേറെ പരാമർശനങ്ങളുമുണ്ട്) നടത്തും ആദിയാഗത്തിൽ നിന്നാണ് പ്രപഞ്ചോല്പത്തിയെന്നു പറയുന്നു. ഈ വിശ്വയജ്ഞം (Cosmic Sacrifice) പ്രതീകം മാത്രമാണെന്നു വ്യക്തമാണ്. പ്രതീകത്തിൽ അനുഷ്ഠാനങ്ങളിലേക്കുള്ള വളർച്ചയാണ് സംഹിതകളിൽനിന്നും ബ്രാഹ്മണങ്ങളിലേക്കുള്ള വളർച്ച. ശതപഥബ്രാഹ്മണം, ഐതരേയ ബ്രാഹ്മണം എന്നിവ ബ്രാഹ്മണങ്ങളിൽ അതിപ്രധാനപ്പെട്ടവയാണ്. അശ്വമേധം (വാജപേയം), സോമം, അഗ്നി തുടങ്ങി പലവിധ യാഗങ്ങളുടെ ക്രിയാപൂർണ്ണ വിവരണങ്ങൾ അവയിലടങ്ങിയിരിക്കുന്നു. ഒരു കാര്യം ഉറപ്പിക്കാൻവേണ്ടിയാണിത്രയും പറഞ്ഞതു്. ആര്യസംസ്കാരത്തിന്റെ പ്രഥമഘട്ടത്തിൽ പിറന്നതു് ഋഗ്വേദംമാത്രമാണ്. യജ്ജുർവേദവും, സാമവും അഥർവനംഗിരസ്സും പിന്നീടുണ്ടായവയാണ്; അവസ്സും ആധാരമായതു ഋഗ്വേദംതന്നെ. ഋഗ്വേദകാലഘട്ടത്തിനെത്രയോ നൂററാണ്ടുകളിലൂടെ ആയിരുന്നിരിക്കണം ആ കാലഘട്ടത്തിന്റെ, സമൂഹത്തിന്റെ ആരാധനാചാരങ്ങൾ, അയവില്ലാതെ അനുഷ്ഠാനബഹുലങ്ങളായി പരിണമിച്ചതു്. ഈ പരിണാമത്തിന്റെ പൂർണ്ണ രൂപമാണ് ബ്രാഹ്മണങ്ങൾ.

വെറും ബാഹ്യതലങ്ങളിലുള്ള ക്രിയാബാഹുല്യങ്ങളായ യാഗാദികർമ്മങ്ങളുടെ അപര്യാപ്തത കണ്ടറിഞ്ഞ ചിന്താശീലരായ ചിലർ അതിനപ്പുറമുള്ള ഉണ്മയെ കണ്ടെത്താൻ ശ്രമിച്ചു. അവർ വനങ്ങളിലും, നദീതീരങ്ങളിലും, ആശ്രമങ്ങളിലുമായി സത്യാന്വേഷണമെന്ന തപോനിഷ്ഠയിൽ മുഴുകി. ഇതു് പരമ്പരകളുടെ തപോനിഷ്ഠ ആയിരുന്നു. ബാഹ്യതലങ്ങളിൽ നിന്നും ആന്തരികതലങ്ങളിലേക്കുള്ള തീക്ഷ്ണമായ പരിശോധന ഇവിടെക്കാണാം: സത്യാന്വേഷണത്തിനുള്ള ഈ ശ്രമങ്ങളും. അതിന്റെ ഫലമായുണ്ടായ വെളിച്ചത്തിന്റെ പൊട്ടുകളും നമുക്കുപനിഷത്തുകളിൽ കാണാം. ആര്യസംസ്കാരത്തിന്റെ മഹത്തായ ദർശനങ്ങൾ നമുക്കിവിടെ പ്രതിഫലിച്ചു കാണാം. ഷഡ്ദർശനങ്ങളുടെ ആവിർഭാവം ഇവിടെക്കാണാം. ഇവയെല്ലാത്തിനും അടിസ്ഥാനം 'ശ്രുതി'യാണു താനും. പ്രപഞ്ചത്തിന്റെ ഉല്പത്തി നിലനില്പ്, വിലയം എന്നീ നിരന്തരപ്രശ്നങ്ങൾക്ക് വിഭിന്നരീതിയിൽ ഉത്തരം കണ്ടെത്താൻ ശ്രമിച്ചിരിക്കുകയാണ് ഷഡ്ദർശനങ്ങളിലൂടെ. ഇവയിൽ വച്ചുററവും ശ്രേഷ്ഠമായതു് ബാദരായണന്റെ ഉത്തരമീമാംസ (വേദാന്തം വേദസ്യ അന്തം) യാണെന്നു പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. വേദാന്തസൂത്രങ്ങളിൽ ശ്രുതിയെ ആധാരമാക്കി പറഞ്ഞുവച്ചിരിക്കുന്ന മഹാവാക്യങ്ങൾ (തത്ത്വമസി, അയമാത്മാബ്രഹ്മ, അഹം ബ്രഹ്മാസ്മി, പ്രജ്ഞാനം ബ്രഹ്മാ, ഏകമേവാദ്വിതീയം ബ്രഹ്മ, സർവം ഖല്വിദം ബ്രഹ്മ...) അസ്തിത്വത്തിന്റെ അന്വേഷണവുമായിറങ്ങിത്തിരിച്ചവരുടെ ഉത്തരങ്ങളാണ്.

ഞാനിത്രയും പറഞ്ഞതു് ഒരു കാര്യം വ്യക്തമാക്കാനാണ്. യാഗാദികർമ്മങ്ങൾ ആര്യസംസ്കാരത്തിന്റെ മഹത്തായ ദർശനങ്ങളെ പ്രതിനിധീകരിക്കുന്നില്ല. മറിച്ച്, അവ ആര്യസമുദായത്തിന്റെ വളർച്ച മുട്ടി നിന്ന ഒരു അന്തരാളഘട്ടത്തേയാണ് പ്രതിനിധീകരിക്കുന്നതു്.

അങ്ങനെ വരുമ്പോൾ ഒരു ചോദ്യമുദിക്കുന്നു: ഇരുപതാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പാഞ്ഞാളിൽ വച്ചു നടത്തുന്ന ഈ അതിരാത്രത്തിന്റെ പ്രസക്തിയെന്താണ്? വളരെ ദിവസങ്ങളായി എന്റെ മനസ്സിൽ കിടക്കുകയാണീ ചോദ്യം. ഈ കാലഘട്ടത്തിലിതിന്റെ പ്രസക്തിയെന്തെന്നു ചോദിക്കുമ്പോൾ സ്വാഭാവികമായും ഒരു വസ്തുത ഓർമ്മിക്കേണ്ടതുണ്ട് — കാലവും ധർമ്മവും. ഭാരതീയ സങ്കല്പ

---

## മലയാളനാട്ട് വാരിക

### അറിയിപ്പ്.

പത്രക്കടലാസിനും മററു് അച്ചടി സാമഗ്രികൾക്കും തുടർച്ചയായി വില വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ, വാരികയുടെ വില വർദ്ധിപ്പിക്കാതെ പ്രസിദ്ധീകരണം തുടരാൻ സാദ്ധ്യമല്ലാത്ത ഒരവസ്ഥയാണ് വന്നുചേർന്നിരിക്കുന്നതു്. അതുകൊണ്ട് വില ഈ ലക്കംമുതൽ 75 പൈസയായി വർദ്ധിപ്പിക്കുകയാണ്. ഏജൻറു് സുഹൃത്തുക്കളുടേയും മാന്യവരിക്കാരുടേയും ആത്മാർത്ഥമായ സഹകരണം ഞങ്ങൾ തുടർന്നും പ്രതീക്ഷിക്കുന്നു.

—മാനേജർ.

---

ത്തിൽ കാലത്തെ യുഗങ്ങളായി തിരിച്ചിരിക്കുന്നു. ഓരോയുഗത്തിനും അതിൻേറതായ ധർമ്മങ്ങളും വിധിക്കപ്പെട്ടിട്ടുണ്ട്. ഇതിനെ നമുക്കു യുഗധർമ്മങ്ങളെന്നു വിളിക്കുക: ആര്യസംസ്കാരം വളർച്ചമുട്ടിനിന്നിരുന്ന കാലത്തെ, വിധിക്കപ്പെട്ടിരുന്ന ധർമ്മങ്ങളായിരുന്നു, യാഗാദികർമ്മാനുഷ്ഠാനങ്ങൾ. ആ കാലവും സമൂഹവും സംസ്കാരവും മാറിക്കഴിഞ്ഞിരിക്കുന്നു. ഇതാധുനിക യുഗമാണ് — ആധുനികമനുഷ്യൻെറ ഈ യുഗത്തിന്നു പൊരുത്തപ്പെടുന്നതാവണം ഇന്നത്തെ ധർമ്മം. സഹസ്രാബ്ദങ്ങൾക്കു മുൻപ് നിലവിലിരുന്ന അതിരാത്രമെന്ന യാഗം ഈ യുഗത്തിൽ പൊരുത്തമാവില്ലെന്നു തോന്നുന്നു — എന്തെല്ലാം വ്യാഖ്യാനങ്ങൾ അതിൻെറ സംഘാടകർ പറഞ്ഞാലും. ആ ധ്യാനംമുതൽ അവഭൃതസ്നാനംവരെയുള്ള ഈ യാഗത്തിൻെറ കർമ്മങ്ങൾ ഒരനുഷ്ഠാനമെന്നരീതിയിലല്ല; മറിച്ച് മൺമറഞ്ഞ ഒരു കാലഘട്ടത്തിൻെറ സംസ്കാരത്തെ രേഖപ്പെടുത്തുവാൻമാത്രം എന്ന രീതിയിലാണെന്നാണ് ഇതിൻെറ സംഘാടകർ വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇതംഗീകരിക്കുകയാണെന്നു വയ്ക്കുക. എങ്കിൽ ഒരുകാര്യം വ്യക്തമാവും. ശ്രുതിപ്രോക്തങ്ങളായമററുയാഗങ്ങളുണ്ട് കൂടാതെ മററനവധി കർമ്മങ്ങളുണ്ട്. അവയും ഇതുപോലെതന്നെ ചെയ്തു രേഖപ്പെടുത്തേണ്ടതാണെന്നു സമ്മതിക്കേണ്ടിവരും. പഞ്ചമകാരങ്ങളോടുകൂടിയ യാന്ത്രികപൂജയും (മദ്യം, മാംസം, മത്സ്യം, മുദ്ര, മൈഥുനം) നടത്തിയെടുക്കേണ്ടിവരും: ഇതസ്സാദ്ധ്യമാണെന്നു സമ്മതിച്ചേതീരൂ. അങ്ങനെ വരുമ്പോൾ,സാംസ്കാരിക ചരിത്രപരമായ ഗവേഷണതല്പരതയാണിതിൻെറ പിന്നിലെന്നു നമുക്ക് അംഗീകരിക്കാനാവില്ല. അപ്പോൾ, ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ഉറപ്പിച്ചു പറയേണ്ടിയിരിക്കുന്നു ഈ അതിരാത്രം യുഗധർമ്മത്തിന്നെതിരാണ് — യുഗധർമ്മഭ്രംശമാണ്.

മൃത്യുവിൻെറ ഗൃഹം അന്വേഷിച്ചുചെന്ന് മൃത്യുവിനെക്കാത്തു കിടന്ന പ്രത്യക്ഷനാക്കി, ഉണ്ണിയുടെ വരങ്ങൾനേടിയ നചികേതസ്സാണ് നമ്മുടെ യുഗപുരുഷനെന്നെനിക്കതോന്നുന്നു. നചികേതസ്സനുഷ്ഠിച്ച ധർമ്മമെന്നെയാണ് നമ്മുടെ യുഗധർമ്മം

(രണ്ടായിരത്തഞ്ഞൂറാണ്ടി നപ്പുറത്തെ പുണ്യസമാധി പീഠസ്മരണ— ഇരുൾമൂടിയ ഹിമാലയത്താഴ്‌വരകളിൽ ചന്ദ്രോദയം ഉറക്കഗുളിക കഴിച്ച് സ്വബോധംവിട്ട് ഭാരത ഹൃദയത്തിൽ ചന്ദ്രോദയം കല്ലും മുള്ളുംനിറഞ്ഞു് കാട്ടം പൊന്തയും കയ്യടക്കിയ, പഴയ തീർത്ഥയാത്രാ നടക്കാവുക എങ്കിൽ, നിലാവുമങ്ങി മഞ്ഞിൽക്കുതിർന്ന് "നേത്ത" നനുത്ത ചന്ദ്രോദയം.)

നെഞ്ചകം തീപ്പൊള്ളി
കാറിൽ മുഖം മൂടി

## വസന്താന്ത്യനാളിൽ

കാഞ്ചന ശൃംഗമിളകും ഹിമാലയം
ഉൻകടെ ഖേദ വിർപ്പാ-
ലെഴുക്കിനാൽ
ദുഃഖമാം മേഘ നീർപോലെ-
യ മന്ദാകിനി.

കോടാലി നൽക്കൊട്ടംകെവട്ടാൽ
നിലം പൊത്തി.
പൂത്തുലയുന്ന മഹാവൃക്ഷസന്തതി,
കാണുന്നു മുമ്പിൽ നവരതവിഗ്രഹം
ഘോഷണം പോയി-
ത്തകരുന്നൊരമ്പലം.
നീന്നിദ്രനായിക്കഴിയുകയാം, ശീമ
സുന്ദരിനിന്നു പണിയിച്ചു
വീട്ടിൽ ഞാൻ.
കെട്ടിപ്പണന്നുമ്മവെച്ചു.
ഒതാലി വെള്ള-
പ്പുറററാരു സുന്ദരി:
മദ്യലഹരിയും.
പാതിരയാണി; തട്ടിൻെറ ഭരണമാണാണ്ടു പറക്കുന്നു വാവലും
മുങ്ങയും.
കോട്ടകൾ കേറി മറി-
ഞ്ഞർദ്ധ രാത്രിയിൽ
മുട്ടിവിളിപ്പതാരെൻ
വാട്ടവാതിലിൽ?
മുരിഞ്ഞിവന്നൊരു കൺ-
മിഴിയെക്കണ്ടു
പൂവിട്ടുനില്ക്കുന്ന
പൂർണ്ണേന്ദ്രമണ്ഡലം.
ചന്ദ്രരഥംവിട്ടിറങ്ങിമൊഴിഞ്ഞിതാ-
സൌന്ദര്യ രാജ്യ-
പ്രവാചകനിങ്ങിനെ;

അജ്ഞതതന്നൊരറക്ക-
ഗുളികതൻ
മത്തിലടിപെട്ട മാനവ ചേതനേ,
നീയുണരുന്നതുനോക്കി, യടച്ചിട്ട
വീടിൻെറ മുററത്തു കാത്തു
നില്ക്കുന്നു ഞാൻ
കൈക്കമ്പിളിലുണ്ട-
ണങ്ങിയ പാഴ്മരം
പൂവിട്ടുമാമൃത സജ്ജീവനൌഷധി.
ജന്നൽവഴിയെത്തിനോക്കി-
യകത്തേയ്ക്കു
പാതിരത്തിങ്കളിൻ

പി: കുഞ്ഞിരാമൻനായർ

ശാന്തിനിലാവൊളി.
ഏകാന്തകോകിലാ-
ശോകമധുകണം.
തൂകി, വസന്താന്ത്യനാളിൻ
മുരളിയിൽ.

രണ്ടായിരത്തഞ്ഞൂറാണ്ടുകൾ വലംവെച്ചുപോയ ഏക മഹാ സീരജിന തീർത്ഥാങ്കരസ്മരണയുടെ സമാധി മണ്ഡപത്തിൽ.

അതിരാത്രത്തിന്നതുമായി പൊരുത്തപ്പെടാനാവില്ല.

മഹാഭാരതത്തിൽ ഒരു കഥ വ്യാസൻ പറഞ്ഞുവച്ചിരിക്കുന്നു. കുരുക്ഷേത്രയുദ്ധത്തിനു ശേഷം ദിഗ്വിജയം കഴിഞ്ഞു് യുധിഷ്ഠിരൻ യജമാനനായി ശ്രീകൃഷ്ണൻ രക്ഷിതാവായി ഗംഭീരമായി രാജസൂയയാഗം നടന്നു. അതിൻെറ അവസാനത്തിൽ മഹാബ്രാഹ്മണരുടേയും ഋഷികളുടേയും പാദതീർത്ഥം ഒരു ജലാശയം പോലായി. എവിടെനിന്നോ വന്നെത്തിയ, ശരീരത്തിൻെറ പകുതിഭാഗം സ്വർണ്ണനിറമാന്ന, ഒരു കീരി ആ തീർത്ഥത്തിൽ വന്നു മുങ്ങുകയും, മുങ്ങിക്കയറി തൻെറ ഉടലിലേക്കു നോക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇതു കണ്ടുതുതപ്പെട്ട എല്ലാവരും നില്ക്കുമ്പോൾ

യുധിഷ്ഠിരൻെറ ചോദ്യത്തിനുത്തരമായി കീരി തൻെറ കഥപറഞ്ഞു. പട്ടിണി കൊണ്ടു മരിക്കാറായ ഒരു ബ്രാഹ്മണകുടുംബത്തിനു കിട്ടിയ അല്പമായ ആഹാരം അപ്പോൾ മാത്രം വന്നെത്തിയ അതിഥിക്കു സല്ക്കരിച്ചു. അവർ മരിച്ചു. ആ അതിഥിപൂജയുടെ തീർത്ഥത്തിൽ—അതല്പം മാത്രമേ ഉണ്ടായിരുന്നുള്ളു— കീരിയുടെ ശരീരം നനഞ്ഞു. നനഞ്ഞ ഭാഗം സ്വർണ്ണനിറമായി. ബാക്കിഭാഗംകൂടി സ്വർണ്ണനിറമാക്കാമെന്നു വിചാരത്തിലാണ് ധർമ്മജനായ യുധിഷ്ഠിരചക്രവർത്തിയുടെ യാഗതീർത്ഥത്തിൽ മുങ്ങിയതു്. പക്ഷേ, ദരിദ്രബ്രാഹ്മണകുടുംബത്തിലെ തീർത്ഥത്തുള്ളികളുടെ ശക്തി ഇതിനില്ല.

ഈ കഥ ഒരു പ്രത്യേക ഉദ്ദേശത്തോടെ യാവണം വേദവ്യാസൻ മഹാഭാരതത്തിൽ പറഞ്ഞതു്. ഒരു പക്ഷേ, അതു പാഞ്ഞാളിലെ വൈദികശ്രേഷ്ഠന്മാരെക്കൂടി ഉദ്ദേശിച്ചാവണം.

ഛന്ദോഗ്യോപനിഷത്തിലൊരിടത്തു് തവളകൾ മുത്വിക്കുകളായിരിക്കുന്നതായും മന്ത്രോച്ചാരണം തവളക്കരച്ചിലായും പറയുന്നുണ്ട്. അതുപോലെ, ഒരു പട്ടി യാഗാദികർമ്മങ്ങളിൽ പങ്കെടുക്കുന്നതായും പറയുന്നുണ്ട്. ഇതോർക്കുമ്പോൾ, പുരാതന ഋഷികളുടെ നർമ്മബോധത്തെക്കൂടി നമുക്കംഗീകരിക്കാതിരിക്കാനാവില്ല— കാരണം അവരുടെ കണ്ണുകൾ സഹസ്രാബ്ദങ്ങൾക്കു ശേഷം മാത്രം നടക്കുന്ന ചില യാഗങ്ങൾ കൂടി കണ്ടിരുന്നിരിക്കണം.

...o...

## മംഗലശ്ശേരി

# ഉത്തരായണം

## മലയാളത്തിലെ ആദ്യത്തെ സിനിമ

ഭാവിയിൽ ലോകചലച്ചിത്രവേദിയുടെ വികാസ പരിണാമങ്ങളെക്കുറിച്ച് സമഗ്രമായി പഠിക്കാൻ ആഗ്രഹം പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികൾക്ക്, മലയാളഭാഷ ആദ്യമായി ഒരു ചിത്രം സംഭാവന ചെയ്തിരിക്കുന്നു— ഉത്തരായണം. ആധുനിക ചലച്ചിത്രങ്ങൾ ഭൂരിഭാഗവും സാങ്കേതികമെച്ചങ്ങളിലാണ് വ്യവസായ സിനിമയിൽ നിന്നും വേറിട്ടുനില്ക്കുന്നത്. തികച്ചും വ്യത്യസ്തമായ, ഉൾക്കരുത്തുള്ള പ്രമേയങ്ങൾ അവയിൽ അപൂർവ്വമായിപ്പോലും കണ്ടിരുന്നില്ല. സ്വയംവരവും നിർമ്മാല്യവും ഈ അപവാദത്തിൽനിന്നും പൂർണ്ണമായി രക്ഷപ്പെട്ടിട്ടില്ല. പക്ഷേ, ഉത്തരായണം പ്രമേയത്തിലും അവതരണത്തിലും ഇന്ത്യയിൽ ഇതുവരെയുണ്ടായ ചിത്രങ്ങളിൽനിന്നും മെച്ചപ്പെട്ടുനില്ക്കുന്നു, വ്യത്യസ്തപ്പെട്ടുനില്ക്കുന്നു. മലയാളസിനിമ വളരുന്നുവെന്ന് കഴിഞ്ഞ എത്രയോ വർഷങ്ങളായി നാം പറയുന്നു. ഇതാ ഗണേഷ് മൂവി മേക്കേഴ്സിന്റെ ബാനറിൽ പട്ടത്തുവിള കരുണാകരനും അരവിന്ദനും ഒരു യാഥാർത്ഥ്യമാക്കി മാററിയിരിക്കുന്നു.

സംവിധായകന്റെ കലയാണ് സിനിമയെന്ന യാഥാർത്ഥ്യം പ്രേക്ഷകർക്ക് ബോദ്ധ്യമാക്കിക്കൊടുത്ത മലയാളത്തിലെ ആദ്യത്തെ സിനിമയാണ് ഉത്തരായണം. രാമുവിലൂടെ സമകാലീന ജീവിതത്തിന്റെ താളക്കേടുകളും വൈരുദ്ധ്യങ്ങളും അതീവശക്തിയായി, ചൂരുങ്ങിയ വാക്കുകളിലൂടെ, നേരിയ വരകളിലൂടെ, വരച്ചുകാട്ടിയ ജീനിയസ്സായ (ഈ വാക്ക് ഞാൻ ആദ്യമായാണ് ഈ നിരൂപണ പംക്തിയിൽ ഉപയോഗിക്കുന്നത്.) അരവിന്ദൻ ഇന്ത്യയിലെ മികച്ച സംവിധായകരുടെ മുൻനിരയിലെത്തിയിരിക്കുന്നു. സത്യജിത് റേയോടും മൃണാൾസെന്നിനോടും ഋത്വിക് ഘട്ടക്കിനോടും അരവിന്ദനെ താരതമ്യപ്പെടുത്താൻ പലരും ഭഗീരഥശ്രമം നടത്തിക്കണ്ടു. മുററത്തെ മുല്ലയ്ക്ക് മണമുണ്ടാവാറില്ലല്ലോ. ഞാൻ അരവിന്ദനെ അരവിന്ദനായി മാത്രം കാണാൻ ശ്രമിക്കുന്നു. ഉത്തരായണത്തെപ്പോലെ എന്നെ ഇത്രയധികം പിടിച്ചുലച്ച രണ്ടാമതൊരു ചിത്രമില്ല. ഇന്ത്യയിലും വിദേശത്തും നിർമ്മിച്ചവയിൽ മെച്ചപ്പെട്ട ചിത്രങ്ങളിൽ ചിലതു് ഞാൻ കണ്ടിട്ടുണ്ട്: പക്ഷേ, എന്റെ വികാരത്തെ, വിചാരത്തെ, വിശ്വാസത്തെ, ബോധത്തെ ഇത്രയധികം വികസ്വരമാക്കിയിട്ടില്ല മററാനും. എന്റെ രാജ്യത്തിലെ ഇന്നത്തെ യുവതലമുറയുടെ ആത്മപീഡയും ധർമ്മസങ്കടവും യാഥാർത്ഥ്യബോധത്തോടെ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ രവിയിലൂടെ കൈകാര്യം ചെയ്തതാവാം അതിന് മുഖ്യകാരണം. ലോകത്തിലുണ്ടായിട്ടുള്ള ഏററവും നല്ല ചിത്രങ്ങളുടെ ലിസ്റ്റിൽ ഉത്തരായണം ഇന്നല്ലെങ്കിൽ നാളെ തീർച്ചയായും ഉണ്ടാവുമെന്ന് ഞാൻ പറയുമ്പോൾ എന്റെ അജ്ഞതയല്ല അതു പറയാൻ പ്രേരിപ്പിച്ചതു്. ചലച്ചിത്ര ചരിത്രം തിരുത്തിക്കുറിച്ച ലോകത്തിലെ പ്രസിദ്ധ സംവിധായകരുടെ ആദ്യ ചിത്രങ്ങളും അരവിന്ദന്റെ ആദ്യ ചിത്രവും പരിശോധിക്കൂ: എന്റെ അഭിപ്രായത്തിൽ ആവേശവും അതിശയോക്തിയുമില്ലെന്ന് നിങ്ങൾക്ക് ബോദ്ധ്യമാവും.

സർഗ്ഗസമ്പന്നരായ കലാകാരന്മാർക്ക് മാത്രം കടന്നുചെല്ലാവുന്ന ഒരു വേദിയാണ് സിനിമ എന്നു തെളിയിച്ച ഉത്തരായണം ഈ കാലഘട്ടത്തിന്റെ കഥയാണ്. സ്വാതന്ത്ര്യത്തിന്റെ മുമ്പംപിമ്പുമുള്ള രണ്ടു തലമുറകളുടെ കഥ. "ഞാനൊരാൾ മാത്രമല്ലല്ലോ ജോലിക്കു തെണ്ടുന്നതു്" എന്ന് മറുപടി പറഞ്ഞു് "അമ്മയ്ക്ക് സ്വാതന്ത്ര്യപെൻഷനു് അപേക്ഷിക്കാമായിരുന്നില്ലേ" എന്നു നിസ്സഹായനായി മനസ്സ് വിങ്ങിപ്പൊട്ടി ചോദിക്കുന്ന രവിയിലൂടെ ആരംഭിച്ച് വനാന്തർഭാഗത്തിരുന്ന് തീകായുന്ന വൃദ്ധയുടെ മുന്നിലുള്ള തീക്കുണ്ഡത്തിൽ കയ്യിലിരുന്ന മുഖംമൂടി സാവധാനത്തിലിട്ട് അതു് തീപിടിക്കുന്നതു കാണുമ്പോൾ എല്ലാം മറന്ന് ചിത്രത്തിൽ ആദ്യമായി ചിരിക്കുന്ന രവിയിൽത്തന്നെ അവസാനിക്കുന്ന ഈ ചിത്രം പ്രേക്ഷകരിലുണർത്തിയ വികാരത്തെ, അവരിലുയർത്തിയ അനുഭൂതികളെ അളന്നുമാററാനസാദ്ധ്യമാണ്. കാഴ്ചക്കാരെയാകെ മരവിപ്പിച്ച രവിയുടെ ആ ചിരിയെച്ചൊല്ലി വളരെയേറെ ചർച്ചകൾ ഇതിനകം നടന്നുകഴിഞ്ഞു. ശ്രീ ചക്രത്തെക്കുറിച്ചുള്ള വിശദീകരണത്തിൽനിന്നും ലഭിച്ച ആത്മജ്ഞാനത്തിന്റെ വെളിച്ചവുമായി കാട്ടുകയറുന്ന രവി ജീവിതത്തിന്റെ ഏകതാനമായ പാതയിലേക്ക് മടങ്ങിവരുന്നുഎന്ന് ആ വലിയ ചിരി, മങ്ങാത്ത ചിരി അർത്ഥമാക്കുന്നു എന്നു ഞാൻ വിചാരിക്കുന്നില്ല. ഒരു സന്യാസിയുടെയും ഒരു വിപ്ലവകാരിയുടേയും മാനസികതരംഗങ്ങൾ ഒരേതലത്തിലാണെന്ന അരവിന്ദന്റെ വ്യക്തമായ വിശ്വാസത്തെ മുന്നിൽ മാനിച്ചുകൊണ്ടുതന്നെയാണ് ഞാനിതുപറയുന്നതു് ഋശ്യശൃംഗന്റെ കഥയിൽ ഭഗവാൻ വേദവ്യാസൻ തന്നെ പൊട്ടിച്ചിരിച്ചു ആ ചിരിയെ അസാധാരണമായ മനുഭൂതിയും ചിന്തയുടെ തരിക്കലും വററാത്ത തേനറവുമാക്കി മാററിയ പ്രതിഭാധനനായ കുട്ടിക്കൃഷ്ണനാരെപ്പോലെ രവിയിൽ ച

"ചോദ്യങ്ങൾ ചോദിക്കാനുള്ള കഴിവുണ്ടാവുക എന്നതാണ് പ്രധാനം ഉത്തരം കണ്ടുപിടിക്കലല്ല (കുഞ്ഞാണ്ടി. ഡാക്ടർ മോഹൻദാസ്)

ലച്ചിത്ര ചരിത്രകാരന്മാർആരെങ്കിലുംവ്യാഖ്യാനിക്കട്ടെ. കാലഘട്ടത്തിൻെറ ധർമ്മസങ്കടത്തിൻെറയും ആത്മ പീഡയുടേയും ഉജ്ജ്വല പ്രതീകമായ രവിയിലൂടെ അരവിന്ദൻ വസന്താഗമംപോലെ വിടത്തുന്ന ചിരി ആധുനിക ജീവിതത്തിൻെറ നിത്യമായ തേങ്ങലാണ്, രോദനമാണ് എന്നു മാത്രം നമുക്കിപ്പോൾ അർദ്ധവിരാമമിട്ടു നിറുത്താം.

റദ്ദാക്കപ്പെട്ട ഇൻറർവ്യൂകഴിഞ്ഞ് സ്വന്തം ഗ്രാമത്തിലേക്ക് മടങ്ങുന്ന രവിയിലൂടെയാണ് ഉത്തരായണം ആരംഭിക്കുന്നത്. മുഖംമൂടിയ്ക്കു വർണ്ണമിട്ടുകൊണ്ടിരിക്കുന്ന കുമാരൻമാസ്റ്ററുടെ മുന്നിലെത്തുന്നതിനുകം രവിയെ അവൻെറ എല്ലാ ശക്തിദൗർബ്ബല്യങ്ങളോടുകൂടി കാണികളുടെ ഹൃദയത്തിൽ ഒരു എണ്ണച്ചായാചിത്രംപോലെ പതിപ്പിക്കുവാൻ പ്രഗത്ഭനായ സംവിധായകനു കഴിഞ്ഞു; ക്യാമറകൊണ്ടു കവിതയെഴുതുന്ന കവിയാണ് സംവിധായകൻ എന്നുപറഞ്ഞിട്ടതെത്ര ശരി. പുതിയ പുസ്തകങ്ങൾ വല്ലതും വാങ്ങിയോ എന്നു ചോദിക്കുമ്പോൾ 'സസ്തിബ്രത'യുടെ 'മൈ ഗോഡ് ഡൈഡ് യങ്ങ്'' എന്നപുസ്തകം വാങ്ങിയെന്നു രവി മറുപടിപറയുമ്പോൾ കുമാരൻ മാസ്റ്റർ ആ മൂന്നാംകിട നോവലെഴുത്തുകാരനെ വിലയിരുത്തുന്നുണ്ട്: ഇവിടെ മാത്രം കല്ലുകടി അനുഭവപ്പെട്ടു. സ്വാതന്ത്ര്യസമരകാലത്ത് തീപ്പൊരികൾ പനിനീർപ്പൂവുകൾപോലെ വാരിവിതറിയ കുമാരൻ മാസ്റ്ററുടെ വ്യക്തിത്വത്തിന് എവിടെയോ മങ്ങൽ പററിയില്ലെ?

പാറപ്പുറത്ത് തിരമാലകളിലേക്ക് നോക്കിയിരിക്കുന്ന മാസ്റ്റർ, പാറപ്പുറത്ത് മലർന്കിടക്കുന്ന രവി. നക്ഷത്രാവൃതമായ ആകാശം. ലൈററ്ഹൗസിൽനിന്നു മിന്നിമായുന്ന വെളിച്ചം. ആ വെളിച്ചത്തിലൂടെ ആരംഭിച്ച ഫ്ളാഷ്ബാക്കുകളിലാണ് സ്വാതന്ത്ര്യത്തിനു മുമ്പുള്ള വികാരതീവ്രമായ രംഗങ്ങൾ. വളരെ ചുരുങ്ങിയ രംഗങ്ങളിലൂടെ, ആയിരമായിരം പേജുകൾ എഴുതിയാൽപോലും തീരാത്ത ആ ചോരയുടെ മണമുള്ള കഥ,ഒരുക്കത്തോടെ മനസ്സിൽ ആഞ്ഞുതറയ്ക്കുംപടി ഹൃദയസ്പർശിയായി അവതരിപ്പിച്ചു. മാധവമേനോൻെറ നേതൃത്വത്തിലുള്ള അഹിംസാവാദികളും, കുമാരൻ മാസ്റ്ററുടെയും അച്ചുവിൻെറയും നേതൃത്വത്തിലുള്ള സായുധവിപ്ളവക്കാരും നടത്തുന്ന സമരപ്രവർത്തനങ്ങൾ എത്ര യാഥാർത്ഥ്യബോധത്തോടെയാണ് കൈകാര്യം ചെയ്തിരിക്കുന്നത്. സ്വർണ്ണപ്പുടവയുടുത്ത പുലരികളിലൂടെ, മുഖത്തു്കരിവാരിപ്പൂശിയഭയാനകമായ രാത്രികളിലൂടെ '42ലെ ആ സമരരംഗങ്ങൾ ചിത്രീകരിച്ചിരിക്കുന്നത് നന്നായി, ശക്തിയായി എന്നീ വാക്കുകളിൽ പറഞ്ഞുനിറുത്തിയാൽപോര ഇൻഡ്യൻസിനിമയിൽ ഒരു അരവിന്ദനേ അതു കഴിഞ്ഞിട്ടുള്ളൂഎന്നുകൂടി പറയണം. 'ക്വിററ് ഇൻഡ്യാ' പോസ്റ്റർ ഒട്ടിക്കുന്നതിനിടയിൽ തിരിഞ്ഞുനോക്കി നമ്മെ സംഭ്രമിപ്പിക്കുന്ന അച്ചുവിനെ ആര്ക്കു മറക്കാൻ കഴിയും, പാലത്തിന് ബോംബുവയ്ക്കുന്നത്, നാടൻബോംബുണ്ടാക്കുന്നത് ഭൂഗർഭവർത്തമാനപത്രമടിക്കുന്നത്, ആ പത്രം വിതരണം ചെയ്യുന്നത് തുടങ്ങി എല്ലാ രംഗങ്ങളും ആ കാലഘട്ടത്തോട് നീതിപുലർത്തി ചിത്രീകരിച്ചിരിക്കുന്നു.'ക്വിററ് ഇന്ത്യാ' പോസ്റ്റർ ഒട്ടിക്കുമ്പോൾ മതിലിൽ പതിച്ചിരിക്കുന്ന 'ആര്യമ്മാല'യുടെ സിനിമാപരസ്യം, ചിലങ്കയിട്ട മുട്ടൻ വടി കിലുക്കിക്കൊണ്ടോടുന്ന അഞ്ചലോട്ടക്കാരൻ, മീനാക്ഷിയുടെ ഞൊറിവുള്ള ബ്ളൗസ്, സജ്ഞയൻെറ മരണവാർത്തയുള്ള മാതൃഭൂമി ദിനപത്രം അങ്ങിനെ എത്ര അതിസൂക്ഷ്മമായ കാര്യങ്ങൾ എടുത്തുപറയേണ്ടതുണ്ട്, വാതിൽപ്പടിചാരിനിന്നു് മകൻെറ നിസ്സഹായമുഖം നോക്കി നെടുവീർപ്പിടുന്ന മീനാക്ഷിയുടെ മരിക്കാത്ത ഓർമ്മകളിലൂടെ ആരംഭിക്കുന്ന സ്വാതന്ത്ര്യസമരസേനാനിയായ ഗോവിന്ദൻെറ അന്ത്യത്തെ കാണിക്കുന്ന ആ രണ്ടാമത്തെ ഫ്ളാഷ്ബാക്കിൻെറ ശക്തിയെക്കുറിച്ച് എത്ര പറഞ്ഞാലും മതിയാവുകയില്ല. ചോരക്കുഞ്ഞിനെ കയ്യിലെടുത്തു ജനലഴികൾക്കിടയിലൂടെ അച്ഛന് തൊട്ടുമ്മവയ്ക്കുവാൻ നീട്ടുന്ന രംഗം ആര്ക്കാണ് മറക്കാനാവുക? അടുത്തദിവസം രാവിലെ പടിക്കൽ ഉണങ്ങി കട്ടിപ്പിടിച്ച രക്തത്തിൽ ഉറുമ്പുകളരിക്കുന്ന ആ ശവശരീരത്തിൻെറ ക്ളോസ്സപ്പുണ്ടാക്കിയ നടുക്കം എന്നെങ്കിലും മനസ്സിൽനിന്നും മാഞ്ഞുപോവുമോ?

സ്വാതന്ത്ര്യത്തിനുപിമ്പുള്ള കാലമാണ്

(ശേഷം 59-ൽ)



# മലയാളനാട്

## അടുത്തലക്കം

എം. കൃഷ്ണൻനായരുടെ

**സാഹിത്യവാരഫലം**

എക്സിൻസ്റ്റൻഷ്യലിസം എന്ന പദം നമുക്കിന്നു് സുപരിചിതമാണ്. ഈ തത്വദർശനത്തിന് ലഭിച്ചിട്ടുള്ള പ്രചാരം അത്ഭുതകരമാണ്. പക്ഷേ, ഈ വാക്ക് സൃഷ്ടിക്കുന്ന വിപുലമായ ആശയത്തെ ഇവിടെ തെററായി വ്യാഖ്യാനിച്ചിട്ടില്ലേ?

എം. മുകുന്ദൻ തുടരുന്നു

**'എന്താണ് ആധുനികത'**

ഫേഷനെക്കുറിച്ച് ചിത്രങ്ങൾ സഹിതമുള്ള കെ. എൻ. സതീശൻെറ ലേഖനം.

ഉച്ച, സന്ധ്യ, രാത്രി, പ്രഭാതം പിന്നെയും ഉച്ച. അങ്ങനെ നീണ്ടുപോയാൽ മനുഷ്യൻെറ അവസ്ഥ എന്തായിത്തീരും?

തുളസിയുടെ കഥ

**'സൂര്യനെ കാണാൻ ചെന്നപ്പോൾ'**

രഘുനാഥ് പലേരിയുടെ കഥ

**'ശിഖരങ്ങൾ തേടി'**

വൈക്കം ചന്ദ്രശേഖരൻനായരുടെ

**'യുഗസംക്രമം എവിടെയെത്തി'**

ആധുനിക അറബികവികളിൽ പ്രമുഖനായ നിസാർ ഖബ്ബാനിയുടെ



ഉജ്ജ്വലമായ ഒരു കവിത

**'അറബ്കോടതികൾക്കു മുമ്പിൽ ഒരു മാനഭംഗക്കേസ്'**

സി. വി: ഗോവിന്ദൻ, കുഞ്ഞുണ്ണി എന്നിവരുടെ കവിതകളുംകൂടി.

പദ്മൻ, ഈ: എം: കോവൂർ, ഞെക്കാട്ട് എന്നിവരുടെ നോവലുകൾ

വി. ബി. സി. നായരുടെ മുഖഭാഗചിത്രങ്ങൾ. മംഗലശ്ശേരിയുടെ സിനിമാനിരൂപണം

ഒരു പതിവ്രതയുടെ കുററസമ്മതം —കുമ്പസാരം

ഗ്രന്ഥനിരൂപണം, സരസഭാഷണം, കത്തുകൾ, സ്പോർട്ട്സ്

അന്താരാഷ്ട്ര വനിതാവർഷം. സമാനതയെക്കുറിച്ച് ഗീത ഇടപ്പള്ളി

# മരണം അനിവാര്യം

## മൂന്നു്

ഈ നൂററാണ്ടിലെ ഏററവും വലിയ നോവലിസ്റ്റുകളിൽ ഒരാളായ പ്രൂസ്റ്റ് സാഹിത്യലോകത്തിലെ ശാസ്ത്രജ്ഞനായിരുന്നു. ക്ഷയരോഗവും നീണ്ട ഏകാന്തജീവിതവും സ്വന്തം മനസ്സിലേയ്ക്കു് ഉൾവലിയുവാൻ അദ്ദേഹത്തെ സഹായിച്ചു. മനുഷ്യന്റെ അന്തസ്സത്ത അവന്റെ ശാരീരികമായ മരണത്തിനുശേഷമാണു് നിർണ്ണയിക്കപ്പെടുന്നതു് — പ്രൂസ്റ്റ് വിശ്വസിച്ചു. കെ. എന്ന ആൾ മരിക്കുന്നു. സെമിററിയിൽ അയാളുടെ ശരീരം ദ്രവിച്ചില്ലാതാകുന്നു. പക്ഷേ, ശാരീരികമായി മാത്രമേ കെ, മരിച്ചിട്ടുള്ളു. കാരണം അയാൾ മരിച്ചു് വളരെകാലം കഴിഞ്ഞാലും അയാളുടെ ബന്ധുക്കളും സ്നേഹിതന്മാരും മററും അയാളെകുറിച്ചു സംസാരിക്കുകയും ചിന്തിക്കുകയും ചെയ്യുന്നു... അവരുടെ ഓർമ്മകളിലൂടെ കെ യുടെ അന്തസ്സത്തനിർണ്ണയിക്കപ്പെടുന്നു. ഓർമ്മകളുടെ സൃഷ്ടിയിലൂടേയും പുന:സൃഷ്ടിയിലൂടേയുമാണു്, ശാരീരികമായ മരണത്തിനുശേഷം മനുഷ്യന്റെ, അന്തസ്സത്ത പ്രൂസ്റ്റ് നിർണ്ണയിക്കുന്നതു്. തന്റെ ബൃഹദ്നോവലുകളിലൂടെ ഈ സൃഷ്ടിയും പുന:സൃഷ്ടിയുമാണു് പ്രൂസ്റ്റ് നിർവ്വഹിക്കുന്നതു്.

യുദ്ധങ്ങളും യാതനകളും നിറഞ്ഞ ലോകം ഗിസപ്പോ ഉൻഗാരററിയേയും ജെ. ആർ. ജിമനസ്സിനേയും തളർത്തുന്നു. തങ്ങളുടെ കവിതകളിലൂടേയും ഗീതകങ്ങളിലൂടേയും അവരും സ്വന്തം മനസ്സിലേക്കു് ഉൾവലിയുകയാണു് ചെയ്യുന്നതു്. ഉൻഗാരററി ശില്പവൈവിദ്ധ്യത്തിലും മിത്തുകളിലും മുങ്ങുന്നു. "ഞാൻ നിഷ്കളങ്കമായ ഒരു ലോകം തേടുകയാണു്" — 'യാത്ര' എന്ന തന്റെ കവിതയിൽ ഉൻഗാരററി വിലപിക്കുന്നു.

യുദ്ധത്തിന്റെ ആഘാതംതന്നേയാണു് ജർമ്മൻസാഹിത്യകാരിയായ ഇൽസെ ഐയ്ച്ചിംഗറുടെ കൃതികളിലും കാണുന്നതു്. പ്രത്യേകിച്ചു് അവരുടെ പ്രശസ്തനോവലായ 'മഹദ്പ്രതീക്ഷ"യിൽ. യുദ്ധത്തിന്റെ വേദന മനസ്സ്ലേന്തിനടക്കുന്ന എയ്ച്ചിംഗർ ഈ നോവൽ എഴുതിത്തീർക്കാൻവേണ്ടി മെഡിക്കൽകോളേജിലെ തന്റെ പഠിത്തം അവസാനിപ്പിച്ചു. യുദ്ധം എല്ലാം താറുമാറാക്കിയിരിക്കുകയാണു്. പുതിയ ജീവിതമൂല്യങ്ങൾ ഉരുത്തിരിയേണ്ടിയിരിക്കുന്നു. ഇൽസേ എയ്ച്ചിംഗർ പറഞ്ഞു. നാം രണ്ടാമതും സംസാരിക്കുവാൻ പഠിക്കേണ്ടിയിരിക്കുന്നു. ഒരു പുതിയ ബോധവും ഒരു പുതിയ ഭാഷയും നമുക്കുണ്ടാകേണ്ടിയിരിക്കുന്നു ... ഏകാന്തതയും വ്യർത്ഥബോധവും എയ്ച്ചിംഗറുടെ കഥകളിൽ ഗ്രഹണനിഴൽ വീഴ്ത്തുന്നു.

മുപ്പത്തിയേഴാം വയസ്സിൽ ആത്മഹത്യ ചെയ്ത നഥാനിയൽ വെസ്റ്റ് നാലു് നോവലുകൾ മാത്രമേ എഴുതിയിട്ടുള്ളൂ. എങ്കിലും സമകാലീന അമേരിക്കൻ നോവലിസ്റ്റുകളിൽ വെസ്റ്റ് പ്രമുഖനാണു്. വെസ്ററിന്റെ നോവലുകളിൽ മുഴുക്കെ കയ്പ്പുരസം തളംകെട്ടിക്കിടക്കുന്നു. ദുഃഖമയമായ കൃതികൾ രചിച്ച നഥാനിയൽ വെസ്ററ്, പെസ്സിമിസത്തിന്റേയും നിഹിലിസത്തിന്റേയും വക്താവായിരുന്നു.

ഈ നൂററാണ്ടിന്റെ മൂന്നാം ദശകം പിറക്കുന്നതോടെ യൂറോപ്പിൽ ആശങ്കയുടേയും അന്തഛിദ്രത്തിന്റേയും കാലം പിറക്കുന്നു: അതിന്റെ ശബ്ദം സാഹിത്യത്തിൽ കേട്ടുതുടങ്ങുന്നു. ഫ്രാൻസിൽ കൊക്തോ, ഗ്രീസിൽ ദാസ്കാലാകിസ്, ഇംഗ്ളണ്ടിൽ ഹക്സ്ലി, ഇററലിയിൽ ഐ. സേവോ. ചെക്കോസ്ളോവാക്യയിൽ കപ്പേക്, സ്പെയിനിൽ ഒതേഗാ ഇ. ഗസ്സേത്സെ ... ചിലർ വിലപിക്കുന്നു. ചിലർ ക്ഷോഭിക്കുന്നു. വാൽട്ടർ ഹാസൻക്ളൈവറുടെ 'പുത്രൻ' എന്ന നോവലിലെ കഥാനായകൻ സ്വന്തം പിതാവിനെ കൊലചെയ്തുകൊണ്ടു് മോചനത്തിന്റെ മാർഗ്ഗം തേടുന്നു.

ഇററാലോ സേവോവിന്റെ മാസ്റ്റർപീസാണു് 'സെനോവിന്റെ ബോധം" എന്ന നോവൽ. ഇതിലെ കഥാനായകനായ സെനോകോസിനി ഒരു മാനസികരോഗിയാണു്. അയാൾക്കു സുന്ദരിയായ ഒരു കാമുകിയുണ്ടു്. പക്ഷേ, അയാൾക്കു് അവളെ സ്നേഹിക്കുവാൻ കഴിയുന്നില്ല. കാരണം അയാളുടെ കണ്ണിൽ അവൾ എച്ചുകുട്ടിയ കുറേ അവയവങ്ങളാണു്. നട്ടും ബോൾട്ടും അഴിച്ചുമാററിയാൽ കൈകാലുകളുടേയും ചെവികളുടേയും ആമാശയത്തിന്റേയും വൃക്കകളുടേയും കുടൽമാലകളുടേയും മററും ഒരു കൂമ്പാരമായിരിക്കുകയില്ലേ അവൾ? ചിതറിക്കിടക്കുന്ന ഈ അവയവങ്ങളെ എങ്ങിനെ അയാൾക്കു് സ്നേഹിക്കുവാൻ കഴിയും?

സെനോ കോസിനിയുടെ മാനസികവ്യഥ ഇരുപതാം നൂററാണ്ടിലെ മനുഷ്യന്റെ വ്യഥ തന്നേയാണു്. അയാളുടെ കാമുകിയുടെ ശാരീരികഛിദ്രം പുതിയ മനുഷ്യന്റെ ഛിദ്രത്തേയാണു് സൂചിപ്പിക്കുന്നതു്.

ലോകത്തെങ്ങുമുള്ള അന്വേഷകരേയും ക്ഷോഭിക്കുന്നവരേയും സ്വാധീനിച്ചതും തന്റെ മരണശേഷം ഇന്നും സ്വാധീനിക്കുന്നതും കാഫ്കയാണല്ലോ. "രൂപാന്തരീകരണ"ത്തിലെ ഗ്രിഗർ സംസയും "വിചാരണ"യിലെ ജോസഫ് കെ. യും ഇന്നു പുണ്ണ്യവാളന്മാരായി തീർന്നിരിക്കുകയാണു് എഴുത്തുകാരും ചിന്തകരും വായനക്കാരും



അവർക്കു് അമ്പലങ്ങൾ പണിതിരിക്കുന്നു. കമ്യൂവിനും സാർത്രിനു പോലും തങ്ങളുടെ ദാർശനിക തീർത്ഥാടനത്തിൽ വെളിച്ചം പകർന്നുകൊടുത്ത ആളാണു് കാഫ്കയ്ക്കു്. നിഷ്ഠേയുടെ ദൈവഹത്യയ്ക്കുശേഷം ഒഴിഞ്ഞുകിടന്നവിഗ്രഹങ്ങളുടെ സ്ഥാനത്തു് കാഫ്ക പ്രതീകങ്ങൾ നാട്ടുവാൻ നോക്കി. ബുദ്ധിപരമായി അനുദിനം വികാസം പ്രാപിച്ചുവരുന്ന മനുഷ്യൻ എല്ലാററിനും ഒരു വിശദീകരണം ആവശ്യപ്പെടുന്നു. അവനു് തന്റെ ചോദ്യങ്ങൾക്കു് വ്യക്തമായ ഉത്തരം ലഭിക്കണം. പക്ഷേ, അവന്റെ ചോദ്യങ്ങൾ ഉത്തരങ്ങൾ ലഭിക്കാതെ വനരോദനങ്ങളായി തീരുന്നു ഒററപ്പെട്ട പോകുകയും അപരിചിതനായിത്തീരുകയും ചെയ്യുന്ന ആധുനികമനുഷ്യന്റെ ധർമ്മസങ്കടമാണു് ഗ്രിഗർ സംസ എന്ന ഷഡ്പദത്തിൽ നാം കാണുന്നതു്. ഒരു പ്രജാത

ത്തിൽ ഷഡ്പദമായി രൂപാന്തരം കൊള്ളുന്ന സംസ്സ് പലതും പറയുവാനുണ്ട്. തന്റെ നില വ്യക്തമാക്കുവാൻ അയാൾ ശ്രമിക്കുന്നു. എന്നാൽ ഒരു കീടമായിത്തീർന്ന അയാൾക്ക് ഭാഷ നഷ്ടപ്പെട്ടിരിക്കുന്നു. ആധുനികമനുഷ്യന്റെ ഏകാന്തതയും ഭീതിയും മററാരും ഇത്രയും ഫലവത്തായി ചിത്രീകരിച്ചിട്ടില്ല. റിയലിസവും ഫാന്റസിയും കൂട്ടിയിണക്കി ഏകാന്തതയുടേയും വ്യർത്ഥതയുടേയും പളുങ്കു ഗോപുരങ്ങൾ പണിയുകയാണ് കാഫ്ക ചെയ്തത്.

കാഫ്കയുടെ കൃതികളിലെ ഭീകരത അൽബേർ കമ്യുവിൽ കാണുന്നില്ല. ജീവിതം സുന്ദരമാണ്. ലോകം മനോഹരമാണ്: ഹേമന്തവെയിൽ വീണുകിടക്കുന്ന മെഡിററേറനിയൻ കടൽത്തീരം പോലെ വെയിലുള്ള ദിവസങ്ങളിൽ ബിക്കിനിയിട്ട പെൺകുട്ടികളോടൊന്നിച്ച് കടലിൽ കളിക്കാം... പക്ഷേ, അതിനുമുമ്പ് തന്റെ അസ്തിത്വത്തെ കുറിച്ചുള്ള ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കണം. ഇവിടെ കമ്യുവിന്റെ അനുഭവം കഫ്കയുടേതിൽ നിന്ന് ഒട്ടും വ്യത്യസ്തമല്ല. ഫലം, വിരാൻഡല്ലോയുടെ മസ്സാർവോയേയും സാർത്രിന്റെ റോക്കൻ തേനേയും വലയം ചെയ്യുന്ന അതേ വ്യർത്ഥബോധം കമ്യുവിന്റെ മേർസ്സോവിലും സന്നിവേശിക്കുന്നു. കഫ്ക ചെയ്തിട്ടില്ലാത്തതുപോലെ കമ്യു ക്ഷോഭിക്കുന്നു. വ്യർത്ഥബോധത്താൽ അന്ധനായിത്തീർന്ന കമ്യു ലോകത്തോട് യുദ്ധം പ്രഖ്യാപിക്കുന്നു. പക്ഷേ, ഈ യുദ്ധവും വ്യർത്ഥമാണ്. കാരണം കുന്നിൻമുകളിലേയ്ക്ക് പാറക്കല്ല് തള്ളിക്കയറുന്ന സിസിഫസ് ലക്ഷ്യം പ്രാപിക്കുകയില്ല.

ലോകത്തിൽ മനുഷ്യനുള്ള സ്ഥാനത്തിന്, അവന്റെ ജന്മത്തിന്, ഒരു ന്യായീകരണം കണ്ടെത്തിയേ തീരൂ. ഈ ന്യായീകരണത്തിന്റെ അഭാവം നമ്മെ ലോകത്തിൽനിന്നകററുന്നു. നമ്മെ ഒററപ്പെടുത്തുന്നു. നമ്മുടെ ജീവിതം വ്യർത്ഥമാക്കുന്നു. "സിസിഫസ്" പുരാണ'ത്തിൽ കമ്യു പറയുന്നു: 'മനുഷ്യനും ലോകത്തിനും ഇടയിലുള്ള, നടനും സ്റ്റേയ്ജിനും ഇടയിലുള്ള, ഈ വിടവിൽ നിന്നാണ് യഥാർത്ഥ വ്യർത്ഥബോധം ഉത്ഭവിക്കുന്നത്."

കാഫ്ക തുടങ്ങിവെച്ച, കമ്യു അപൂർണ്ണമായവസാനിപ്പിച്ച, ദർശനത്തെ ഒരു സമ്പൂർണ്ണ തത്വശാസ്ത്രമാക്കി മാററിയത് ഷാൽ–പോൽ സാർത്രാണ്.

ജീവിതം അതിന്റെ പൂർണ്ണതയിൽ മനുഷ്യന് നിഷേധിയ്ക്കപ്പെട്ടിരിയ്ക്കുകയാണ്, അതേസമയം ഈ ലോകത്തിൽ ജീവിയ്ക്കുവാൻവേണ്ടി വിധിയ്ക്കപ്പെട്ടവനാണവൻ. "റോമിയോവും ഷനേത്തും" എന്ന നാടകത്തിൽ അതിന്റെ കർത്താവായ അനൂയി പറയുന്നു. "ഈ ഭീകരതയും ഈ വ്യർത്ഥചേഷ്ടകളും അപഹാസ്യകരമായ ഈ സാഹസികതയും എല്ലാം നമുക്കുവേണ്ടിയുള്ളതാണ്. ഇതെല്ലാം നമ്മൾ അനുഭവിച്ചേ തീരൂ."

സാർത്രിന്റെ "നോസിയ" എന്ന ആദ്യകാല നോവലിലെ കഥാനായകൻ റോക്കൻതേൻ ആധുനികമനുഷ്യന്റെ ദാർശനിക വ്യഥയെ പ്രതിഫലിപ്പിയ്ക്കുന്നു. ജീവിതത്തെക്കുറിച്ചുള്ള എല്ലാ മിഥ്യാബോധങ്ങളും നഷ്ടപ്പെട്ടുന്ന മനുഷ്യൻ മാനസികമായി നഗ്നനായിത്തീരുന്നു. അയാളുടെ ഉള്ളിൽ ശൂന്യതയല്ലാതെ മറെറാന്നുമില്ല: സാർത്രിന്റെ മറെറാരു കഥാപാത്രം പറയുന്നു. "വെളിയിൽ, എല്ലാം വെളിയിലാണ്. പാതവക്കിലെ മരങ്ങളും രാവിൽ റോസ്നിറം കൊള്ളുന്ന വീടുകളും എന്റെ തലയ്ക്കുമുകളിലെ ഹെൻറി നാലാമന്റെ കുതിരകളും എല്ലാം ... എനിയ്ക്കുള്ളിൽ ഒന്നുമില്ല. ഒരു പൂക്കപോലും" സ്വന്തം നിലനില്പിന്റെ അർത്ഥശൂന്യതയെ മുഖംമൂടികൾകൊണ്ട് മൂടുന്നവരെ സാർത്ര് പരിഹസിക്കുന്നു.

കമ്യുവിനെപോലെ ജീവിതത്തിന് നേരെ ഒരു സഹനസമീപനമല്ല സാർത്ര് സ്വീകരിക്കുന്നത്. ഈ ലോകത്തിൽ നമ്മൾ ഒന്നുമില്ല. നമ്മൾ ഒന്നുമല്ലെങ്കിൽ, സ്വമേധയാ എന്തെങ്കിലും ആയിത്തീരണം. കർമ്മം മാത്രമാണ് വ്യർത്ഥബോധത്തിൽനിന്നുള്ള മോചനമാർഗ്ഗം. കർമ്മനിർവ്വഹണത്തിലൂടെ മനുഷ്യന് തന്റെ അസ്തിത്വത്തിന് ഒരു ന്യായീകരണം നല്കാൻ കഴിയുമെന്ന് 'ഈച്ച'കളിലെ നായകൻ ഓറസ്റ്റ് വ്യക്തമാക്കുന്നു. "സ്വാതന്ത്ര്യത്തിന്റെ പാഥ" എന്ന ബൃഹദ് നോവലിലെ കഥാനായകനും. കമ്യുവിന്റെ നിഷ്ക്രിയത്വത്തെ അദ്ദേഹം ആക്രമിക്കുന്നു.

ദന്തൂൻസിയോ മുതൽ കമ്യുവരെയുള്ള



എഴുത്തുകാരുടെ സൃഷ്ടിയായ ഏകാന്തതയിൽനിന്നും വ്യർത്ഥബോധത്തിൽനിന്നും മോചനം ലഭിക്കുവാൻ സാർത്ര് ചൂണ്ടിക്കാണിക്കുന്ന കർമ്മപഥം രാഷ്ട്രീയാർപ്പണമാണ്. (Political commitment) അതുകൊണ്ടല്ലേ അദ്ദേഹം ലാററിനമേരിക്കൻ സായുധ വിപ്ളവങ്ങളുടെ വക്താവായത്? റെഷീസ് ദെബ്രേയുടെ സംരക്ഷകനായതും?

ചില നിമിഷങ്ങളിൽ അപ്രതീക്ഷിതമായി ഭീകരമായൊരു വ്യർത്ഥബോധം ഗ്രീക്ക് സാഹിത്യകാരനായ നിക്കോസ് കാസൻറ്സാക്കിസിനെ വാളുകൊണ്ടെന്നപോലെ പിളർക്കുന്നു. പക്ഷേ, ആ നിമിഷങ്ങളിൽ അദ്ദേഹം വിലപിക്കുകയോ പിന്തിരിഞ്ഞോട്ടുകയോ ചെയ്യുന്നില്ല. "ആ നിമിഷങ്ങളിൽ കർമ്മത്തിന്റെ ചക്രത്തിൽ ബന്ധിതനാണ് ഞാനെന്ന ബോധം എന്നിൽ ഉണരുന്നു. അപ്പോൾ ലോകം മുഴുവൻ എനിക്കു ചുററും പ്രദക്ഷിണം ചെയ്യുന്നു." (ASKITIKI, PP. 47-48.) ജീവിതം അസംബന്ധമാണെന്ന ബോധം കാസൻറ്സാക്കിസിനെ ജീവിതത്തിലേക്കു ഊളിയിട്ടുപോകാനാണ് പ്രേരിപ്പിക്കുന്നത്. അർത്ഥരഹിതമായ ഈ ലോകത്തിൽ തടവുകാരനായിക്കിടക്കുന്ന ആലംബഹീനനായ മനുഷ്യൻ ഇതേ ലോകത്തിൽ തന്നെ തലയുയർത്തി നടക്കണം. മരിക്കുവാൻ വിധിയ്ക്കപ്പെട്ട മനുഷ്യനെ സംബന്ധിച്ചിടത്തോളം ദൈവത്തിനു യാതൊരു പ്രാധാന്യവുമില്ല. മനുഷ്യനു നൽകാൻ കഴിയുന്ന ഏററവും വലിയ ശിക്ഷ ദൈവം അവന് നൽകിയിരിക്കുന്നു— മരണം. അവസാനനിമിഷം ആസന്നമാകുമ്പോൾ തലയുയർത്തിപ്പിടിച്ച് മരണത്തെ കൈ നീട്ടി സ്വീകരിയ്ക്കുന്നവരാണ് കാൻറ്സാക്കിസിന്റെ കഥാനായകന്മാർ (മണോലിയോസ്, യൂലിസ്സസ് ...)

ജീവിതമെന്ന ഗോർഡിയൻ കുരുക്കഴിയ്ക്കുവാൻ യുഗങ്ങളായി നമ്മൾ ശ്രമിച്ചുവരുന്നു. ഈ പ്രയത്നത്തിനിടയിൽ തത്വദർശനങ്ങളെ ഒന്നൊന്നായി നമ്മൾ സ്വീകരിയ്ക്കുകയും ഉപേക്ഷിക്കുകയും ചെയ്തിരിക്കുന്നു. ഏതു് വഴിയാണ് ശരി? ഏതു് വഴിയാണ് തെററ്? നമുക്കറിയില്ല ഈ വേദനാപൂർണ്ണമായ ചിന്താക്കുഴപ്പത്തിന്റെ പ്രതീകംകൂടിയാണ് ഈ നൂററാണ്ടിലെ ഏററവും വലിയ നോവലിസ്റ്റുകളിൽ ഒരാൾ എന്നറിയപ്പെടുന്ന നിക്കോസ് കാസൻറ്സാക്കിസ്. ആദ്യകാലത്തു് അദ്ദേഹം ഒരു നിയോ—നീഷിയൻ നാഷനലിസ്റ്റായിരുന്നു. പുരാതന ഗ്രീസിന്റെ നാഡികളിൽ യുവരക്തം തള്ളിക്കയറുന്നതും ഗ്രീസ് ഉയിർത്തെഴുന്നേല്ക്കുന്നതും അദ്ദേഹം സ്വപ്നം കണ്ടു. പിന്നീട് നാഷനലിസവും ജന്മനാടായ ഗ്രീസും ഉപേക്ഷിച്ച് കമ്യൂണിസത്തേയും റഷ്യയേയും അദ്ദേഹം ആശ്ളേഷിയ്ക്കുന്നതാണ് നമ്മൾ കാണുന്നത്. അവിടേയും അദ്ദേഹം ഉറച്ചുനില്ക്കുന്നില്ല. രാഷ്ട്രീയക്കാരുടെ കുബുദ്ധിയും ഹിപ്പോക്രസിയും അദ്ദേഹത്തിന്റെ മനം മടുപ്പിക്കുന്നു. പിന്നീട് നമ്മൾ കാസൻറ്സാക്കിസിനെ കാണുന്നത് ഒരു ബുദ്ധിസ്റ്റായിട്ടാണ്. എല്ലാ ഐഹിക ബന്ധങ്ങളും ഛേദിച്ച്, ബൗദ്ധസൂക്തങ്ങൾ ഉരുവിട്ടുകൊണ്ട് അദ്ദേഹം ജീവിയ്ക്കുന്നു. പക്ഷേ, ഒന്നാം ലോകമഹായുദ്ധത്തെ തുടർന്നുണ്ടായ പട്ടിണിയും യാതനയും കണ്ട് സഹിയാതെ അദ്ദേഹം ബുദ്ധദേവനെ ഉപേക്ഷിച്ച് വീണ്ടും ഭൂമിയിൽ ഇറങ്ങിവരുന്നു. പിന്നീടദ്ദേഹം ക്രൈസ്തവ മതത്തേയും കമ്യൂണിസത്തേയും സംയോജിപ്പിക്കുവാൻ ശ്രമിക്കുന്നു. ഇതിന്റെ ഫലമായ "ഗ്രീക് പേഷൻ" എന്ന തന്റെ നോവലിൽ യേശുദേവനെ അദ്ദേഹം ഒരു ബോൾഷെവിക്കായി ചിത്രീകരിയ്ക്കുന്നു... 1957–ൽ മരിയ്ക്കുന്നതുവരെ കാസൻറ്സാക്കിസ് തന്റെ വ്യർത്ഥമായ ഈ യാത്ര തുടർന്നു...

കാസൻറ്സാക്കിസിനെപോലെ തന്നെ ജീവിതം സ്വീകാര്യമാണ് ഹെർമൻ ബ്രോഷിന്. ജീവിതത്തെക്കുറിച്ച് യാതൊരു പ്രതീക്ഷയും വെച്ചുപുലർത്താതെ തന്നെ അസ്തിത്വത്തിന്റെ ശക്തികൾക്ക് ബ്രോഷ് അടിമയാകുന്നു. ജീവിതത്തെ നിഷേധിക്കുമ്പോൾ മനുഷ്യന്റെ യാതനയേറുകയേയുള്ളു. അപ്പോൾ എന്തുകൊണ്ട് നിഷേധിയ്ക്കുന്നതിനു പകരം സ്വീകരിച്ചുകൂടാ?

ഊഗോ ബെററിയുടേയും ദിയേഗാ ഫാബ്രിയുടേയും നാടകങ്ങൾ വ്യർത്ഥബോധത്തിന്റെ ആത്മീയവശം അനാവരണം ചെയ്യുന്നു. ഈ വ്യർത്ഥബോധം ദൈവത്തിന്റെ സംഭാവനയാണ്. ബെററിയു

ടെ ഒരു നാടകത്തിൽ (LA FUGGITIVA) ദൈവം കഥാനായികയോട് പറയുന്നു. "ഇതാ, നിനക്ക് ചിന്തിയ്ക്കുവാനുള്ള ചിന്തകൾ. ഇതാ, നിന്റേതായിത്തീരാനുള്ള നിന്റെ ആഗ്രഹങ്ങൾ, നിന്റെ ചേഷ്ടകൾ, നിന്റെ നോട്ടങ്ങൾ, നിന്റെ മാറിലെ വിയർപ്പ്, നിന്റെ മുലകളിലെ പാൽ..." എല്ലാം ദൈവം തീരുമാനിക്കുന്നു. ദൈവം നൽകുന്നു.

സാമുവൽ ബെക്കററിന്റെ കൃതികളിൽ വ്യർത്ഥബോധം നിഷ്ക്രിയത്വവും മൗനവുമായി ചുരുങ്ങുകയാണ് ചെയ്യുന്നത്. എല്ലാം വ്യർത്ഥമാണ്. എല്ലാം ശൂന്യമാണ് അതുകൊണ്ട് നമുക്കൊന്നും പറയുവാനില്ല. ചെയ്യുവാനില്ല. ഇയോനെസ്കോവിനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ അഥവാ നമുക്കു വല്ലതും പറയുവാനുണ്ടെങ്കിൽതന്നെ എങ്ങിനെ അതു് പറയും? ഭാഷ സംവേദനക്ഷമമല്ലാതായി തീർന്നിരിക്കുന്നു. ഇയോനസ്കോവിന്റെനാടകങ്ങൾസ്റ്റേയിജിൽ കാണുമ്പോൾ മനുഷ്യരല്ല മനുഷ്യരൂപം ധരിച്ച പാവകളാണ് അവയിലെ കഥാപാത്രങ്ങൾ എന്ന് തോന്നിപ്പോകും. രണ്ടു മനുഷ്യർ പരസ്പരം സംസാരിയ്ക്കുമ്പോൾ അവരുടെ സംസാരം വ്യർത്ഥമായ ഒരു മർമ്മരമായാണ് ഇയോനെസ്കോവിനു് തോന്നുന്നത്...

വ്യർത്ഥബോധത്തിൽനിന്നും ഒററപ്പെടലിൽനിന്നുമുണ്ടായ ദാർശനിക വ്യഥ ഈ നൂററാണ്ടിന്റെ മുഖമുദ്രയാണ്. ഈ നൂററാണ്ടിലെ മഹത്തായ സാഹിത്യകാരന്മാരെല്ലാം തന്നെ ഈ പീഡനത്തിനു് ഇരയായിരിക്കുന്നു. ഒരു കാഫ്കയും ഒരു കമ്യൂവും മാത്രമല്ല ഈ പീഡനത്തിന്റെ ബലിയാടുകൾ. അറിയപ്പെടാത്ത നാടുകളിലെ അറിയപ്പെടാത്ത ഭാഷകളിലെഴുതുന്ന എത്രയോ എഴുത്തുകാർ ഈ വ്യഥ അനുഭവിക്കുന്നു. ഈ വ്യഥ രാജ്യങ്ങളുടെ അതിരുകൾ മായ്ച്ചു കളയുന്നു. ചിലർ അതു് കൈനീട്ടി വാങ്ങുന്നു. ചിലർ പിന്തിരിഞ്ഞോടുന്നു. ചിലർ മുന്നോട്ടു പോകുന്നു.

ശൂന്യാകാശത്തിലെ ഒരു സൂചിമുനക്കത്താമ, ഭൂമിക്കു മുകളിലെ ഒരു ചാന്ദ്രപൊട്ടായ, ഈ കേരളത്തിലെ നമ്മൾ ഏതുവഴി സ്വീകരിയ്ക്കും?

(തുടരും)

...*...



## കഥ

# ശിക്ഷ

ശ്രീവരാഹം ബാലകൃഷ്ണൻ

മുഖമടച്ചുകിട്ടിയ ആദ്യത്തെ അടിക്കു തന്നെ ഞാൻ നിലംപൊത്തി.

അടിയുടെ ആകസ്മികതയെക്കാളേറെ അതുൾക്കൊണ്ട ഉച്ചണ്ഡമായ ഊക്കാണ് എന്നെ വീഴ്ത്തിയതു്. വീഴ്ചയുടെ വിഭ്രാന്തവിനാഴികകളിൽപോലും, ആയിരം വിരലുകളുള്ള ഒരു കൈപ്പത്തിയാണ് എന്റെമേൽ ആഞ്ഞുവീണതെന്നു വിസ്മയകരമായ വസ്തുത എന്നെ വിഭ്രമിപ്പിച്ചു.

മനുഷ്യാതീതമായ, മാരകമായ കരുത്തുണ്ടായിരുന്നു ആ ഉരുക്കു മുഷ്ടിക്ക്.

എന്റെ ബോധമണ്ഡലമാകെ ചിന്നിച്ചിതറി കതറിമറിഞ്ഞു. കാലത്രയത്തിന്റെ താളക്രമം മുറിഞ്ഞു. വിഭ്രാന്തിയുടെ എത്രയോ രൗദ്രമദ്ധ്യാഹ്നങ്ങൾ എന്റെയുള്ളിൽ കത്തിപ്പടർന്നു. ഒടുവിൽ, ഏതോ ഒരു വ്യഥിതസന്ധ്യയുടെ മൗനസന്ധിയിൽ ഞാൻ ഞെട്ടിയുണർന്നു.

എന്റെ കൺപീലികൾ വിടർന്നുവിടർന്നുവന്നു. ഞാൻ മേലേയ്ക്കു കൺമിഴിച്ചു.

കനത്ത കരിമതിലുകളായിരുന്നു ചുററും. ആ കറുത്തചുവരുകൾക്കുള്ളിൻ ഒരു വെളിച്ചബിന്ദുവിനുവേണ്ടി ഞാൻ വ്യർത്ഥമായി തെരഞ്ഞു.

എന്റെ കണ്ണിലെ മാൻകുട്ടികൾ ഇരുട്ടിന്റെ കരിനാമ്പുകളും ഇളം തളിരുകളും കടിച്ചുമുറിച്ചുകൊണ്ട് കതറി മണ്ടാൻതുടങ്ങി. അതോടെ, ഇഴകിപ്പിടിച്ചുനിന്ന ഇരുട്ട് അന്യമല്ലാതായി. വെളിച്ചം കണ്ണുകളിലേക്കിറങ്ങിവന്നു.

ആ വിരണ്ടവെളിച്ചത്തിൽ മുറിയാകെ വീക്ഷിച്ചു.

വൃത്താകൃതിയിലുള്ളതായിരുന്നു ആ അറ. അറയ്ക്കു ചുററും കറുകറുത്ത മറ. മറയെ കണ്ണിൽനിന്നും മറച്ചുകൊണ്ടു, എന്നെച്ചുററി കുറേ രൂപങ്ങൾ.

അറയുടെ മദ്ധ്യത്തിലുള്ള വൃത്തശിലയിൽ കിടന്നുകൊണ്ട്, കണ്ണുകൾ തുറിച്ച് ചുററുമുള്ള രൂപങ്ങളിലേക്കു തറച്ചു നോക്കി.

തൂവെള്ളവേഷമായിരുന്നു അവരുടേതു്. കാലുമുതൽ കണ്ഠംവരെ തൂവലുകൾ തുന്നിച്ചേർത്ത ധവളവസ്ത്രമാണവർ ധരിച്ചിരുന്നതു്. ഓരോ നീളൻതൂവൽ ശിരസ്സിലും അവരണിഞ്ഞിരുന്നു.

തുഷാരമനോഹരമായ തൂവലുകളിൽനിന്നും തുളിവീണ വെളിച്ചപ്പാളിയിൽ, അവരുടെ മുഖങ്ങൾ ഏതോ വൃദ്ധദൈവത്തിന്റേതുപോലെ പ്രശാന്തമോ വികാരരഹിതമോ ആയിരുന്നു.

അവർ മനുഷ്യരല്ല, മാലാഖമാരായിരിക്കുമെന്നു തോന്നിച്ചു.

കരാളഭീകരമായ കരിങ്കൽച്ചുവരുകളുടെ പശ്ചാത്തലം അവരുടെ മാലാഖത്വം

ർദ്ധിപ്പിച്ചതേയുള്ളു.

മാലാഖമാരുടെ മദ്ധ്യത്തിൽ ഒരു മരപ്പാവപോലെ നിർവീര്യനായി ഞാൻ കിടന്നു.

ആ അറയിൽ തളച്ചിടപ്പെട്ട അസ്വാഭാവികമായ മൗനം എന്നെ അസ്വസ്ഥനാക്കി. ഉരിയാടാനുള്ള ഉദ്വേഗത്താൽ ഉള്ളു പിടഞ്ഞു. പിടയുന്ന മനസ്സിൻെറ തുടികൊട്ടുകളെ അവഗണിച്ചുകൊണ്ടു് ഞാൻ മിഴികളടയ്ത്തി.

പൊട്ടുന്നനെ, വിചിത്രമായൊരു സങ്കല്പം എന്നിൽ വിരിഞ്ഞുവന്നു. വൃത്താകാരത്തിൽ എന്നെ ചുഴ്ന്നുനിന്ന വൃദ്ധരൂപങ്ങൾ, ഇരുട്ടിൽ വിടരുന്ന ഏതോ ഭീമാകാരപുഷ്പത്തിൻെറ ദളങ്ങളാണെന്നു് എനിക്കുതോന്നി. ആ ദളങ്ങൾ മലർന്നമലർന്നു പിന്നിലേക്കു മറിഞ്ഞുവീണെങ്കിൽ എന്നു് വെറുതേ ആശിച്ചു.

ആ ആഗ്രഹത്തിൻെറ ബാലിശതമോർത്തപ്പോൾ ചിരിപൊട്ടി. എൻെറ കറുത്തചുണ്ടുകളിൽ ചിരി ഒരു കിളിക്കുഞ്ഞിനെപ്പോൽ ചിറകടിച്ചു.

അപ്പോൾ, ആ രൂപങ്ങളിൽ നേരിയ ചലനമുണ്ടായി അവർ കൈകളയത്തി വിലക്കുകയാണെന്നെനിക്കു മനസ്സിലായി. കിളി ചിറകറുവീണു.

പെട്ടെന്നു്, മച്ചിൻെറ അദൃശ്യതയിലെങ്ങോനിന്നും അരുളപ്പാടുണ്ടായി. അശരീരിപോലെ ആ അക്ഷരങ്ങൾ പൊഴിഞ്ഞുവീണു് എന്നെ പാദാദികേശം പൊതിഞ്ഞു.

"അജ്ഞാനിയായ അഹങ്കാരീ! പരമവ്യോമത്തിൽ വാണരുളുന്ന പരംപൊരുൾ നിൻെറ ദുർവ്വിധിയോർത്തു ദുഃഖിക്കുന്നു. നിൻെറ പാപം പാരാവാരംപോലെ അളവററതത്രെ. തിരുവചനങ്ങളെ ധിക്കരിച്ച നിഷേധിയാണു നീ. എങ്കിലും കററബോധത്തിൻെറ ഇററുവെളിച്ചം ഈ കററാക്കററിരുട്ടിൽ നിനക്കു നേർവഴിയരുളും. ആ വെളിച്ചം പാപമുക്തിയുടെ പാവിഴത്തുരുത്തിലേക്കു നിന്നെ നയിക്കട്ടെ."

അരുളപ്പാടവസാനിച്ചപ്പോൾ അറയാകെ വീണ്ടും മൗനത്തിലേക്കു വീണു.

ആ ഘനശ്യാമമൗനത്തിലേക്കു മിഴിച്ചുനോക്കിക്കിടക്കവെ, അനിവാര്യമെങ്കിലും അർത്ഥശൂന്യമായ ആ ശയനത്തിൻെറ മൗഢ്യംനിനച്ചു് പൊട്ടിച്ചിരിക്കാൻ തോന്നി.

ചിരിയുടെ കരുവികൾ ചിറകടിച്ചു് ചിതറിപ്പരക്കാൻ തുടങ്ങിയപ്പോൾ, മാലാഖമാർ കൈയും കലാശവുംകാട്ടി, ഒരു വിചിത്രനൃത്തത്തിലെന്നപോലെ, എന്നെ വിലക്കി. അവരുടെ ചുണ്ടുകൾ എന്തോ ഉതിർത്തു. അക്ഷരങ്ങൾ ഇറുന്നുവീണു് പദങ്ങളായുരുണ്ടുകൂടി.

"ഈ വിശുദ്ധാന്തരീക്ഷത്തെ കളങ്കപ്പെടുത്തരുതു മകനെ. കരുണാമയനായ ദൈവത്തിൻെറ തിരുസന്നിധിയിൽ നിൻെറ കണ്ണീരരുവികളൊഴുകട്ടെ കദനഗീതികളുയരട്ടെ. ആത്മതാപത്തിൻെറ അഗ്നിജ്വാലയിലുരുക്കിയുരുക്കി അഹന്തയുടെ ജഡമോഹങ്ങളെ നീ ഹോമിച്ചാലും. മോക്ഷത്തിൻെറ മോഹനകവാടം നിനക്കായി തുറന്നുവച്ചിരിക്കുന്നു."

മാന്ത്രോച്ചാരണങ്ങൾപോലെ, മാലാഖമാരുടെ നിമന്ത്രണങ്ങൾ അടന്നുവീണുകൊണ്ടിരുന്നു. തമോമയമായ ആ അറയിൽ തളർന്നുകിടന്നു്, വർഷാതപംപോലെ പതിച്ചുകൊണ്ടിരുന്ന മന്ത്രാക്ഷരങ്ങളുടെ അർത്ഥധ്വനികൾക്കായി ഞാനലന്നു

(തുടർന്നു പേജ് 49-ൽ)


വായിച്ചറിവുനേടുക!
വായനാശീലം വളർത്തുക!!

നിരക്ഷരർക്കായി P T C യുടെ സംഭാവന S S L C, MATRIC, P D C, B A, M A, തുടങ്ങി നിരവധി കോഴ്സുകൾ

അക്ഷരമാലമുതൽ സ്വഗൃഹത്തിലിരുന്നു പഠിക്കാം. ഇംഗ്ളീഷ് പഠിക്കാൻ പ്രത്യേകം സംവിധാനം. പഠിപ്പും, പ്രായവും കാണിച്ചു് അപേക്ഷിക്കുക.

**P.T. College**

Manacaud, TRIVANDRUM-9,
Phone 3237





## ചലച്ചിത്ര സാഹിത്യവിദ്യാർത്ഥികളേ, ശ്രദ്ധിക്കൂ!

ആധുനിക സിനിമയുടെ വളർച്ചയും വികാസവും ഇന്ത്യൻ ചലച്ചിത്രവേദിയിൽ ഒരു നവോത്ഥാനത്തിൻെറ പാത വെട്ടിത്തെളിക്കുമോ?

ഇന്ത്യൻ ചലച്ചിത്രവേദിയിലെ പ്രശസ്തരായ സംവിധായകർ ഈ ചോദ്യത്തിനു് സമഗ്രമായ മറുപടി പറയുന്നു:

സത്യജിത്റേ, ഋത്വിക് ഘട്ടക്, ഗിരീഷ് കർണാട്, മണികൗൾ, കുമാർ സാഹ്നി, കെ. റാത്തോഡ്, രാജ് മാർബ്രോസ്, ശ്യാം ബനിഗൽ, ബാസു ചാററർജി, എസ്. സുഖ്ദേവ്, സി: ദാസ്ഗുപ്ത, എം: എസ്. സത്യു, ബാസു ഭട്ടാചാര്യ, രാജേന്ദ്ര സിംഗ് ബേദി, പി. എൻ. മേനോൻ, അടൂർ ഗോപാലകൃഷ്ണൻ, എം. ടി. വാസുദേവൻ നായർ, അരവിന്ദൻ, കെ. പി. കുമാരൻ.

മലയാളനാടിനുവേണ്ടി പ്രത്യേകമായി നടത്തിയ അഭിമുഖസംഭാഷണങ്ങളിൽനിന്നും രൂപപ്പെടുത്തിയ ലേഖന പരമ്പര.

1975 ജൂൺ ആദ്യവാരം മുതൽ മലയാളനാടിൽ പ്രസിദ്ധീകരിച്ചു തുടങ്ങുന്നു.

നിങ്ങളുടെ കോപ്പികൾ സുനിശ്ചിതമാക്കുക:

# പതിനാലു്

വാസുവിൻെറ കണ്ണുകൾ അവളുടെ ചന്തിയിൽ പരതിനിന്നു. വെറും ഒരു തോർത്തുമുണ്ടാണു് ഉടുത്തിരിക്കുന്നതു്. അതിനടിയിൽ നല്ല ഉരുണ്ട വടിവൊത്തകാലുകൾ തെളിഞ്ഞു കാണാം.

"ആരാടീ?" അച്ഛൻെറ ചോദ്യം

"ആ...അറിഞ്ഞൂടാ"

"എന്നാൽ നിക്കാൻ പറ."

കതകിൻെറ സാക്ഷ നീങ്ങുന്ന ശബ്ദം.

കതകു തുറന്നു് വാസുവിൻെറച്ഛൻ പുറത്തേക്കെത്തിനോക്കുന്നു.

ആഗതരെ കണ്ടപ്പോൾ അപ്രിയവും അത്ഭുതവും മാറിമാറി മുഖത്തു് തെളിയുന്നു.

"നിങ്ങളെപ്പം വന്നു?" പെട്ടെന്നുണ്ടായ സംഭ്രമം ഒന്നടങ്ങിയപ്പോൾ അയാൾ പറയുന്നു "ഇങ്ങകത്തു കേറി വരിൻ."

അവരകത്തേക്കു കടക്കുമ്പോൾ ജാനു തിരിച്ചുപോയി.

അവരുടെ വരവും വാസുവിൻെറച്ഛനു് ഒട്ടും ഇഷ്ടപ്പെട്ടില്ല. അയാൾ തിരക്കി.

"ഇത്ര കാലത്തെ ഏതു ബസ്സിനുവന്നു."

"ഇന്നലെ രാത്രീ വന്നതാ." കുഞ്ചനമ്മാവൻ പറഞ്ഞു.

"ഇത്ര അത്യാവശ്യം" തിളച്ചുപൊങ്ങുന്ന ദേഷ്യം അടക്കിക്കൊണ്ടുള്ള ചോദ്യം.

"അമ്മ പറഞ്ഞയച്ചതാ." വാസു വിശദമാക്കി. "കൊറച്ചു നാളായിട്ടു് എഴുത്തൊന്നും കാണാത്തതുകൊണ്ടു്."

"എനിക്കിവിടെ എഴുത്തെഴുതലുമാത്രമായിരിക്കും ജോലി...എന്നാ നിങ്ങൾക്കു് വരും മുമ്പേ ഒരു കാർഡെങ്കിലും എഴുതി ഇടരുതായിരുന്നോ"

'ഓ ..എന്തിനാണു് വിചാരിച്ചു." കുഞ്ചനമ്മാവൻ പറഞ്ഞു.

"അവൾക്കഹമ്മതിയാ:" അത്രേ ഒള്ളു... ഇല്ലെങ്കിൽ നിങ്ങളെ ഇപ്പം ഇങ്ങോട്ടു് തള്ളിപ്പറഞ്ഞയക്കണ്ട കാര്യം വല്ലതുമുണ്ടായിരുന്നോ...അതിരിക്കട്ടെ ഇന്നലെ വൈകിട്ടു് വന്നെങ്കിൽ ഇത്രവരെ എവിടായിരുന്നു?"

"കവലയ്ക്കൊരു കടേല്യ്."." കുഞ്ചനമ്മാവൻ പറഞ്ഞു.

കൊള്ളാം! വല്ല ആവശ്യവുമൊള്ള കാര്യമാന്നോ . കൊറച്ചു ദെവസമായിട്ടു് എഴുത്തു കാണാത്തപ്പം ഞാൻ ചത്തുപോയെന്നു് കരുതിയോ?"

"ഫീസുകൊടുക്കാൻ രൂപയും വേണമായിരുന്നു." വാസു വന്ന കാര്യം വ്യക്തമാക്കി.

ഫീസുകൊടുക്കണമെന്നു് എനിക്കറിയാൻ വയ്യാത്തപോലെ...അവളും ആളെ അയച്ചിട്ടല്ലേ ഇതിനു മുമ്പൊക്കെ രൂപ അയച്ചോണ്ടിരുന്നതു്! അപ്പോ അതൊന്നുമല്ല...അഹങ്കാരം! ...അതിരിക്കട്ടെ ഇവനെ എന്തിനാ കൊണ്ടുവന്നേ? ഇവനു് പള്ളിക്കൂടത്തിലൊന്നും പോവണ്ടയോ? ഇ

ങ്ങനെ തെണ്ടിനടന്നാൽ മതിയോ...അല്ലെങ്കിൽ എന്തിനാ പള്ളിക്കൂടത്തിൽ പോകുന്നേ...തലക്കാത്തു് വല്ലതുമുണ്ടെങ്കിൽ മതിയല്ലോ. തള്ള പറഞ്ഞുകാണും പോകാൻ. അതു കേൾക്കാത്ത താമസം അവനെറങ്ങി തിരിക്കാൻ . പിന്നെ കാലത്തെ നിങ്ങളു് വല്ലോം കഴിച്ചോ?"

കഴിക്കുന്നു! എന്തെങ്കിലുമെടുത്തു് ആ തലയ്ക്കിരടി കൊടുക്കാനാണു് വാസുവിനു് തോന്നിയതു്.

"ഇല്ല: പതുക്കെ മതി' കുഞ്ചനമ്മാവൻ പറഞ്ഞു.

"നീയൊരു കാര്യം ചെയ്യ്. മുററത്തോട്ടെറങ്ങിനിന്നു് ആ പെണ്ണിനെ ഒന്നു വിളി." തന്ത വാസുവിനോടു പറയുന്നു.

അവൻ മുററത്തിറങ്ങി വടക്കോട്ടു് നോക്കിനിന്നു: എന്താണു് വിളിക്കേണ്ടതു്?... അങ്ങോട്ടു ചെന്നു് വിളിച്ചാലോ?

ദൈവാധീനത്തിനു് അന്നേരം ആ പെണ്ണു് പുറത്തെ തിണ്ണയിലേക്കു് ഇറങ്ങിവരുന്നുണ്ടായിരുന്നു:

"ഇങ്ങോട്ടൊന്നു വരാൻ" വാസു വിളിച്ചുപറഞ്ഞു.

അവൾ ഇറമ്പത്തുനിന്നും മുററത്തേക്കിറങ്ങി സൂക്ഷിച്ചുനോക്കി.

വാസു കൈകാണിച്ചു് വിളിച്ചു,

അവൾ ഇടുപ്പിൽ കുത്തിയിരുന്ന മുണ്ടിൻെറ കോന്തല അഴിച്ചിട്ടിട്ടു് ഓടിവന്നു.

"അച്ഛൻ വിളിക്കുന്നു" അവൾ അടുത്തു വന്നപ്പോൾ അവൻ പറഞ്ഞു.

"അപ്പം ഈ അമ്മാവൻെറ മോനാണോ?" അവൾ ഔത്സുക്യത്തോടെ ചോദിക്കുന്നു.

"ഉം" അവൻ മൂളി.

അവൾ അകത്തേക്കു് ഓടിക്കയറി;

"ഇച്ചിരി കാപ്പി ഇട്ടോണ്ടുവാ മോളെ..ഇതെൻെറ മോനാ...മഹാ മണ്ടനാ...നിന്നെപ്പോലൊന്നുമല്ല..." വാതിക്കൽ നിന്നിരുന്ന വാസുവിനെ തന്ത പെണ്ണിനു് പരിചയപ്പെടുത്തി കൊടുക്കുന്നു.

അവൻ പല്ലുകടിച്ചു് നിലത്തുനോക്കി നിന്നു. അച്ഛനെ പച്ചയ്ക്കു തിന്നാനുള്ള ദേഷ്യമുണ്ടായിരുന്നു.

"എന്നാലു്...മോളു് ഓടിപ്പോ."

ജാനു തിരിഞ്ഞു് ഓടി.

"ഈ പെണ്ണിൻെറ വീട്ടിന്നാ വല്ലോം വെച്ചോണ്ടാക്കി തരുന്നേ. നല്ല മനുഷ്യരാ: അവരുടയാ ഈ വീടും." അച്ഛൻ കുഞ്ചനമ്മാവനോടു് പറയുന്നു.

കുഞ്ചനമ്മാവൻ മടിയിൽനിന്നും വെററിലപ്പൊതിയെടുത്തു് മുറുക്കാനുള്ള പരിപാടിയായിരുന്നു.

"നീ പോയി പല്ലു തേച്ചേച്ചു വാടാ. അപ്പഴത്തേക്കും കാപ്പി വരും. കുരുപ്പട്ടി കാപ്പിയാ. ഇച്ചിരി കഴിഞ്ഞാൽ പാലുകിട്ടും. അപ്പം നല്ല കാപ്പി കുടിക്കാം...പിന്നെ കുഞ്ചനു് പല്ലുതേപ്പും കുളിയുമൊക്കെ ഇനിയങ്ങു ചെന്നിട്ടേ ഒള്ളായിരിക്കും...?

കുഞ്ചനമ്മാവൻ വാസ്തുകത്തെ മുറുക്കാൻ പുറത്തു ചാടാതെ കീഴ്ത്താടി മുമ്പോട്ടു നീട്ടി തല പുറകോട്ടു് ചായ്ച്ചുകൊണ്ടു് ചിരിക്കാൻ ശ്രമിച്ചു. എന്നിട്ടു് പതുക്കെ ഇറയത്തോട്ടിറങ്ങി ചിറിയിൽ വിരൽവെച്ചു് മുററത്തേക്കു് വലിച്ചുവെച്ചു് തുപ്പി.





അതു കഴിഞ്ഞു് അവിടെ നിന്നുകൊണ്ടുതന്നെ വിളിച്ചു പറഞ്ഞു.

"ഞാനൊന്നു് വെളിലോട്ടിറങ്ങിട്ടു് ഇപ്പം വന്നേക്കാം."

"അങ്ങേപ്പറത്തെ പറമ്പിലോട്ടു് കേറിയാ മതി. ദൂരെയെങ്ങും പോവണ്ട." കാര്യം മനസ്സിലാക്കിയ കുട്ടൻപിള്ള പറയുന്നു.

കുഞ്ചനമ്മാവൻ മുണ്ടു് മടക്കിക്കുത്തികൊണ്ടു് മുററത്തേക്കിറങ്ങി.

"നീ എന്തിനാടാ ഇപ്പഴിങ്ങോട്ടോടിവന്നേ" കുഞ്ചനമ്മാവൻ കേൾക്കില്ലെന്നായപ്പോൾ വാസുൻറച്ഛൻ ചോദിച്ചു.

"അമ്മ പറഞ്ഞിട്ടാ" വാസു പറഞ്ഞു.

"കഴുവറിട മക്കളു്...ഒന്നിനല്ലെങ്കിൽ ഒന്നിനു് ചെവുത്തയില്ല...വല്ല ആവശ്യവുമുള്ള കാര്യമാന്നോ!?"

# പത്തൻ

"ബാലനു് ഫീസുകൊടുക്കാൻ രൂപ വാങ്ങിച്ചോണ്ടു് ചെല്ലാൻ പറഞ്ഞു."

"അതു നിൻെറ തള്ള പറഞ്ഞിട്ടു വേണോ?"

"ക്കെമെങ്കിൽ അങ്ങോട്ടൊന്നു വരാനും പറഞ്ഞു."

"ക്കെത്തില്ലെന്നു പറഞ്ഞേരെ."

പിന്നെ അവനൊന്നും മിണ്ടിയില്ല.

"എന്നാൽ പോ. പോയി തുറുവോ പെടുക്കവോ എന്തുവാന്നു വെച്ചാൽ ചെയ്തേച്ചുവാ...എന്നിട്ടൊടനെ തിരിയെ പൊന്നോളണം...എറങ്ങിയങ്ങു് തിരിച്ചിരിക്കുന്നു...!!"

"കണക്കായിപ്പോയി" അവൻ മനസ്സിൽ പറഞ്ഞു. എന്നിട്ടു് പല്ലു കടിച്ചുകൊണ്ടു് പറമ്പിലേക്കു നടന്നു. അടക്കവയ്യാത്ത ദേഷ്യമുണ്ടായിരുന്നു. പക്ഷെ, എന്തു ചെ

യ്യാം: അതാണച്ഛന്റെ സ്വഭാവം. എപ്പോഴും ഒരുതരം ഈറത്തരമാണ്. മൊരടത്തരം...കാട്ടാളത്തരം—ഒരിക്കലും ഒരു മയമില്ല. ആരോടും, നാട്ടുകാരോടും വീട്ടുകാരോടും ഒന്നുപോലെ. എന്നാൽ ചെയ്യാനുള്ളതൊക്കെ വേണ്ടപോലെ ചെയ്യുകയും ചെയ്യും. അക്കാര്യങ്ങളിലൊന്നും ഒരു തരത്തിലുള്ള അമാന്തവും കാണിക്കാറില്ല. അതിലൊക്കെ അങ്ങേയററത്തെ ചിട്ടയാണ് നിർബ്ബന്ധമാണ്. വീട്ടുകാര്യങ്ങളൊക്കെ കണിശമായി നോക്കും. ഒരൊററ കാര്യ് ആരോടും കടം മേടിക്കുകയില്ല. ഒരൊററ കാര്യ് ആക്കും കൊടുക്കുകയും ഇല്ല: കാശിന്റെ കാര്യത്തിൽ പ്രത്യേകിച്ചും കർശനമായ പ്രിൻസിപ്പിളാണ്.

പേരു കേട്ട ഒരു തറവാട്ടിലെ അംഗമായിരുന്നു അച്ഛൻ. അമ്മയുടെ വീട്ടിൽനിന്നും കുറച്ചകലെയായിരുന്നു അച്ഛന്റെ തറവാട്. അതുകൊണ്ട് അങ്ങോട്ടുള്ള പോക്കുവരവ് ദുർല്ലഭമായിരുന്നു. എന്തെങ്കിലും ആവശ്യത്തിന് കൂടുതൽ പണം വേണ്ടിവന്നാൽ അച്ഛൻ ഒന്ന് കുടുംബത്തേക്കു പോകും. വരുമ്പോൾ കാര്യമായിട്ടായിരിക്കും വരവ്. നിലമോ പുരയിടമോ എന്തെങ്കിലും കുറച്ച് എഴുതി വില്ക്കും. അച്ഛൻ അമ്മൂമ്മയുടെ ഒററ മകനായിരുന്നു. തറവാട്ടിലെ ഏക പുരുഷപ്രജയായിരുന്നതുകൊണ്ട് ആ മനുഷ്യന്റെ യാതൊരാവശ്യത്തിനും യാതൊരു പ്രവൃത്തിക്കും ആരും എതിരു പറഞ്ഞില്ല. അങ്ങനെ ക്രമത്തിലധികം സ്വാതന്ത്ര്യവും ലാളനയും അനുഭവിച്ച് വളർന്നവനായിരുന്നു. അതുകൊണ്ട് വന്നുകൂടിയ ദുർവ്വാശിയും നിർബ്ബന്ധവും ഒട്ടും കുറവായിരുന്നില്ല.

ഒരുകാലത്ത് വളരെയധികം സ്വത്തുള്ള ഒരു തറവാടായിരുന്നു. എങ്കിലും കാലക്രമേണ ഒട്ടൊക്കെ ക്ഷയിച്ചു. ഒടുവിൽ വാസുവിന്റെ മുത്തച്ഛൻ മരിക്കുമ്പോൾ കഴിച്ചു കഴിഞ്ഞു കൂടാനുള്ള വകയെ ബാക്കി ശേഷിച്ചിരുന്നുള്ളു. വാസുവിന്റെ അച്ഛനാണെങ്കിൽ കല്യാണം കഴിഞ്ഞതിനുശേഷം കാശിനുവേണ്ടി ഓടിപ്പോകുന്നതല്ലാതെ മറെറാരാവശ്യത്തിനും വീട്ടിലേക്ക് പോകുകയായിരുന്നില്ല. അപ്പൂപ്പനും അമ്മൂമ്മയും കണ്ണിലെണ്ണയൊഴിച്ച് കാത്തിരിക്കാറുണ്ട്. പിന്നെ മകനെ ഒന്നു കാണാനുള്ള ആഗ്രഹം അടക്കവയ്യാതാവുമ്പോൾ അവർ ഇങ്ങോട്ടുവന്ന് മകന്റെറാപ്പം രണ്ടു ദിവസം താമസിച്ചിട്ടു പോകുകയായിരുന്നു പതിവ്. അപ്പോൾപോലും മകനെയൊന്നു ശരിക്കു കണ്ടുകിട്ടാൻ പ്രയാസമായിരുന്നു. ഒന്നുകിൽ ഓഫീസിലായിരിക്കും ഇല്ലെങ്കിൽ നടക്കാൻ പോകും. അതുമല്ലെങ്കിൽ വല്ലതും വായിച്ചുകൊണ്ടു കിടക്കും. അന്നേരം ആരും അടുത്തുചെന്ന് ശല്യപ്പെടുത്താൻ പാടില്ല. പിന്നെ അവക്ക് മകനെ ശരിക്കു കാണാനൊക്കുന്നതു് 'കൊച്ചുകുട്ടൻ' വല്ലതും കഴിക്കാനിരിക്കുമ്പോഴാണ്. അപ്പോൾ അപ്പൂപ്പനും അമ്മൂമ്മയും അവിടെങ്ങാനും പതുങ്ങിനില്ക്കുന്നുണ്ടാവും: അധികമൊന്നും സംസാരിക്കാൻ പാടില്ല. എന്തെങ്കിലും ചോദിച്ചാൽ മുക്കിയും മൂളിയും മറുപടി പറയും. അല്ലാതെ കൂട്ടുകൂടിയിരുന്ന് വീട്ടുകാര്യങ്ങളും നാട്ടുകാര്യങ്ങളും ചർച്ചചെയ്യുന്ന ഏർപ്പാടൊന്നും അച്ഛനുണ്ടായിരുന്നില്ല.

അങ്ങനത്തെ ഒരു പ്രകൃതമായിരുന്നു വാസുവിന്റെ അച്ഛന്റേതു്.

മററാക്കെല്ലാം അച്ഛന്മാരുണ്ട്. വാസുവിന് പലപ്പോഴും തോന്നാറുള്ളതാണ്. എന്തിനധികം. പാക്കരന്റെ അച്ഛനെ കണ്ടില്ലെ. കള്ളുകുടിയനും താന്തോന്നിയുമാണ്. ചുമതലാ ബോധമില്ലാത്തവനാണ്. എന്നുവേണ്ട സകല തകരാറുകളുമുണ്ട്. എന്നാലും ഭാര്യയും മക്കളും അയാൾക്ക് ജീവനാണ്. കയ്യിൽ കാശുണ്ടെങ്കിൽ അവർക്കാവശ്യമുള്ളതൊക്കെ വാങ്ങിയിട്ടേ സ്വന്തം കാര്യം നോക്കുകയുള്ളു. കള്ളു കുടിക്കാനുള്ള കാശു കിട്ടിയാൽ പുള്ളിക്ക് പിന്നൊന്നും വേണ്ട. വീട്ടിലെത്തിയാലോ മുതിന്ന മക്കളാണെന്നൊന്നും നോട്ടമില്ല. അവരെ പിടിച്ചു വലിച്ച് മടിയിലിരുത്തി കളിപ്പിക്കുന്നു, താലോലിക്കുന്നു ഉമ്മവെയ്ക്കുന്നു നേരമ്പോക്കുകൾ പറയുന്നു. അതുപോലെതന്നെ ഭാര്യയോടും, അതുകൊണ്ട് കള്ളുകുടിയനും തോന്ന്യവാസിയും എല്ലാം ആണെങ്കിലും ഭാര്യയ്ക്കും മക്കൾക്കും അയാളെ ജീവനാണ്. അച്ഛനുവേണ്ടി എന്തും ചെയ്യാൻ അവർ തയ്യാറാണ്. വഴക്കും ലഹളയുംമൊക്കെ ഒരുവശത്തങ്ങനെ നടക്കുന്നുണ്ടാവും; അതൊക്കെ വേറെ കാര്യം.

'തന്റെ അച്ഛന് അങ്ങനൊന്നുമില്ല. വാസു ഓർത്തുപോയി: മോനേന്ന് സ്നേഹമായിട്ട് ഒരിക്കലെങ്കിലും അച്ഛൻ വിളിച്ചതായി



അവൻ ഓർക്കുന്നില്ല: അനിയനെ അല്പം കാര്യമാണ്. അല്ലമെന്നല്ല ആരോടെങ്കിലും ഇഷ്ടമുണ്ടെങ്കിൽ അനിയനോടു മാത്രമേ ഉള്ളു. എന്നാലും അവനോടുപോലും അങ്ങനെ അകമഴിഞ്ഞുള്ള പെരുമാററം ഒരിക്കലും കണ്ടിട്ടില്ല. എല്ലാ ഇടപാടുകളും കൂട്ടത്തെ ഗൌരവത്തിലും കനത്തിലും ചിട്ടയിലുമാണ്.

അമ്മയുടെ കാര്യം പറയുകയും വേണ്ട. ഇക്കണ്ട കാലമത്രെയും അച്ഛനോടൊപ്പം ഒന്നിച്ച് ജീവിച്ചിട്ടും പരസ്പരം വേണ്ടത്ര ഇടപഴകി കഴിഞ്ഞിട്ടും ഇന്നും അമ്മയ്ക്ക് അച്ഛനെ ഇരുട്ടുവെളുക്കെ ഭയമാണ്. അച്ഛൻ ഉറച്ചൊന്നു വിളിച്ചാൽ മതി അമ്മ നിന്നടത്തുനിന്ന് രണ്ടും കഴിക്കും. അത്ര ഭയമായിരുന്നു അമ്മയ്ക്ക്. ഇപ്പോൾ കുറച്ചൊക്കെ മയം വന്നിട്ടുണ്ടെന്നുവേണം കരുതാൻ ആദ്യകാലങ്ങൾ വാസു ഇന്നും ഓർക്കുന്നുണ്ട്. അവൻ തീരെ കുഞ്ഞായിരുന്ന കാലം. അക്കാലത്തു മാത്രമാണ് കുറച്ചെങ്കിലും എല്ലാവരും കൂടി ഒരു ദിക്കിൽ ഒന്നിച്ചു താമസിച്ചിട്ടുള്ളതു്. അന്നത്തെ ഓരോ സംഭവങ്ങൾ ഓർക്കുമ്പോൾ അവൻ ഇന്നും നടുങ്ങിപ്പോകുന്നു:

വീട്ടിൽ വഴക്കില്ലാത്ത ദിവസങ്ങൾ ചുരുക്കമായിരുന്നു. വഴക്കിന് പ്രത്യേകിച്ച് കാരണങ്ങളൊന്നും ആവശ്യമുണ്ടായിരുന്നില്ല കളിക്കാനുള്ള വെള്ളത്തിന് ചുട്ടുകുട്ടത

ലായാൽ കുറഞ്ഞുപോയാൽ കൂട്ടാനു് ഉപ്പു കൂടിയാൽ കുറഞ്ഞാൽ കുപ്പായത്തിൻെറ ബട്ടൻസ് പൊട്ടിയിരുന്നാൽ ചുമരിൽ മാറാലപിടിച്ചാൽ അമ്മ തലമുടിഅഴിച്ചിട്ടാൽ മക്കളെന്തെങ്കിലും വികൃതികാട്ടിയാൽ എന്നുവേണ്ട അനുനിമിഷം ഒന്നിനല്ലെങ്കിൽ മറെറാന്നിനു് ശകാരവും വഴക്കുമാണു്. ദേഷ്യംവന്നാൽ ഭ്രാന്തുപിടിച്ചമട്ടായിരുന്നു അച്ഛനു്. കയ്യിൽകിട്ടിയതെടുത്തു് അടുത്തുകണ്ടവരുടെ തലയ്ക്കടിച്ചുകളയും. അടിക്കാൻ ആളെകിട്ടിയില്ലെങ്കിൽ പാത്രങ്ങൾ തല്ലിതകർക്കും. തൂണികൾ വലിച്ചുകീറും, അമ്മയെ പെരക്കകത്തിട്ടു് പൂട്ടിയിട്ടു് താക്കോലുംകൊണ്ടു് ഓഫീസിലേക്കു് പൊയ്ക്കളയും. അമ്മയെ അർദ്ധരാത്രിക്കുപോലും അടിച്ചു് വീട്ടിനുപുറത്താക്കി പടിപ്പുര പൂട്ടിയിട്ടുള്ള ദിവസങ്ങളും ചുരുക്കമല്ല.

അമ്മ പടിപ്പുരക്കപുറത്തു് വെളുക്കുന്നതുവരെ കാത്തിരിക്കും, അയലത്തെങ്ങാനും പോയെന്നറിഞ്ഞാൽ പിന്നെ അതിനുംവഴക്കാണു്.

ഒരിക്കലും അച്ഛനോടു് തൻെറ ആവശ്യങ്ങൾ എന്തെങ്കിലും നേരിട്ടുപറയാൻ വാസുവിനു് ധൈര്യം വന്നിട്ടില്ല അമ്മയും പറയുകയില്ല. പിന്നെ എന്തെങ്കിലും അച്ഛനോടു് നേരിട്ടുപറയുന്നതു് അനിയൻ മാത്രമാണു്. അനിയൻ പറഞ്ഞാൽ ചിലപ്പോൾ അച്ഛൻ കേട്ടെന്നുവരും. കാരണം അനിയൻ പഠിക്കാൻ മിടുക്കനായിരുന്നു: മിടുമിടുക്കനായിരുന്നു.

അച്ഛൻെറ കയ്യിൽനിന്നും ഏററവും അധികം അടികൊണ്ടദിവസം വാസു ഇന്നും ഓർക്കുന്നുണ്ടു്. അതു് ഒരിക്കൽ അച്ഛൻ നട്ടിരുന്ന റോസിൻെറ കമ്പുകൾ പറിച്ചുനോക്കിയതിനായിരുന്നു. അച്ഛനന്നു് എന്നും തോട്ടകൃഷിയിൽ വലിയഭ്രമമായിരുന്നു. എവിടുന്നെങ്കിലുമൊക്കെ പൂച്ചെടികളും ക്രോട്ടൺസായും ധാരാളം കൊണ്ടുവന്നു് നട്ടുപിടിപ്പിക്കും. അങ്ങനെ ഒരിക്കൽകൊണ്ടുവന്നതായിരുന്നു ആ വിശേഷപ്പെട്ട റോസാച്ചെടികളുടെ കമ്പുകൾ. ഏതോ സായിപ്പിൻെറ തോട്ടക്കാരനെ സേവപിടിച്ചു് തട്ടിക്കൊണ്ടുവന്നതാണു്. ദിവസവും രാവിലെ ഉറക്കമെഴുന്നേററാൽ അച്ഛൻ ആദ്യമായി ചെയ്തിരുന്നതു് ആ റോസാക്കമ്പുകൾക്കു് മുളപൊട്ടിയോ എന്നു് നോക്കുകയായിരുന്നു. കുട്ടികളാരും ആ വഴിപോകാൻപോലും അനുവദിച്ചിരുന്നില്ല. കുട്ടികളെന്തിനു് ഒരു കാക്കപോലും അതിൻെറത്തുകൂടി പറക്കാൻ അനുവദിക്കുകയില്ല:

ആ ഇടയ്ക്കു് ഒരിക്കൽ അച്ഛൻ ജോലിസംബന്ധിച്ചു് രണ്ടുദിവസത്തേക്കു് പുറത്തെവിടയോ പോയിരുന്നു. ആ അവസരത്തിലാണു് വാസു അച്ഛൻെറ സ്ഥാനം സ്വയം ഏററെടുത്തതു്. അവൻ രാവിലെ എഴുന്നേററുചെന്നു് ആ റോസാകമ്പുകൾ ഓരോന്നായി പറിച്ചുനോക്കിവേരുവന്നോ എന്നറിയാൻ: മുളപൊട്ടി ഇലവരാറായിരുന്നെങ്കിലും വേരു പിടിച്ചിരുന്നില്ല. അവൻ അതെല്ലാം വീണ്ടും പഴയപടി കുഴിച്ചുവെച്ചു.

അച്ഛൻവന്നപ്പോൾ വീട്ടിനകത്തേക്കുകയറുംമുമ്പുതന്നെ റോസാച്ചെടികളുടെ അടുത്തേക്കാണു് പോയതു്. എല്ലാ കമ്പുകളും വാടിക്കിടക്കുന്നു. ചിലതൊക്കെ അങ്ങോട്ടുമിങ്ങോട്ടും ചെരിഞ്ഞിട്ടുണ്ടു്.

അവിടെനിന്നുകൊണ്ടു് ഒരലർച്ചയായിരുന്നു.

"എടീ കല്ല്യാണീ" വിളികേട്ടുകൊണ്ടു് അമ്മ ഓടിയെത്തി.

"ഇതിലാരെങ്കിലും തൊട്ടോ? അച്ഛൻെറ ചോദ്യം.

"അയ്യോ ഞങ്ങളാരും അങ്ങോട്ടൊന്നു നോക്കിയതുപോലുമില്ല" അമ്മപറഞ്ഞു.

"കഴുവറിടമക്കളെ നോക്കീല്ലിയോ' ഇരമ്പിയടിച്ചു വരുന്ന മഴവെള്ളംപോലെ ഇറയത്തേക്കുകയറിക്കൊണ്ടു് അച്ഛൻ അമറി.

എടാ വാസുവേ."

"അവൻ ഇവടെങ്ങുമില്ല" അമ്മ കള്ളം പറഞ്ഞു

"വാസുവേ" അയാൾ വീണ്ടും വിളിക്കുന്നു. വാസു പേടിച്ചുവിറച്ചു് മുറിക്കകത്തു് ഒരുമൂലക്കു് ഒളിച്ചിരിക്കുകയായിരുന്നു.

അന്നാണു് വാസു ശരിക്കും അച്ഛൻെറ രൌദ്രരൂപം കാണുന്നതു്. കലികയറിയപോലെ ആ മനുഷ്യൻ നിന്നു വിറയ്ക്കുന്നുണ്ടായിരുന്നു.

വാസു ചുരുണ്ടുകൂടി മുറിയുടെ ഒരു മൂലക്കു് പതുങ്ങിയിരുന്നു.

...*...



## ഗണ്ടു്

അഖിലേന്ത്യാടിസ്ഥാനത്തിൽ നോക്കിയാൽപ്പോലും മണികൗൾ, കുമാർ സഹാനി, അടൂർഗോപാലകൃഷ്ണൻ ഇങ്ങനെ മൂന്നുപേർക്കുമാത്രമേ ജനശ്രദ്ധപിടിച്ചുപററിയ എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ — മലയാളത്തിൽത്തന്നെ അസീസ്, ആസാദ്, തുപ്രയാർ സുകുമാരൻ, ജോൺ ശങ്കരമംഗലം തുടങ്ങിയ ഇൻസ്റ്റിട്യൂട്ട് ബിരുദധാരികൾ കമേഴ്സ്യൽ സംവിധായകരുടെ വാലിൽക്കെട്ടാൻ യോഗ്യതയില്ലാത്ത ചിത്രാഭാസങ്ങൾ പടച്ചുവിട്ടതു് നാം നേരിൽക്കണ്ടതാണു്. ഇൻസ്റ്റിട്യൂട്ടിലെ വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ കേരളത്തിലെ ചെറുപ്പക്കാരുടെ ശ്രദ്ധാകേന്ദ്രമായിക്കഴിഞ്ഞിരുന്ന ജോൺ എബ്രഹാമാണു് ഏററവുമധികം നിരാശപ്പെടുത്തിക്കളഞ്ഞതു്. (സ്വന്തം താല്പര്യങ്ങൾക്കനുസൃതമായി ഇപ്പോൾ ജോൺ ഒരു തമിഴ്ചിത്രം സംവിധാനംചെയ്യുന്നുണ്ടു്; പ്രത്യാശകൾ കൈവെടിയാതിരിക്കാം.)

ഇൻസ്റ്റിട്യൂട്ടിൽനിന്നു പുറത്തുവന്ന സംവിധായകരുടെ കൂട്ടത്തിൽ മണികൗളും കുമാർസഹാനിയും തങ്ങളുടെ ചലച്ചിത്രസൃഷ്ടികൾകൊണ്ടു് പ്രേക്ഷകരെ വിഭ്രമിപ്പിക്കുകയുണ്ടായി. 'ഉസ്ക്കിറോട്ടി' സാധാരണക്കാർക്കു് ഒരടിച്ചേല്പിക്കലായി അനുഭവപ്പെട്ടപ്പോൾ അതിനെ ഇൻഡ്യൻ സ്ക്രീനിലെ അപൂർവ്വമായ ഒരു ക്ളാസ്സിക്കായി വിശേഷിച്ചിക്കാനും ആളുണ്ടായി. യാതൊരു ചലച്ചിത്രസാദ്ധ്യതയുമില്ലാത്ത ഒരു കൊച്ചുകഥയിൽനിന്നു് ഏറെക്കുറേ നാച്ചറലിസ്റ്റ് ആവിഷ്ക്കാരരീതിയുപയോഗിച്ചു് രൂപപ്പെടുത്തിയ 'ഉസ്ക്കിറോട്ടി' മറെറന്തായാലും ഒരു ചലച്ചിത്രാത്ഭുതമല്ല. ലോകക്ളാസ്സിക്കുകളെ വെല്ലുവിളിക്കാൻപോന്ന അതിമനോഹരമായ ഷോട്ടുകൾ 'ഉസ്ക്കിറോട്ടി'യിലുണ്ടു്. എന്നാൽ ഒരു ഷോട്ടിൻെറ സൗന്ദര്യത്തിൽ ആമഗ്നരായിത്തീർന്നവരോടു് 'ഇതാ വീണ്ടും വീണ്ടും നോക്കിക്കൊള്ളൂ എൻെറ ഫ്രെയിമിൻെറ സൗകുമാര്യം' എന്നു പറയുന്നമട്ടിൽ സംവിധായകൻ അതിനെ ഏറെ നിമിഷങ്ങളോളം സ്ക്രീനിൽ നിലനിർത്തുകയും അതുവഴി അതിൻെറ രസാത്മകത നശിപ്പിക്കുകയും ചെയ്യുന്നു: ഇതു് ബോധപൂർവ്വം ചെയ്തതാണെന്നും ഉസ്ക്കിറോട്ടിയുടെ പ്രമേയം ആവശ്യപ്പെടുന്ന വിരസത ഉല്പാദിപ്പിക്കുകയാണു് ലക്ഷ്യമെന്നും ചിലർ പറയുന്നു. അങ്ങനെ

# ഇന്ത്യയിലെ ആധുനിക സിനിമ

## പി. വിജയകൃഷ്ണൻ

യാണെങ്കിൽ എമ്പയർസ്റ്റോറ്റ്. ബിൽഡിംഗിൻെറ നേരേ ഒരേ സെററപ്പിൽ ക്യാമറ ഘടിപ്പിച്ചു് എട്ടുമണിക്കൂർ ദൈർഘ്യമുള്ള ചിത്രമെടുത്ത മഹാനായിരിക്കും "ഉസ്ക്കിറോട്ടിയെ ഏററവുമധികം ആസ്വദിക്കുകയെന്നു തോന്നുന്നു: പ്രമേയമാവശ്യപ്പെടുന്നതനുസരിച്ചു് ബോധപൂർവ്വമായ ഒരു സാവധാനതയാണു് ഉസ്ക്കിറോട്ടിയിൽ പാലിച്ചിരിക്കുന്നതെന്നതന്നെയിരിക്കട്ടെ. എന്നാൽ ചട്ടലവും കൗതുകപ്രദവുമാകേണ്ട "ദ്വിധ' എന്ന രാജസ്ഥാനി നാടോടിക്കഥയെ വലിച്ചുനീട്ടി അസഹനീയമാക്കിത്തീർത്ത പ്രക്രിയയ്ക്കു് എന്തുണ്ടു് സമാധാനം? അരമണിക്കൂറിലേറെ നീളാത്ത ഒരു കാർട്ടൂൺ ചിത്രത്തിനു് അനുയോജ്യമായ കഥാവസ്തുവാണ

തു്. അതേ സമയദൈർഘ്യം പാലിക്കുന്ന ഒരു ഫാൻറസിയായും 'ദ്വിവിധ' നിർമ്മിക്കപ്പെടാവുന്നതാണ്: എന്നാൽ മണികൗൾ വലിച്ചുനീട്ടാവുന്നതിലേറെ വലിച്ചുനീട്ടി ഒരു മുത്തശ്ശിക്കഥയുടെ സൗകുമാര്യം പ്രസരിപ്പിക്കേണ്ട 'ദ്വിവിധ'യെ ഒരു ഒന്നരമണിക്കൂർ ബോറടിയാക്കിത്തീർത്തു. ഈ ബോറടിക്ക മാററുകൂട്ടാനായി മൃണാൾസെന്നിനെപ്പോലെ ഇടയ്ക്കും തലയ്ക്കും ഫ്രീസ്ഷോട്ടുകളും സ്റ്റില്ലുകളും ഉപയോഗിക്കുന്നുമുണ്ട്. 'ഉസ്ക്കിറോട്ടി' അതി ഗംഭീരമായ ഒരു ഫോട്ടോ പ്രദർശനമായിരുന്നുവെങ്കിൽ 'ദ്വിവിധ' മനോഹരമായ ഒരു പെയിൻറിംഗ് എക്സിബിഷനായിത്തീർന്നിരിക്കുന്നു, സിനിമ നിശ്ശബ്ദമായിരുന്ന കാലഘട്ടത്തിൽപ്പോലും അതു് 'മൂവി'യായിരുന്നു എന്നു് ഈ സംവിധായകൻ പഠിക്കേണ്ടിയിരിക്കുന്നു. പത്തുപറയുന്നിടത്തു് ഒന്നുപറഞ്ഞു് അർത്ഥപൂർത്തിവരുത്താൻ കഴിയുമെങ്കിൽ അതാണു കല; അഞ്ചു്പറയേണ്ടിടത്തു് അമ്പതുപറയുന്നതിലല്ല. മൃണാൾസെന്നും മണികൗളുമൊക്കെ അതാണു ചെയ്യുന്നതു്: കലാചിത്രങ്ങളിൽനിന്നു് ബഹുജനം അകന്നുപോകുന്നുണ്ടെങ്കിൽ അവരെ കുററംപറഞ്ഞിട്ടെന്തു കാര്യം?

മണികൗളിനെപ്പോലെ കുമാർസഹാനിയും മിതത്വപാലനത്തിൽ ശ്രദ്ധിക്കുന്നില്ല. യൗവ്വനത്തിൻെറ അതിരുകൾക്കപ്പുറമെത്തിയ, വിരസതയും ഏകാന്തതയുമനുഭവിക്കുന്ന ഒരു യുവതി ചെറുപ്പക്കാരനായ എൻജിനീയറിൽ ലൈംഗികസംതൃപ്തി കണ്ടെത്തുകയും അതോടെ തൻെറ ചുററുപാടുകൾ വർണ്ണപ്രകർഷമണിയുന്നതായി അവൾക്കു തോന്നുകയുംചെയ്യുന്ന പ്രമേയം കുറേയൊക്കെ തൃപ്തികരമായി ആവിഷ്ക്കരിക്കാൻ കുമാർസഹാനിക്കു കഴിഞ്ഞുവെന്നേ പറയാവൂ: ക്ലററൻബംഗ്ളാവും അതിലെ ഒററപ്പെട്ട മനുഷ്യരും അവരുടെ സങ്കീർണ്ണമായ മാനസികഭാവങ്ങളും ഇതിലുമെത്രയോ ഭാവതീവ്രതയോടെ പ്രതിപാദിക്കപ്പെടാവുന്നതാണ്! കേവലം രണ്ടു കഥാപാത്രങ്ങളും വളരെക്കുറച്ചുമാത്രം എറിംഗ് സ്പേസുമുള്ള "വുമൻ ഓഫ് ദ ഡൗൺസ്" എന്ന ജാപ്പനീസ്ചിത്രം ഉളവാക്കുന്ന രസാത്മകതയിൽ നാലിലൊന്നു പങ്കുപോലും ഈ ചിത്രങ്ങൾ നമുക്കു നൽകുന്നില്ല — വർണ്ണങ്ങളുടെ വിദഗ്ധവും ഭാവനാപൂർണ്ണവുമായ ഉപയോഗംകൊണ്ടു "മായാദർപ്പൺ" ശ്രദ്ധാർഹമായിരിക്കുന്നു. ചിത്രത്തിൻെറ ആദ്യപകുതിയിൽക്കാണുന്ന റിയലിസത്തോടുള്ള അമിതമായ ആഭിമുഖ്യമാണ് കെട്ടുറപ്പിനെ ഏറെയും ഹനിച്ചുകളഞ്ഞതു്: കഥാവസ്തുവിൽനിന്നു് വേറിട്ടുനില്ക്കുന്ന ഒരു സിംബലായി തോന്നാമെങ്കിലും അന്യഥാ കൗതുകകരമാകുമായിരുന്നു ചിത്രത്തിൻെറ അവസാനഭാഗത്തെ നൃത്തത്തിലും മിതത്വം പാലിക്കാൻ കഴിയാത്തതു് സംവിധായകൻെറ ഔചിത്യക്കുറവാണ് കാണിക്കുന്നതു്:

മത്സരത്തിൽ 'മായാദർപ്പണേ'യും 'കൽക്കത്ത 71'നേയും പിന്നിലാക്കി സുവർണ്ണമുദ്ര പിടിച്ചുപററിയ 'സ്വയംവരം' മലയാളികതയുടെ കണികപോലുമില്ലാത്ത ഒരു കലാസൃഷ്ടിയാണ്. വിവിധ വർണ്ണങ്ങളിലുള്ള കുപ്പായങ്ങളിൽ നിന്നു് വെട്ടിയെടുത്ത ശീലക്കഷ്ണങ്ങൾ കൊണ്ടു തുന്നിയുണ്ടാക്കിയ പുതൻകുപ്പായത്തെയാണ് 'സ്വയംവരം' ഓർമ്മിപ്പിക്കുന്നതെന്നു പറഞ്ഞാൽ എല്ലാമായി.

(ശേഷം 41-ൽ)


## വായിച്ചിരിക്കേണ്ട പുസ്തകങ്ങൾ

1. ദാമ്പത്യ ജീവിതശാസ്ത്രം വില രൂ. 1–50, 2. സന്താനനിയന്ത്രണം (ഫാമിലിപ്ളാനിംഗ്) വില രൂ. 1–50, 3. രഹസ്യലൈംഗിക രോഗങ്ങളും നിവാരണ മാർഗ്ഗങ്ങളും വില രൂ. 1–50, 4. സ്വർണ്ണമാല (വല്ലച്ചിറ മാധവൻ എഴുതിയ നോവൽ) വില രൂ 2–50.

പുസ്തകങ്ങൾ V. P. ആയി അയച്ചുകൊടുക്കുന്നതാണ്. തപാൽ ചിലവ് രൂ. 2 വസൂലാക്കും. കൂടുതൽ വിവരങ്ങളടങ്ങിയ കാററ്ലോഗ് ആവശ്യമുള്ളവർ 50 പൈസ സ്റ്റാമ്പ് അയയ്ക്കണം.

**DAB AGENCIES**
Kodimatha, Kottayam,
KERALA.




ഏതു കടക്കാരനെയും അറസ്റ്റ് ചെയ്തു് ജയിലിൽ പാർപ്പിക്കാനുള്ള നിയമം ഇംഗ്ളണ്ടിലുണ്ടായിരുന്നു. പക്ഷേ, ഞായറാഴ്ച മാത്രം ആരേയും അറസ്റ്റു ചെയ്യുകൂടാ. ഇതിനു കാരണം ഞായറാഴ്ച എന്നതു് "ഇശ്വരൻെറ ദിനം"മാണെന്നതാണ്. അതിനാൽ കടക്കാർ ഞായർ ഒഴിച്ചുള്ള ദിവസങ്ങളിൽ ഒളിവിലായിരിക്കും. അവർ ഞായറാഴ്ച കെങ്കേമമായി വസ്ത്രധാരണം ചെയ്തു് തെരുവിലൂടെ തലയുയർത്തി നടക്കും. ഇംഗ്ളീഷ് നോവലിസ്റ്റായ ഡാനിയൽ ഡിഫോ ഈ വിധത്തിലൊരു "സൺഡേ ജൻറിൽമാനാ"യിരുന്നു. "റോബിൻസൺ ക്രൂസോ"യുടെ കർത്താവിനു് ഇങ്ങനെയൊരു ഗതികേടുണ്ടായോ? ഉണ്ടായിട്ടാണ് "Sunday Gentlemen" എന്ന മനോഹരമായ ഗ്രന്ഥമെഴുതിയ അമേരിക്കൻ നോവലിസ്റ്റ് ഇർവിങ് വാലസ് പറയുന്നതു്. ഇത്തരം മാന്യന്മാരെ 'ഏഴിലൊന്നു്' മാന്യൻ എന്നാണ് അദ്ദേഹം വിളിക്കുക. നമ്മുടെ പല കഥയെഴുത്തുകാരും "ഒൺ അപ്പാൺ സെവൻ ജൻറിൽമാനാ"ണ്. ഭിവസവും കഥ എഴുതും പക്ഷേ, ഏഴു കഥകൾ എഴുതുമ്പോൾ രണ്ടെണ്ണം നന്നായിയെന്നു വരും. ചിലരുടെ കാര്യം ഇതിലും കഷ്ടമാണ്. ആണ്ടിൽ മുന്നൂററിയറുപത്തഞ്ചു ദിവസവും ഒരു കഥതന്നെതിരുത്തിത്തിരുത്തി എഴുതും. മുന്നൂററിയറുപത്തിയാറാം ദിവസം അതു പ്രസിദ്ധപ്പെടുത്തും. അപ്പോൾ അതിനു് മുന്നൂററിയറുപത്തിയേഴു ദോഷങ്ങൾ ഉണ്ടായിരിക്കും. ഇവർ "ഒൺ അപ്പാൺ ത്രീ ഹണ്ടഡ് ആൻറ് സിക്സ്ടി ഫൈ ജൻറിൽ മാൻ "പോലുമല്ല. എന്നാൽ ഫ്രഡിഡിയൻ രാജാവു് മൈദസിനെപ്പോലെ തൊട്ടതെല്ലാം സ്വർണ്ണമാക്കുന്ന ഒരു കലാകാരൻ നമുക്കുണ്ട്. അദ്ദേഹം ആഴ്ചയിലൊരിക്കൽ മാത്രം കലയുടെ രാജവീഥിയിൽ സഞ്ചരിക്കുന്ന ആളല്ല. ആഴ്ചയിൽ ഏഴു ദിവസവും അദ്ദേഹം സ്വതന്ത്രനായി, ജൻറിൽമാനായി കലാപഥത്തിൽ പ്രത്യക്ഷനാകുന്നു. അവിടത്തെ കാഴ്ചകൾ കണ്ടു രസിക്കുന്നു. മററുള്ളവർക്കു ആ ദൃശ്യങ്ങൾ കാണിച്ചുകൊടുത്തു് രസിപ്പിക്കുന്നു. ഈ കലാകാരൻെറ പേരു പി. സി. കുട്ടിക്കൃഷ്ണൻ എന്നാണ്. ഉറുബെന്ന പേരിലും അദ്ദേഹം അറിയപ്പെടുന്നു.

കലാപ്രചോദനത്തിൻെറ ഉറവ വററിയിട്ടില്ലാത്ത ഉറുബ് 'കങ്കുമം' വാരികയുടെ അവാർഡ് പതിപ്പിൽ എഴുതിയ "ഇററാർസിയിലേക്കു തിരികെ പോകുന്ന വണ്ടി" എന്ന ചെറുകഥ വായിക്കുക. ഇംഗ്ളീഷിൽ 'ലിറിക്കൽ ക്വാളിററി' എന്നു പറയുന്ന ഭാവാത്മകധർമ്മത്തോടുകൂടി ചെറുകഥ എഴുതേണ്ടതെങ്ങനെയെന്നു് അതു് സ്പഷ്ടമാക്കിത്തരും. കഥ പറയുന്നയാൾ ഇററാർസി തീവണ്ടിയാപ്പീസിൽ ഇരിക്കുമ്പോൾ ഒരു യുവതിവന്നു് ജീവിതകഥ പറയുന്നു. അവളുടെ അമ്മ മരിച്ചു. അച്ഛൻ അമ്മ ജീവിച്ചിരിക്കുമ്പോൾത്തന്നെ സ്നേഹമില്ലായ്മ പ്രകടിപ്പിച്ചവനാണ്. വീട്ടിൽനിന്നു പോയാൽ വല്ലപ്പോഴും മാത്രമേ അദ്ദേഹം തിരിച്ചു വരൂ. ഒരു ദിവസം തിരിച്ചെത്തിയപ്പോൾ അദ്ദേഹം സത്യം ചെയ്തു, രണ്ടുമാസം കൂടുമ്പോൾ കണിശമായി വരുമെന്നു്. കാലം കഴിഞ്ഞു അമ്മ മരിച്ചു. അവളെ അച്ഛൻ ഇററാർസിയിലേക്കു കൂട്ടിക്കൊണ്ടുപോന്നു. അവർ അവിടെ സസുഖം പാർത്തു. അങ്ങനെ

## സാഹിത്യവാരഫലം

# വായനയ്ക്കുമുണ്ട് ദോഷം

എം. കൃഷ്ണൻനായർ

കഴിഞ്ഞുകൂട്ടുമ്പോൾ ഒരു തടിച്ച സ്ത്രീവന്നു് അച്ഛനെ വിളിച്ചുകൊണ്ടുപോയി. ആ സംഭവം നടന്നിട്ടു് വളരെക്കാലം കഴിഞ്ഞു. അവൾ എന്നും തീവണ്ടിയാപ്പീസിൽ വന്നു് അച്ഛൻ വരുന്നുണ്ടോ എന്നു നോക്കുകയാണു്. ഇല്ല. അദ്ദേഹം വരുമെന്നു തോന്നുന്നില്ല. ഈ ദുഃഖകഥ കേട്ട ആ മനുഷ്യൻ അവളോടു ഒന്നും മിണ്ടാതെ ത്നിക്കു കയറേണ്ട തീവണ്ടിയിൽ കയറിപ്പോകുന്നു. പക്ഷേ, ഗോതമ്പിൻെറ നിറമുള്ള ആ പെൺകുട്ടിയെ അയാൾക്കു മറക്കാൻ വയ്യ. ലക്ഷ്യസ്ഥാനത്തു് എത്തുന്നതിനു മുൻപു് അയാൾ തിരിച്ചു പോരുന്നു. അതേ. ഇററാർസിയിലേക്കു തന്നെയാണു് അയാളുടെ തിരിച്ചുപോരൽ.

രണ്ടു മണ്ഡലങ്ങളാണു് ഈ കഥയിൽ ഉറുബ് ആവിഷ്കരിച്ചിട്ടുള്ളതു്: വാചാലതയിൽ മുഴുകി സ്വകീയമായ ജീവിതകഥ വിസ്തരിക്കുന്ന പെൺകുട്ടി. അങ്ങനെ ശബ്ദമുഖരിതമായ ഒരു മണ്ഡലം. കഥ കേട്ടിട്ടു് നിശ്ശബ്ദത പാലിച്ചു് ഇരിക്കുന്ന മനുഷ്യൻ. അതു് മൂകതയുടെ മണ്ഡലം. എന്നാൽ ശബ്ദായമാനമായ മണ്ഡലത്തിൻെറ പിറകിൽ മഹാദുഃഖത്തിൻെറ മൂകമായ മേഖലയുണ്ടു്. നിശ്ശബ്ദതയുടെ മണ്ഡലത്തിൻെറ പിറകിൽ ആ പെൺകുട്ടിയോടു തോന്നുന്ന വാത്സല്യത്തിൻെറ ശബ്ദായമാനമായ മേഖലയുണ്ടു്. ഈ മണ്ഡലങ്ങളെല്ലാം അന്യോന്യം സംഘട്ടനം ചെയ്യുന്നു. അതു് അസുലഭമായ അനുഭൂതി അനുവാചകനു നൽകുന്നു.

ഇനുലൈരാത്രി പത്രണ്ടുമണിക്കു് ഞാൻ ഒററയ്ക്കു രാജവീഥിയിലൂടെ നടക്കുകയായിരുന്നു. ക്ലിരിട്ടു്. പേടിച്ചു തിരിഞ്ഞു നോക്കുമ്പോൾ മാന്യനായ ഒരാൾ വരുന്നു. ഹാവു കൂട്ടാഡി. കുറെദൂരം ഞങ്ങൾ ഒരുമിച്ചുനടന്നു. ഒരിടത്തുവച്ചു് റോഡ് രണ്ടായി പിരിയുകയാണു്. കൂടെ വന്നയാൾ "ഞാൻ ഈ വഴി പോകുന്നു." എന്നുപറഞ്ഞു് നടന്നകന്നപ്പോൾ വീണ്ടും പേടിയായി. കലാശൂന്യതയുടെ അന്ധകാരത്തിൽ നടക്കുമ്പോൾ ഉറുബിൻെറ കഥ കൂട്ടിനെത്തുന്നു. അതു പിരിയാൻ പോകുന്നു. ഇനി ഞാൻ ഒററയ്ക്കു നടക്കേണ്ടതായി വരുമോ? അതോ കൂട്ടുണ്ടാകുമോ?

* * *

മരണമല്ല ഏററവും വലിയ ദുരന്തത. അച്ഛൻ വരുന്നുണ്ടോ എന്നുനോക്കി ദിവസവും തീവണ്ടിയാപ്പീസിൽ വന്നിരിക്കുന്ന പെൺകുട്ടിയുടെ ദുഃഖം മരണം ജനിപ്പിക്കുന്ന ദുഃഖത്തേക്കാൾ വലുതാണു്. അതാണു് യഥാർത്ഥമായ ദുരന്തത. കഥകളിൽ കലാത്മകതയുണ്ടോ എന്നു് എപ്പോഴും നോക്കുന്ന ഈ എഴുത്തുകാരനും ഒരു "ട്രാജിക്ഫിഗർ" തന്നെ. സുഹൃത്തുക്കളേ വരൂ, ശ്രീ. മാർട്ടിൻ ഈരശ്ശേരിൽ മാതൃഭൂമിയിലെഴുതിയ "സാക്ഷി" എന്ന ചെറുകഥ നോക്കാം.

'നോക്കാം' എന്നെഴുതി പൂർണ്ണവിരാമമിട്ടതിനു ശേഷമാണു് മാതൃഭൂമി കയ്യിലെടുത്തതു്. മാർട്ടിൻെറ കഥ വായിച്ചതു്. ഇല്ലാ ഞാൻ ഒററയ്ക്കല്ലാ സുഹൃത്തുക്കളുടെയുണ്ടു് എന്നു് മനസ്സിലാക്കി. അതു് എനിക്കു് ആഹ്ലാദം നൽകുന്നു: ഈ കഥാകാരൻെറ കഥകൾ പലതും 'മാതൃഭൂമി'യിൽ കണ്ടപ്പോൾ, സമയക്കുറവുകൊണ്ടാണെങ്കിലും വായിക്കാതെ വിട്ടുകളഞ്ഞതു് ശരിയായില്ലെന്നു തോന്നുകയും ചെയ്തു. അത്രയ്ക്കു് സവിശേഷമായ അനുഭവമാണു് കഥാപാരായണം ജനിപ്പിച്ചതു്. ഒരു കുടുംബത്തിൽ ഒരുവൻ വന്നുകയറുന്നു. അയാൾ ചിരപരിചിതൻെറ മട്ടിലാണു് വന്നെത്തുക. കുടുംബത്തിലുള്ള അംഗങ്ങൾക്കു് അയാളെ അറിഞ്ഞുകൂടാ. എങ്കിലും പരിചയം ഭാവിച്ചു. വീട്ടിൽ വരുന്നവനെ അറിയില്ലെന്നു ഭാവിക്കാമോ? അവരൊക്കെ അയാളോടു മിത്രമെന്ന നിലയിൽ പെരുമാറി. അവക്കു് അയാളെ മനസ്സിലായില്ലെന്നു് അയാൾക്കറിയാം. പരിചയക്കുറവുതൽ കാണിച്ചു് അവർ അബദ്ധങ്ങൾ തട്ടിവിട്ടുന്നതു് അയാൾ കണ്ടു് ഉള്ളിൽ ചിരിച്ചു. ഒടുവിൽ താനാരെന്നു വ്യക്തമാക്കാതെതന്നെ അയാൾ അവിടംവിട്ടു പോകുകയും ചെയ്യുന്നു. "എനിക്കു പോകണം കാത്തിരിക്കുന്നവക്കുവേണ്ടി എനിക്കു പോയേതീരൂ" എന്നാണു് അയാൾ പറഞ്ഞതു്.

നമ്മെ കാണാനെത്തുന്ന ആളുകളെ നാം മറന്നുപോകാറുണ്ടെങ്കിലും അതു വെളിപ്പെടുത്താതെ അവരോടു സുജനമര്യാദയോടു പെരുമാറി യാത്രയാക്കുന്നതു് നിത്യജീവിത സംഭവമാണു്. ആ സംഭവത്തെ ഹൃദയഹാരിയായി വർണ്ണിച്ചു് സത്കാരത്തിൻെറ കാപട്യവും പ്രകടനത്തിൻെറ



ാള്ളത്തരവും അന്യവത്കരണത്തിറ സവിശേഷതയും അഭിവ്യഞ്ജിപ്പിക്കുന്നു ഈ ചെറുകഥ ഒരു കലാശില്പമാണു്. മർൻപ്രൂസ്റ്റ് എന്ന ഫ്രഞ്ചെഴുത്തുകാരനെ ിച്ചു് സാമുവൽ ബക്കററ് രചിച്ച പ്രബന്ധത്തിൽ സ്നേഹവും സൗഹൃദവും മനുഷ്യൻെറ ഒററപ്പെടൽ (isolation) കൊണ്ടുതകരുമ്പോൾ ആ തകർച്ചയ്ക്കു് ട്രാജഡിയുടെ അന്തസ്സുണ്ടാകുമെന്നു് പറഞ്ഞിട്ടുണ്ടു്. [ബക്കററിൻെറ പ്രബന്ധം ഞാൻ വായിച്ചിട്ടില്ല. ഇക്കാര്യം ഏർണസ്റ്റ് ഫിഷറുടെ (കമ്യൂണിസ്റ്റ് ചിന്തകൻ) Art against Ideology എന്ന ഗ്രന്ഥത്തിൽനിന്നു കിട്ടിയതാണു്. —Penguin Press, London 1969. പുറം 116] അന്യവത്കരണത്തിൻെറയും ഒററപ്പെടലിൻെറയും അനുഭൂതി ഉളവാക്കുന്ന ഇക്കഥയ്ക്കു ട്രാജഡിയുടെ അന്തസ്സുണ്ടു്.

* * *

ശ്രീ. പുനത്തിൽ കുഞ്ഞബ്ദുള്ള നമ്മുടെ പരുക്കൻ സംസ്കാരത്തെ നോക്കി ഞെട്ടിത്തരിച്ചു പൊഴിക്കുന്ന സാഹിത്യകാരനാണു്. ഭാരതീയ സംസ്കാരമെന്നു പറയുന്നു പലരും ഇന്നു് ആവേശം കൊള്ളാറുണ്ടെങ്കിലും യഥാർത്ഥത്തിൽ അതു ജീർണ്ണിച്ചിരിക്കുന്നു. ആ ജീർണ്ണതയെ നോക്കി കുഞ്ഞബ്ദുള്ള ചിരിക്കുന്നതു കാണാൻ ഭംഗിയുണ്ടു്. "മലയാളനാടി"ൻെറ വിഷുപ്പതിപ്പിൽ അദ്ദേഹമെഴുതിയ "സന്താനഗോപാലം സ്തോത്രശീതിയിൽ" എന്ന ഹാസ്യകഥ സന്താനപ്രാപ്തിയുടെ കെട്ടുകളെ ഹാസ്യാത്മകമായി ചിത്രീകരിക്കുന്നു. ഒരുത്തൻെറ ഒമ്പതു കുഞ്ഞുങ്ങളും മരിച്ചു. അയാൾ തപസ്സു ചെയ്തു് ഇശ്വരനെ പ്രത്യക്ഷനാക്കി ഒമ്പതു സന്താനങ്ങളെയും തിരിച്ചു വാങ്ങി. അവർ വളർന്നുവന്നപ്പോൾ അയാളുടെ ജീവിതം ദുസ്സഹമായി. ഒരു മകൻ കള്ളൻ. അവൻ പോലീസ് പിടിയിലായി: "ഗുണിയൊരച്ഛനാണോ?" എന്നാണു് തന്തയോടു് അവൻെറ ചോദ്യം. മററുള്ള കുട്ടികൾക്കു ഫലതരത്തിലുള്ള രോഗങ്ങൾ. അരിയെവിടെ? തുണി എവിടെ? എന്നെക്കൊണ്ടു അവർ ചോദ്യം ചെയ്തു. മറുപടിയില്ലാതെ തന്തകാരൻ കുഴപ്പായി. തപസ്സുതുടങ്ങി. എന്നിട്ടു ഈശ്വരനോടു പ്രാർത്ഥിച്ചു:— "എൻെറ ഭഗവാനേ ഈ കുഞ്ഞുങ്ങളെ നീ മടക്കിയെടുക്കേണമേ?" ലക്ഷ്യവേധിയായ ഹാസ്യം: അതിൻെറ അസ്ത്രം കൊള്ളേണ്ടവനിലെല്ലാം കൊള്ളുന്നു. പക്ഷേ, അസ്ത്രമേല്ക്കുന്നവക്കു ദുഃഖമില്ല. അവരും ചിരിക്കുന്നു. ഇനി ഒരു "വൈദേശിക ഫലിതം" കൂടി കേട്ടുകൊള്ളൂ.

Who is that pretty fellow—
The one that's always hanging
around your wife?
The one that's always whispering sweet nothings in her ear
Who leans against her chair
And casually touches her hair
With jewelled fingers?
"He works for my wife" you
answer.
He does, does he? Listen my
friend:
That handsome boy does not
do your wife's work.
He does yours.

[നിങ്ങളുടെ ഭാര്യയെ ചുററിപ്പററി നടക്കുന്ന ആ സുന്ദരൻ ആരാണു്? അർത്ഥശൂന്യങ്ങളായ മധുരപദങ്ങൾ അവളുടെ കാതിൽ മന്ത്രിക്കുകയും, കസേരയിൽ ചാരിനിന്നു് മോതിരമിട്ട വിരലുകൾകൊണ്ടു് അവളുടെ തലമുടിയിൽ മനഃപൂർവമല്ലെന്ന മട്ടിൽ സ്പർശിക്കുകയും ചെയ്യുന്ന അയാളാരു്? "അയാൾ എൻെറ ഭാര്യയ്ക്കുവേണ്ടി ജോലി ചെയ്യുന്നു" എന്നാണു് നിങ്ങളുടെ ഉത്തരം. അതേ അയാൾ ജോലി ചെയ്യുന്നു; അല്ലേ? സുഹൃത്തേ, കേൾക്കൂ. സുന്ദരനായ ആ യുവാവു് നിങ്ങളുടെ ഭാര്യയുടെ ജോലി ചെയ്യുകയല്ല. അയാൾ നിങ്ങളുടെ ജോലിയാണു് ചെയ്യുന്നതു്.]

* * *

പണ്ടു് ശ്രീ. കെ. ബാലകൃഷ്ണൻെറ "കൗമുദി" വാരികയിൽ ഞാൻ എഴുതിയ ഒരു കാര്യത്തെക്കുറിച്ചു വീണ്ടും എഴുതട്ടെ. യഥാർത്ഥ സംഭവമാണു്. ഒട്ടും അത്യുക്തിയില്ല. ഞാനും യുവതിയായ ഒരു ലേഡി ലക്ചററും ഇംഗ്ളീഷ് അറിഞ്ഞുകൂടാ

ത്ത, സംസ്കൃതം മാത്രം അറിയാവുന്ന, ഒരധ്യാപകനും കൂടി കൊല്ലത്തിനടുത്തുള്ള ഒരു സ്ഥലത്ത് ഒരു സമ്മേളനത്തിനു പോകുകയായിരുന്നു: തിരുവനന്തപുരത്തുനിന്നു പത്തുനാഴിക അകലെയായി 'മെൻഡസ്' എന്ന പേരിൽ ഒരു വ്യവസായ സ്ഥാപനമുണ്ട്: മെൻഡസ് എന്ന ബോർഡു കണ്ടപ്പോൾ സംസ്കൃത പണ്ഡിതൻ എന്നോടു ചോദിച്ചു, അവിടെ ഏതു വസ്തുവാണ് നിർമ്മിക്കുന്നതെന്ന്. 'ബൾബ്' എന്ന് ഞാൻ മറുപടി നൽകി, മീററിങ്ങ് കഴിഞ്ഞു തിരിച്ചുവന്നതു് മറെറാരു വഴിയാണ്. തിരുവനന്തപുരം അടുക്കാറായപ്പോൾ പണ്ഡിതൻ ഗർഭിണിയായിരുന്ന യുവതിയോടു ചോദിച്ചു:— "മെൻസസ് കഴിഞ്ഞോ?" പരമ സാത്വികനാണ് അദ്ദേഹം. അതു് ഉറപ്പിച്ചുതന്നെ പറയാം. എങ്കിലും യുവതി അമ്പരന്നു. അവർ "ഹേ ഹേ ഹേ" എന്നു ഞരങ്ങി. പണ്ഡിതൻ വീണ്ടും അടുത്തിരുന്ന യുവതിയോടു ചോദ്യമായി:— "അല്ല മെൻസസ് കഴിഞ്ഞോ എന്ന്." കാറിന്റെ മുൻസീററിലിരുന്ന ഞാൻ പൊട്ടിച്ചിരിക്കാതിരിക്കാൻവേണ്ടി കൈലേസ് വായിൽ തിരുകി. എന്നിട്ടു പതുക്കെപ്പറഞ്ഞു:— "സാർ മെൻഡസ്, മെൻഡസ്, അതു ആററിങ്ങലിനടുത്താണ്: നാം ഇപ്പോൾ വേറൊരു വഴിക്കാണ് വരുന്നതു്." ഞാൻ ലജ്ജിച്ചു് തിരിഞ്ഞു നോക്കിയില്ല. നോക്കിയിരുന്നെങ്കിൽ ഈ നല്ല ഫലിതത്തിൽ യുവതിയും പുഞ്ചിരി പൊഴിച്ചതു് കാണമായിരുന്നു.

അംഗ്ളീഷ് ഹാസ്യത്തിലേക്കു കടക്കുന്നതാണ് നാം ഇവിടെ കാണുക.

വർഷങ്ങൾക്കുമുമ്പ് തിരുവനന്തപുരത്തു് ഓറട്ടർ ബഹദൂർ ഡോക്ടർ കുഞ്ഞൻ എന്നൊരാളുണ്ടായിരുന്നു. തനി യൂറോപ്യൻ വേഷം. വടി ഊന്നിയുള്ള നടപ്പ്. പക്ഷേ, ജോലി തെണ്ടുക എന്നതു്. അങ്ങനെ ആളുകളുടെ അടുക്കൽ വരുമ്പോൾ അയാൾ പച്ചത്തെറി പറയും, സൗന്ദര്യമില്ലാത്ത തെറി ആർക്കും ഇഷ്ടമില്ല. അതുകൊണ്ട് ഞാനും കൂട്ടുകാരും അയാളെ ഒഴിവാക്കിയിരുന്നു. പക്ഷേ, അയാളുടെ നടത്തം കണ്ടാൽ ഏതോ വലിയ ആളാണെന്നു തോന്നുകയും ചെയ്യും.

ശ്രീ. സുബ്രഹ്മണ്യൻ കൊളത്തറ "ദേശാഭിമാനി" വാരികയിലെഴുതിയ "വലയ്ക്കുള്ളിലെ കൊതു" എന്ന കഥ വായിച്ചപ്പോൾ ഞാൻ ഓറട്ടർ ബഹദൂർ ഡോക്ടർ കുഞ്ഞനെയാണ് ഓർമ്മിച്ചതു്. കഥയുടെ രൂപശില്പം: അതിനകത്തു് ജൂഗുപ്സാവഹമായ ആഭാസം. വിവാഹം കഴിഞ്ഞ മകനും ഭാര്യയും ഒരുമിച്ചുറങ്ങുന്നു. മകൻ വിളറിവെളുത്തു വരുന്നു. ഭാര്യയുടെ വയറു തടിച്ചു വരുന്നു. അച്ഛനു സംശയം കൈനെ കൊതുക കടിക്കുന്നുണ്ടോ എന്നാണ്. മരുമകൾ പരയുന്ന വല താഴ്ത്തിയിട്ടതന്നെയാണ് അവർ ഉറങ്ങുന്നതെന്ന്. അപ്പോൾ തന്തയ്ക്കു മനസ്സിലായി വലയ്ക്കുള്ളിൽ കൊതുകുണ്ടെന്ന്. ഏതു നല്ല കൃത്യത്തിനും ദോഷം നിറഞ്ഞ ഫലമുണ്ട്. എഴുത്തും വായനയും പഠിച്ചതുകൊണ്ടാണല്ലോ എനിക്ക് ഇതു വായിക്കേണ്ടി വന്നതു്.

—*—


ആക്കും ഇംഗ്ലീഷിൽ
സംഭാഷണം ചെയ്യാം

1. ഇംഗ്ളീഷിൽ സംഭാഷണം ചെയ്യാൻ ഇംഗ്ളീഷ് സംഭാഷണ പാഠാവലി വില 10 ക
2. ഇംഗ്ളീഷിൽ വ്യാകരണം പഠിക്കുവാൻ ഇംഗ്ളീഷ് വ്യാകരണ പാഠാവലി വില 6 ക.
3. For High School & College Students - Correct English. Rs 4-
4. ഇംഗ്ളീഷിൽ കത്തുകൾ എഴുതുവാൻ ഇംഗ്ളീഷ് Senior Letter Writer. വില 5ക.

തപാൽ ചെലവ് ഓരോ പുസ്തകത്തിനും 2ക. വീതം 4 ക. ഗ്യാൻക്ഷർ അയയ്ക്കുക. A. P. O. യിലുള്ളവർ മുഴുവൻ തുകയും മുൻകൂർ അയയ്ക്കണം.

Manager, (M. N) C. C, Book Depot, 6. Rajendran Colony. Arunachalam Road Saligramam MADRAS-93.




## കഥ

# ഒതുക്കുകല്ലും

## രാധ കെ. എം.

നട്ടുച്ചവെയിലും ഒതുക്കുകല്ലും കാഞ്ചന എന്ന പെൺകുട്ടിയുടെ മനസ്സിൽ ഇഷ്ടപ്പെടുകയോ, വെറുക്കുകയോ ചെയ്യാനാവാത്ത മരവിച്ച മൗനമായിരുന്നു. കടൽപോലെ ഇളകുന്ന ഈ വെയിൽ, ചുമന്ന ബ്ളൗസിട്ട, കരയില്ലാത്ത മൽമൽതുണ്ടുടുത്ത അവളിലെ യുവത്വത്തെ വിളിച്ചുറിയിച്ച വിഷുക്കാലത്തെ പെട്ടെന്ന് പെയ്ത മഴയ്ക്കുശേഷമുള്ള വെയിലായിരുന്നു.

പൂജകഴിഞ്ഞ് ബൽററിൽ നിറച്ചും നോട്ടുകളുമായി, വിശേഷങ്ങൾ മാത്രം കൊണ്ടുവരുന്ന ചെറിയച്ഛൻ ഒററമുണ്ടുടുത്തു് വേച്ച് വേച്ച്വന്ന് വയററിലെ എരിച്ചിൽ. ഓക്കാനിച്ചു. അപ്പോൾ റാക്കിന്റെ നാററം പാറി, ഉമ്മറത്തെ ഒതുക്കുകല്ലിൽവീണ് ഊർദ്ധശ്വാസംപിടിച്ച് ചത്തപ്പോൾ അണയാൻ മറന്നുപോയ കൊടും വെയിലായിരുന്നു അതു്.

സ്നേഹത്തിന്റെ വലയിതഭാവങ്ങളാൽ അവളെ ചിറകിലൊതുക്കവെ, ഏതോ കാലം തെററിയവേളയിൽ മുത്തശ്ശിയുടെ ജീവൻ പിടിച്ചെടുത്ത വെയിലായിരുന്നു അതു്.

ക്ഷയത്തിന്റെ വവ്വാലുകൾ കാണുതിന്ന് കരുവാക്കിയ അമ്മായിയുടെ പാമ്പ് പൊഴിച്ചപടംപോലുള്ള പുപ്പല്പിടിച്ച ദേഹം, മെടഞ്ഞഓലയിൽ, വേവുന്ന വെയിലിൽ ഉണക്കാനിട്ടപ്പോൾ അതു് താങ്ങാനാവാതെ അവൾ കണ്ണുപൂട്ടി, തലചേത്ത്, വിങ്ങിയ ഒതുക്കുകല്ലാണ് അതു്.

കൈവിട്ടുപോയ ബോധം വീണ്ടുകിട്ടാതെ, പാതിരാത്രിയിൽ അമ്പലക്കുളത്തിന്റെ നടുവിലേക്ക് ഉടുതുണിയില്ലാതെ നടന്നുചെന്ന് മുങ്ങുകയും പൊങ്ങുകയുംചെയ്ത അമ്മാവനെ തുടലിട്ടുമുറുക്കി, തലയിൽ എണ്ണപുരട്ടിച്ച് ഇരുത്തിയതു് ഈ ഒതുക്കുകല്ലിന്റെ നിശ്ചലതയിലാണ്.

വളരെ അടുത്തുപെരുമാറി പെൺകുട്ടിയുടെ മനസ്സ് ഇളക്കി, എന്നത്തെയോ ഒരു കടുംവെയിലിൽ ഉമ്മറത്തെ ഒതുക്കുകല്ലിന്റെ നിശ്ശൂന്യതയിലേക്ക് കയറിവന്ന്, "നാദിനു ... ന്നോട് ... എനിക്ക് വെറുപ്പാണ്" എന്നു പറഞ്ഞൊഴിഞ്ഞ, കറുത്ത ഇരുൾകലർന്ന മരപ്പട്ടി ചുവട്ടിലിരുന്ന ഒതുക്കുകല്ലാണ് അതു്.

തറവാട്ടിൻെറ അടിവേരുകൾ പട്ടിണിയിൽ നുള്ളിയെടുക്കവെ, ചാരിത്രത്തിൻെറ വല ഏറിഞ്ഞ്ക്ട്ടിയ നാണയങ്ങളുമായി വരുന്ന അമ്മാവൻെറ പതിനെട്ടുകാരിയായ മകളെ മുടിയ്ക്ക് കുത്തിപ്പിടിച്ച ചേട്ടൻെറ ഇരുമ്പുലക്കകൈകൾ തള്ളിയപ്പോൾ, അവൾ നെഞ്ചടിച്ച് മുക്ക്കുത്തി വീണതു് ഈ ഒതുക്കുകല്ലിന്മേലാണ്. ചോരചിനച്ച അവളുടെ മുഖത്തെ ഉപ്പുരസത്തെ പററിക്കാൻ അഹങ്കാരത്തോടെ കാഞ്ഞ വെയിലായിരുന്നു അതു്.

വീണ്ടും കെട്ടുപൊട്ടിച്ച്, മുറുക്കിച്ചുമപ്പിച്ച ചുണ്ടുകളിൽ കാമം നനച്ച്, വഴിയമ്പലമാക്കിയ ദേഹവുമായി നീങ്ങവെ, റോഡിൻെറ തിരക്കിൽകണ്ട അവളിലെ നിർബന്ധം തിയേററിൽ എത്തിച്ചപ്പോൾതന്നെ നോക്കി പുച്ഛിച്ച വെയിലായിരുന്നു അതു്.

പതുപതുത്ത മങ്ങിയ വെളിച്ചത്തിൽ, സീററിന് തൊട്ടടുത്തിരുന്ന കൂട്ടുകാരി "നഗരമോഹിനിയും താനും തമ്മിൽ എന്തു് ബന്ധം?" എന്ന ചോദ്യം കുർപ്പിക്കവെ, ഇനി ഒരിക്കലും പല പാത്രങ്ങളിലായി വേർപെടുത്തിവെച്ച സ്നേഹം തനിയ്ക്ക് കിട്ടില്ലെന്നും, അകലങ്ങൾ കൂട്ടിഅടുപ്പിക്കുകവയ്യെന്നും ഓർത്ത് പെൺകുട്ടി വേദനിച്ചു.

വെയിലും ഒതുക്കുകല്ലുമാണ് തൻെറ തറവാട്ടിൻെറ അടിത്തറയ്ക്ക് വിണ്ടുകീറലുണ്ടാക്കിയതെന്ന് അവൾ വിശ്വസിച്ചു ഭൂതഭേദത്തിൻെറവകതിരിവില്ലായ്മയായ വെയിലിൻെറ കുശ്മലത്വം അവസാനിപ്പിക്കാൻ കഴിയില്ലെന്നോർത്ത് അവൾ നടുങ്ങി.

ഒതുക്കുകല്ലിൻെറ അടിയിളക്കാൻ അവൾ പിക്കാസ്സെടുത്തു. പിക്കാസ്സിൻെറ മുന ആഞ്ഞപ്പോൾ മണ്ണ് കീറിമുറിഞ്ഞു. തൊണ്ടയിൽ ശബ്ദം വലംവെച്ചു.

"ഇതു് ... ഇനി ഇവിടെ കാണരുതു്. ഞാൻ ... ഉടച്ച് പൊടിയാക്കും."

"കാഞ്ചനേ ..."

വിറയ്ക്കുന്ന മുഴക്കം.

കാഞ്ചനയുടെ കൈകളിൽ കുതിരശ്ശക്തി പകർന്നുകയറി. പിക്കാസ്സ് ഒതുക്കുകല്ലിൽ കൊത്താൻ ഓങ്ങവെ, ഇരുമ്പുലക്കകൈകൾ അവളിലെ ബലത്തെ തുരത്തി. ഒതുക്കുകല്ലിന് താഴെ തെറിച്ചു പിക്കാസ്സിൽ കണ്ണീർത്തുള്ളികൾ ഇററുവീണു.

...o...



ഇക്കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്തിനുള്ളിൽ, ലോകകായികരംഗത്തു് ഇത്രയും വിവാദപുരുഷനായിത്തീർന്ന മറെറാരാളില്ല.

അന്തർദ്ദേശീയ കായികതലത്തിൽ അമേരിക്കൻ ഐക്യനാടുകളുടെ കൈയത്തിപ്പിടിക്കുന്നതിൽ അതിപ്രധാന പങ്കുവഹിച്ചുപോരുന്നതു് അവിടെ കറുത്തവർഗ്ഗക്കാരാണ്. അതുകൊണ്ടു് അവർ എക്കാലവും ഭരണാധികാരികൾക്ക് തലവേദന സൃഷ്ടിച്ചിട്ടുമുണ്ട്. കഴിഞ്ഞ ഒളിമ്പിക്സിലും അതാവർത്തിച്ചു. അതിൻെറ ഫലം അമേരിക്കയ്ക്കു് പലരെയേറെ അനുഭവപ്പെടുകയുംചെയ്തു.

മുപ്പത്തിമൂന്നുകാരനായ കാഷ്യസ് ക്ലേ എന്ന മുഹമ്മദാലി അമേരിക്കയുടെ ശത്രുവാണ്; ആരാധകരെക്കാളേറെ ശത്രുക്കളോ, ശത്രുക്കളെക്കാളേറെ ആരാധകരോ അയാൾക്കേറെയുള്ളതെന്നു പറയാൻ വയ്യ. എന്തായാലുംഅമേരിക്കൻ ജനത രണ്ടു തട്ടുകളിലാണിക്കാര്യത്തിൽ. ഒരു കൂട്ടർ മുഹമ്മദാലിയെ കഠിനമായി വെറുക്കുമ്പോൾ മറെറാരുവിഭാഗം ദൈവത്തെപ്പോലെ ആരാധിക്കുന്നു.

ആരാധകരുടെ ബാഹുല്യത്തിനുമുമ്പിൽ അനുകൂലകരമായ അന്തരീക്ഷം സൃഷ്ടിക്കാൻ മുഹമ്മദാലി ഒരിക്കലും മടിച്ചില്ല. കഴിഞ്ഞ മാർച്ച് 25-ാംതീയതി വെപ്നറുമായി ഏററുമുട്ടുമ്പോഴുണ്ടായിരുന്നു ഈ അന്തരീക്ഷം നിലനിർത്തുവാൻ കഴിഞ്ഞു. ഔന്നത്യത്തിലേക്ക് ഉയർന്നുകഴിഞ്ഞു.

ഓഹിയോവിലെ ക്ളീവ്ലാൻറ് ഗ്രാമത്തിനയ്യായിരത്തിലേറെ പ്രേക്ഷകർ ആകാംക്ഷാഭരിതരായി നോക്കിയിരിക്കെ ആരംഭിച്ച ലോകഹെവിവെയിററ് ബോക്സിംഗ് മത്സരത്തിൽ പങ്കുകൊള്ളാൻ റിംഗിൽ കടന്നുവന്ന അലിക്കു തന്നെ

തിരാളിയെപ്പററി അല്പംപോലും ഭയപ്പാടുണ്ടായിരുന്നില്ല. എന്നാൽ ആ ഏററുമുട്ടൽ പ്രേക്ഷകരിൽ അമ്പരപ്പും. ലോകചാമ്പ്യനിൽ സംഭ്രമവും സൃഷ്ടിക്കുകതന്നെ ചെയ്തു.

ബോക്സിംഗ്രംഗത്തു് അത്രയൊന്നും പ്രസിദ്ധനല്ലാത്ത ചുക്ക്വെപ്നറോടു പതിനഞ്ചുറൗണ്ടും പ്രയാസപ്പെട്ടു പൊരുതിയശേഷമേ വെറും സാങ്കേതികവിജയം നേടി തൻെറ ലോകകിരീടം സംരക്ഷിക്കാൻ അലിക്കു് കഴിഞ്ഞുള്ളു.

വാർത്താ ഏജൻസികളുടെ വിവരണത്തിൽനിന്നും അലി ഒരുപക്ഷെ അഭിമുഖീകരിച്ചിട്ടുള്ള അതിശക്തനായ എതിരാളികളിൽ ഒരാളായിരുന്നു വെപ്നറെന്നാണു മനസ്സിലാക്കേണ്ടതു്.

"അതിനിസ്സാരനായ ഒരെതിരാളിയെ നേരിടാനാണ് തൻെറ സ്വതസ്സിദ്ധമായ വാചകമടിയോടെ അലി റിംഗിലെത്തിയതു്. പക്ഷേ, അഞ്ചു റൗണ്ടുവരെ വെപ്നക്കു് ഒരു നേരിയ പരിക്കുപോലും ഏല്പിക്കാൻ ലോകചാമ്പ്യനു കഴിഞ്ഞില്ല. എ

# ക്ളേമുതൽ പീലേവരെ

## — വിതുര ബേബി

ന്നാൽ അഞ്ചാംറൗണ്ടിൽ കണ്ണിലേററ ഇടികൊണ്ടു് അയാൾക്കു്, അല്പം വിക്കം ഉണ്ടായി. ഒൻപതാം റൗണ്ടിൽ എല്ലാവരേയും അത്ഭുതപരതന്ത്രരാക്കിയഒരാഘാതത്തിനു് അലി വിധേയനായി. അലിയുടെ ഇടതുവാരിയെല്ലിൽ വെപ്നർ ഊക്കോടെ ഇടിച്ചു ഇടികൊണ്ടു് ലോകചാമ്പ്യൻ റിംഗിൽ മലർന്നടിച്ചുവീണു. എന്നാൽ റഫറി മൂന്നുവരെ എണ്ണിക്കഴിഞ്ഞപ്പോഴേയ്ക്കും അലി തപ്പിപ്പിടഞ്ഞെഴുന്നേററു.

അപ്പോഴേക്കും കോപാകുലനായിക്കഴിഞ്ഞിരുന്ന ചാമ്പ്യൻ തൻെറ ഇടതും വലതും കരങ്ങൾകൊണ്ടു് വെപ്നറെ തുരുതുരാ ഇടിച്ചു. വെപ്നറാകട്ടെ മിന്നൽവേഗതയിൽ അലിയെ തിരിച്ചടിച്ചുകൊണ്ടുമിരുന്നു. പതിനൊന്നാംറൗണ്ടിൽ അലി തൻെറ പ്രതിയോഗിയുടെ കണ്ണും മുഖവും ഇടിച്ചുകലക്കിയപ്പോഴേയ്ക്കും വെപ്നർ തളർന്നുതുടങ്ങിയിരുന്നു എങ്കിലും പതിന്നാലാം റൗണ്ടുവരെയും അയാൾ പ്രബലനായ ഒരെതിരാളിയായിത്തന്നെ നിലയുറപ്പിച്ചിരുന്നു.



പീലേ

പതിനഞ്ചാംറൗണ്ടിൽ അലി തൻെറ പ്രതിയോഗിയുടെ കണ്ണും മുഖവും ഇടിച്ചുകലക്കിയപ്പോഴേയ്ക്കും വെപ്നർ തളർന്നുതുടങ്ങിയിരുന്നു എങ്കിലും പതിന്നാലാം റൗണ്ടുവരെയും അയാൾ പ്രബലനായ ഒരെതിരാളിയായിത്തന്നെ നിലയുറപ്പിച്ചിരുന്നു.

പതിനഞ്ചാംറൗണ്ടിൽ അലി എതിരാളിയെ റിംഗിലൂടെ ഓടിക്കുകയും ഇരുകരങ്ങൾകൊണ്ടും അയാളെ ഇടവിടാതെ ഇടിക്കുകയും ചെയ്തു ഒടുവിൽ വലതുകൈകൊണ്ടു് നെഞ്ചിലേൽപ്പിച്ച കനത്ത ഇടിയാണ് വെപ്നറെ നിലംപതിപ്പിച്ചതു്. താഴെവീണിട്ടും പിടഞ്ഞെണീക്കാൻ ശ്രമിക്കുന്നതിനിടയിൽ, റഫറി ടോണി പെറസ്സ് മത്സരം നിറുത്തിവയ്ക്കുകയും അലി വിജയിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തു.

ഈ മത്സരത്തിൽ നിന്നു് പതിനെട്ടു ലക്ഷം ഡോളർ എന്ന അതിഭീമമായ ഒരു തുക അലിക്കു പ്രതിഫലമായി ലഭിച്ചുവെങ്കിലും വെപ്നർ ബോക്സിംഗ് രംഗത്തെ അവഗണിക്കാനാവാത്ത ശക്തിയാണെന്നു് തെളിയിക്കപ്പെട്ടു.

ബോക്സിംഗ് പുരാണത്തിലെ അതി

കാഷ്യസ്‌ക്‌ളേ

കായനും അതിമാനുഷനുമാണ് കാഷ്യസ്‌ക്‌ളേ എന്ന മുഹമ്മദാലി. വെപ്പ്നറെ പരാജയപ്പെടുത്തിയതോടെ അലി 45 തവണ വിജയമകുടം ചൂടി. ഇതിൽ 32 പ്രാവശ്യവും നോക്കൌട്ട് വിജയങ്ങൾ ക്കർഹനായി അയാൾ. വെറും രണ്ടു പ്രാവശ്യം—രണ്ടേ രണ്ടു പ്രാവശ്യം—മാത്രമാണ് അയാൾ തോററിട്ടുള്ളതു്.

1964ൽ ലോകഹെവിവെയിററ് ബോക്സിംഗ് ചാമ്പ്യനും സാർവ്വദേശീയ പ്രഗത്ഭനുമായ സോണിലിസ്റ്റണെ കനത്ത തോൽവിക്കു വിധേയനാക്കിക്കൊണ്ടാണ് കാഷ്യസ് ക്‌ളേ ശ്രദ്ധേയനായതു്. തുടർന്നുള്ള വിജയങ്ങൾ അയാളെ കൂടുതൽ ശക്തിമാനും സമ്പന്നനും ആക്കിത്തീർത്തു. റിംഗിലും പുറത്തും അത്യുച്ചത്തിൽ ഇടവിടാതെ സംസാരിക്കുകയും റിംഗിൽ എതിരാളികളെ മിന്നൽവേഗത്തിൽ ഇടിച്ചു വീഴ്ത്തുകയും ചെയ്യുന്ന ക്‌ളേയ്ക്കു് അമേരിക്കൻ ഭരണാധികാരികളിൽ നിന്ന് കയ്പേറിയ അനുഭവങ്ങളാണുണ്ടായതു്. അതുകൊണ്ടുതന്നെ ആ അമേരിക്കൻ നീഗ്രോ ഇസ്‌ലാം മതത്തിൽ ചേർന്നതും അല്ലാഹുവിൽ തന്റെ എല്ലാം അർപ്പിച്ചതും. മുഹമ്മദാലിയായി മാറി



ക്കഴിഞ്ഞശേഷമാണ് കൈവിലങ്ങുകൾ അയാളെ മാടിവിളിച്ചതു്, 1966ൽ— വിയററ്നാം യുദ്ധം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന കാലം. അമേരിക്കൻ സൈന്യത്തിൽ ചേർന്നു വിയററ്നാമിൽ പോരാടപ്പെടുവാൻ അധികൃതർ മുഹമ്മദാലിയോടു ആവശ്യപ്പെട്ടു. പാവപ്പെട്ടവരുടെ നേർക്കു ചേർന്ന് പാപപങ്കിലമായ ആ മരത്തിൽ പങ്കെടുക്കാൻ അലി കൂട്ടാക്കിയില്ല. അതിന്റെ ഫലമോ അലിയുടെ ലോകകിരീടം നിഷ്കരുണം എടുത്തുമാററപ്പെട്ടു. അയാൾ കാരിരുമ്പഴികൾക്കുള്ളിലായി.

വർഷങ്ങൾ നീണ്ടുനിന്ന ജയിൽ ജീവിതത്തിനുശേഷം മടങ്ങിവന്ന അലിയ്ക്ക് ആദ്യമൊന്നും തന്നെ നഷ്ടപ്പെട്ട തന്റെ കിരീടം വീണ്ടെടുക്കാൻ കഴിഞ്ഞില്ല. ജോ ഫ്രേസിയറുമായി നടന്ന പോരാട്ടം അയുടെ പതനം കുറിച്ചു. എന്നാൽ 1974 ഒക്ടോബർ 29-ാം തീയതി രാത്രിയിൽ കൈവിട്ടുപോയ ലോകകിരീടം ഏഴു വർഷങ്ങൾക്കുശേഷം തന്റെ ശിരസിലണിയുകതന്നെ ചെയ്തു.

സെയ്‌രയുടെ തലസ്ഥാനമായ കിഷാസായിലാണ് ചരിത്രത്തിലെ ഏ

ജോഹാൻക്രൈഫ്

വും വലുതെന്നും ഈ നൂററാണ്ടിലെ പോരാട്ടമെന്നും വിശേഷിപ്പിക്കപ്പെട്ട ആ മത്സരം നടന്നതു്.

ലോകചാമ്പ്യനായ ജോർജ്ജ് ഫോർമാനുമായുള്ള ആ മത്സരത്തിനു് എത്രയോ ഏറെ മാസങ്ങളിലെ ഒരുക്കങ്ങളുണ്ടായിരുന്നു, രണ്ടുപേക്കും.

"ഞാൻ അവന്റെ വായ് അടപ്പിക്കും, അവനെ റിംഗിൽനിന്നും എക്കാലത്തേക്കുമായി പറഞ്ഞയക്കും." എതിരാളിയെപ്പററി ഈ പ്രഖ്യാപനം നടത്താൻ ഫോർമാൻ തെല്ലും മടിച്ചില്ല: മുൻ ചാമ്പ്യനായ ജോ ലൂയിസിനു തെല്ലും സംശയമുണ്ടായിരുന്നില്ല ഫോർമാന്റെ വിജയത്തിൽ. "ഫോർമാൻ ജയിക്കും. അയാൾ ശക്തനാണ്. തന്ത്രശാലിയാണ്. അലിയുടെ സ്റ്റാറിനെ കൈവിട്ടിരിക്കുന്നു."ബോക്സിംഗ് 'ഫാവസി'ൻ ഏറിയ പങ്കും ജോ ലൂയിസിന്റെ അഭിപ്രായത്തെ ആദരിച്ചവരായിരുന്നു, അലി തോല്ക്കും."

എന്നാൽ മറിച്ചായിരുന്നു സംഭവിച്ചതു്. ഏററുമുട്ടലിന്റെ എട്ടാം റൗണ്ടിൽ തന്നെ, തന്നെക്കാൾ ഏഴു വയസ്സിനു് എളുപ്പമുള്ള ഫോർമാനെ അലി നിലം പതിപ്പിച്ചു. മിന്നൽ വേഗതയിൽ സിംഹത്തെപ്പോലെ കുതിച്ചുചാടി ഇടിച്ച അലിയെ നേരിടാൻ ഫോർമാൻ അശക്തനായിരുന്നു. മുഖമാകെ ഇടികൊണ്ടു വീർത്തു. കണ്ണു വീങ്ങി, ചോരയൊലിച്ചുനിന്ന ഫോർമാൻ എട്ടാം റൗണ്ടിൽ റിംഗിന്റെ വലതുവശത്തു ചെന്നു വീണു.

സംഘാടകർക്ക് ഇരുപത്തിഒന്നരക്കോടി രൂപ നേട്ടമുണ്ടാക്കിയ ആ മത്സരം അലിയുടെ തിരിച്ചു വരവിനെ കുറിക്കുന്നു: ഇക്കഴിഞ്ഞ മാർച്ചിൽ വെപ്പ്നറെ വീഴ്ത്തിയതോടെ അലി ബോക്സിംഗ് ചരിത്രത്തിലെ അജയ്യപുരുഷനായി മാറുകയും ചെസ്സിരിക്കുന്നു.

ഏപ്രിൽ ആദ്യവാരത്തിൽ ആംസ്റ്റർഡാമിലാണ് അന്തർദ്ദേശീയ ചെസ്സ് രംഗത്തെ കോളിളക്കം സൃഷ്ടിച്ച സംഭവം നടന്നതു്. ചെസ്സിലെ ലോകചാമ്പ്യനായ അമേരിക്കയിലെ ബോബിഫിഷറുടെ ചെസ്സുകിരീടം എടുത്തുകളഞ്ഞുകൊണ്ടു 23 കാരനായ സോവിയററ് ഗ്രാൻറു മാസ്റ്റർ അനാറോളി കാർപോസ് ലോകചാമ്പ്യനായി പ്രഖ്യാപിക്കപ്പെട്ടു.

കാർപ്പോവ്

രണ്ടു വർഷം മുമ്പ് നിലവിലുള്ള ചാമ്പ്യൻസോവിയററുയൂണിയനിലെ സ്പാസ്കിയും ഫിഷറും തമ്മിലുള്ള സുപ്രസിദ്ധമായ ഏററുമുട്ടലാണ് ചെസ്സ് ജനകീയശ്രദ്ധ ആകർഷിക്കാൻ ഏറെ ഉതകിയതു്. ധീക്കാരിയും ആരെയും കൂസാത്തവനുമായ ഫിഷറും ശാന്തശീലനായ സ്പാസ്കിയും തമ്മിലുള്ള ഈ മത്സരം ഫിഷറുടെ വിജയത്തിലാണു കലാശിച്ചതു്. അതോടെ ലോകത്തിലെ ചെസ്സ് മഹാരാജാവാണു താനെന്നു ഫിഷർ ഖ്യാതിനടിക്കുകയും ചെയ്തു.

പുതിയ ചാമ്പ്യനെ കണ്ടെത്താനുള്ള സമയം വന്നു. ഫിഷറാണ് ലൈനിൽ സ്വാഭാവികമായും കളിക്കേണ്ടതു്. സ്പാസ്കിയുൾപ്പെടെ നിരവധി ഗ്രാൻറുമാസ്റ്റർമാരെ തോല്പിച്ചുകൊണ്ടാണ് ലെനിൻഗ്രാഡുകാരനായ കാർപോവ് ഫിഷറെ നേരിടാൻ തയ്യാറായതു്.

ഇൻറർനാഷണൽ ചെസ് ഫെഡറേഷന്റെ നിയമങ്ങൾക്കു വിധേയമായി കാർപോസുമായുള്ള ഫൈനൽ മത്സരത്തിനു് ഫിഷർ സമ്മതിക്കേണ്ട സമയം ഏപ്രിൻ ഒന്നാം തീയതി അർദ്ധരാത്രിവരെ ദീർഘിപ്പിച്ചിരുന്നു. നിശ്ചിത സമ

യൂസേബിയോ

യം കഴിഞ്ഞിട്ടും ഫിഷർ കളിക്കാനുള്ള തീരുമാനം അറിയിക്കുകയുണ്ടായില്ല. തുടർന്ന് 24 മണിക്കൂർ കൂടി നീട്ടിക്കൊടുത്തിട്ടും ഫിഷർ സമ്മതം അറിയിച്ചില്ല. അതെത്തുടർന്നാണ് ചെസ് ഫെഡറേഷൻ പ്രസിഡൻറ് മാക്സ് ഈവ്, കാർപോവ് വിജയിച്ചതായി പ്രഖ്യാപിച്ചത്.

മോസ്കോ യൂണിവേഴ്സിറ്റിയിലെ സാമ്പത്തികശാസ്ത്ര വിദ്യാർത്ഥിയായ കാർപോവ് ചെസ്സിൽ വളരെ പുതിയ തന്ത്രങ്ങളാവിഷ്ക്കരിക്കുന്നയാളാണ്.

താൻ ലോകചാമ്പ്യനായ വാർത്തയറിഞ്ഞ് കാർപോവ് പറഞ്ഞത് ഇങ്ങനെയാണ്. "എൻെറ ജീവിതത്തിലെ അവിസ്മരണീയമായ ഒരു ദിവസമാണിത്. ഞാൻ എവിടെ വെച്ചും ഫിഷറെ നേരിടാം. പക്ഷേ. അയാൾ ഒരു മത്സരത്തിനു തയ്യാറാവുകയില്ല. കാരണം വിജയത്തെക്കുറിച്ച് അയാൾ ആശങ്കാകുലനായിരിക്കണം."

ലോകചെസ്സ് ഫെഡറേഷനിൽ ഉപജാപങ്ങളുടെയും കക്ഷികളിയുടെയും ഒരു താവളമാണ്. ചെറുപ്പക്കാരനും മിതഭാഷിയും മാന്യനുമായ ഒരു ചെസ്സ് ചാമ്പ്യൻെറ ജനനം ലോകചതുരംഗവേദിയിൽ ആശ്വാസകരമായ വ്യതിയാനം വരുത്തിയെന്നും പറയാം.

★

സുപ്രസിദ്ധിയാർജ്ജിച്ച പലേ വിശപത്രങ്ങളിലും ഇക്കഴിഞ്ഞ മാർച്ച് 28 – ന് അതൊരു പ്രാധാന്യവാർത്തയായിരുന്നു ഈ കാലഘട്ടത്തിലെ ഏറ്റവും മികച്ച മൂന്നു ലോകപ്രസിദ്ധ 'ചെക്കർതാരങ്ങൾ' ഉൾപ്പെട്ട ഒരു ഫുട്ബാൾ ടീം പരാജയപ്പെട്ടിരിക്കുന്നു, അതുമദയനീയമായി പരാജയപ്പെട്ടിരിക്കുന്നു.

മൂന്നു ലോകകപ്പു ഫുട്ബാൾമത്സരങ്ങളിൽ ബ്രസീലിനെ വിജയത്തിലേക്കു നയിക്കുകയും, അതുവഴി ജൂൾസ്റിമേക്കു എക്കാലവും ബ്രസ്സീലിനു സ്വന്തമാക്കിക്കൊടുക്കുകയും ചെയ്ത "പീലെ", കഴിഞ്ഞ മൂണിച്ചിലെ ലോകകപ്പ് വേളയിലും ലോകോത്തരപ്രശസ്തിയാർജ്ജിച്ച ഹോണ്ടിൻെറ ജോഹാൻ ക്രൈഫ്, പോർട്ടുഗലിൻെറ സാർവദേശീയ പ്രശസ്തനായ യൂസേബിയോ, എന്നിവരായിരുന്നു ആ യനീയ പതനത്തിനു വിധേയരായ ചെക്കർ താരങ്ങൾ. അവരുടെകൂടെ മറെറാരു ലോകപ്രസിദ്ധനുമുണ്ടായിരുന്നു, ജയർസിഞ്ഞോം.

ജീവിതത്തിലാദ്യമായി ഇവർ ഒരുമിച്ചു. ഒരേടീമിൽ കളിക്കുകയായിരുന്നു ബൽജിയമായിരുന്നു മത്സരരംഗം — പതിനഞ്ചുവർഷക്കാലം ബൽജിയം ദേശീയഫുട്ബോൾ ടീമിൻെറ മിഡ്ഫീൽഡിൽ പ്രശോഭിച്ചിരുന്ന പാൾവാൻ ഹിംസ്റ്റിൻെറ ധനശേഖരണത്തിനുവേണ്ടിയുള്ള മത്സരമായിരുന്നു അത്. "ഫി ഫാ"യുടെ ലോകഫുട്ബാൾ ടീമും പാൾവാൻെറ ക്ളബ്ബുമായി ആൻഡെർലഖ്ത്തറ ക്ളബ്ബുംതമ്മിൽ നടന്ന വാശിയേറിയ ഈ മത്സരത്തിൽ ആതിഥേയർ, റിനസ് ഡെവെക്കിൾസ് പരിശീലനം നൽകിയ, പീലേയും യൂസേബിയോയും ക്രൈഫ്, ജയർസിഞ്ഞോയും ഉൾപ്പെട്ട ലോകടീമിനെ മൂന്നിനെതിരെ എട്ടുഗോളിനു (8– 3) തകർക്കുകയുണ്ടായി പാർക്ക് ഓഫ് ട്രിഡ്സ്റ്റേഡിയത്തിൽ ഈ മത്സരം കാണാൻ മുപ്പതിനായിരത്തിൽപ്പരം പേർ സ്ഥലത്തെ



പിടിച്ചിരുന്നു. കനത്ത മഴമൂലം ചെളികെട്ടിയ സ്റ്റേഡിയത്തിൽ ഫുട്ബോൾ യന്ത്രികരായ പീലേക്കും കൂട്ടുകാർക്കും ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. മറിച്ചു പരസ്പരധാരണയോടും, നൂതനാടവുകളോടുംകൂടി ബൽജിയൻടീം പ്രഗത്ഭരായി കളിച്ചു. രണ്ടുപകുതികളിലുമായി നാലു ഗോൾവീതം എട്ടുഗോൾ അവർ ലോകടീമിൻെറ വലയിലെത്തിച്ചു മാത്രമല്ല എതിരാളികളെ നേരിടുകയാണ് അവരുടെ പ്രതിരോധനിര അപ്രതിരോദ്യമായി നിലകൊള്ളുകയും ചെയ്തു. തൻെറ അത്ഭുതംനിറഞ്ഞ ഫുട്ബോൾ ജീവിതത്തിലെ ഏററവും കനത്ത ആഘാതത്തിനു പീലേ വിധേയനായതും ഇവിടെവച്ചായിരുന്നു. ഒരു പെനാൽററി കിക്ക് പീലേയുടെ വകയായിരുന്നു. തൻെറ വലതുകാലുകൊണ്ടു പീലെ ഗോൾവലയത്തിലേക്കു തകർപ്പനടി നടത്തുകയും ചെയ്തു. എന്നാൽ എതിർഗോളി ജാൻ റുയിട്ടറുടെ കൈകളിൽ ആ പന്ത് ഒതുങ്ങിപ്പോയി. യൂസേബ്യോയോയും ഇത്തരമൊരു പെനാൽററി പാഴാക്കി അതും ഗോളിയുടെ കയ്യിലൊതുങ്ങി.

വാൻ ഹിംസ്റ്റ്, ആതിഥേയടീമിൻെറ പ്രധാന ശക്തിയായി കളിച്ചിരുന്ന, രണ്ടു ഗോൾ അയാളായിരുന്നു സ്കോർ ചെയ്തതു്അതിൽഒരെണ്ണംപെനാൽററിഗോളും.

പരാജിതരുടെ മൂന്നു ഗോളുകളിൽ രണ്ടു ബ്രസീലിയൻ താരമായ ജോസെ അൽത്താഫ്നിയാണ് സ്കോർ ചെയ്തതു്. മാർസലസ് ക്ളബ്ബിൻെറ ജേഴ്സിയണിഞ്ഞു് ഇപ്പോൾ ഫ്രഞ്ച് ടീമിൽ കളിക്കുന്ന മുൻ ബ്രസീലിയൻ ഇൻറർനാഷണൽ കളിക്കാരനായ പാവ്ലോ സീസറാണ് മൂന്നാമത്തെ ഗോൾ നെററിലെത്തിച്ചതു്.

ഇതു് ഒരു പ്രദർശനമത്സരമായിരുന്നുവെങ്കിലും വ്യാപകമായ പ്രാധാന്യം ഈ ഏററുമുട്ടലിനുണ്ടായിരുന്നു: പീലെ ക്രൈഫ്, തുടങ്ങിയ ലോകകപ്പുകളിക്കാർ പങ്കെടുക്കുന്നു എന്ന പ്രാധാന്യം.

ലോകം ഇന്നോളം കണ്ടിട്ടുള്ള ഏററവും വലിയ സോക്കർ താരങ്ങളിൽ ഒരാളും ബ്രസ്സീലിൻെറ ദേശീയ സമ്പത്തുമായി 'ഏഡ്സൻ അറാൻറസ് ദി നാസിമൻേറാ' എന്ന പീലെയുടെ എല്ലാ പ്രഭാവങ്ങളും മങ്ങിപ്പോയിരിക്കുന്നു എന്ന് ഈ മത്സരം തെളിയിച്ചു.

വരുന്ന ഒക്ടോബറിൽ 35 വയസ്സു തികയുന്ന പീലെ രാജ്യാന്തരീയ മത്സരങ്ങളിൽ മാത്രമായി 120ഗ–ൽപ്പരം ഗോളുകൾ സ്കോർ ചെയ്യുകയും മൂന്നുതവണ തൻെറ രാജ്യത്തിനു് വിജയം നേടിക്കൊടുത്തു് ലോകഫുട്ബാളിലെ അനശ്വര മുദ്രയായ ജൂൾറിമെ കപ്പ് സ്വന്തമാക്കാൻ വിലപ്പെട്ട പങ്കുവഹിക്കുകയും ചെയ്തയാളാണ്.

പതിനേഴുവർഷം തുടർച്ചയായി സാൻേറാസ് ക്ളബ്ബിൻെറ ജഴ്സിയണിഞ്ഞിരുന്ന ഫുട്ബാൾ 'രാജാവ്' പീലെ കഴിഞ്ഞ ഒക്ടോബറിൽ തൻെറ ജേഴ്സിയുരി. രോമാഞ്ചജനകമായ ആ നിമിഷത്തെപ്പററി വിശദമായറിപ്പോർട്ടുകൾ വന്നതാണ്. സാൻേറാസ് ക്ളബ്ബിനോടും ഫുട്ബാളിനോടും വിടപറഞ്ഞ പീലേ രണ്ടു മാസംമുമ്പ് തൻെറ തീരുമാനം തിരുത്തിക്കുറിച്ചതായി കേട്ടു. വീണ്ടും സോക്കർ ഫീൽഡിൽ താൻ കടക്കുമെന്നു്.

"ഫുട്ബോളിൽനിന്നും വിരമിക്കുന്നതു് വിഷമം പിടിച്ച കാര്യമാണെന്നു് പറഞ്ഞ പീലെ കഴിഞ്ഞ ഒക്ടോബറിൽ തറപ്പിച്ചു പറഞ്ഞതു് ഇങ്ങിനെയാണ് "തീരുമാനം മുമ്പ പല കളിക്കാരും മാററിമറിച്ചതുപോലെ എൻെറ തീരുമാനം ഞാൻ മാററിമറിയ്ക്കുകയില്ല."

ലക്ഷക്കണക്കിനു് ഡോളർ കിട്ടുന്ന ഒന്നാണ് ഫുട്ബോൾ കളി. ആ ആകർഷണശക്തിയിൽ നിന്നകലാൻ പീലേയ്ക്കു് കുറെക്കാലം കൂടി വേണ്ടിവരുമെന്നുതന്നെ കരുതാം.

...o...

## ഇരുപത്തിയെട്ട്

എന്റെ മനസ്സിന് ഇപ്പോൾ നല്ല തെളിച്ചമാണ്. ഇടയ്ക്കു കുറേക്കാലം ശാശ്വതമല്ലാത്ത കാര്യങ്ങളിൽ വിശ്വസിച്ചു കഴഞ്ഞുമറിഞ്ഞു കിടക്കുകയായിരുന്നു."

"സൈക്കിയാറ്ററിസ്റ്റിനോടു കൺസൽട്ടു ചെയ്യണം."

"ഇതു ഭേദപ്പെടാത്ത രോഗമാണ്."

"രവീന്ദ്രൻ! അയാൾക്കു നാണമില്ലേ?'

"അങ്ങനെയൊരു സ്വഭാവസർട്ടിഫിക്കററു ചോദിച്ചു വാങ്ങത്തക്കവണ്ണം ഭീരുവല്ല രവീന്ദ്രൻ. ഞാനെവിടെയാണു താമസിക്കുകയെന്നയാൾക്കറിയില്ല."

"ഞാൻ ആ വിഡ്ഢിയോടൊന്നു സംസാരിച്ചു നോക്കട്ടെ."

"മുമ്പിലില്ലാത്തവരെ ആക്ഷേപിക്കുന്ന

# വഴിയറിയാത്ത യാത്ര

തൊരു തരം വിഡ്ഢിത്തം തന്നെ"

"ഛെ; ഭാര്യയോടു സല്ലപിച്ചിരുന്നു ഞാൻ വന്നുവല്ലോ ഞാൻ"

കൈയിൽ വാരിയ ചോറു പാത്രത്തിലിട്ടു മോഹനെഴുന്നേററു. കൈ കഴുകി. മടങ്ങിപ്പോകാനൊരുങ്ങി.

"ഫ്രസ്റ്റ്രേഷൻ ഒരു സ്ത്രീയെ എവിടെ വരെയെത്തിക്കുമെന്നു മോഹനറിയില്ല."

അതു കേൾക്കാത്ത മട്ടിൽ അയാൾ പടിയിറങ്ങി.

ഇപ്പുറത്തെ കിടപ്പറയിൽ ഉറങ്ങാറായില്ലേ?"

ഉച്ചയ്ക്കു സരള പറഞ്ഞകാര്യം മോഹനൊന്ത്. നൈരാശ്യവും വെറുപ്പും. വാസ്തവമാണ്. താൻ അവളെ കുറേയേറെ അവഗണിച്ചു. കഴിഞ്ഞതൊക്കെ മറക്കുക. കിടപ്പറ മാറിക്കഴിയുമ്പോൾ സരളയുടെ പിണക്കം പകുതി കഴിയും. ആഴ്ചയിൽ നിന്ന് മടങ്ങിവന്നിട്ട് മൂന്നാം നാൾ മാസമായി.

"അതിനെന്താ? എനിക്കൊരു മട്ടു."

ആ മറുപടി പ്രതീക്ഷിച്ചതല്ല. സരളയ്ക്കു മനസ്സിൽ വെറുപ്പ് ഒളിഞ്ഞുകിടപ്പുണ്ടാവുമോ? മനസ്സു നിറയെ സംശയങ്ങളായിരുന്നു. താൻ പഴയതുപോലെ വെപ്പു മാറിത്തുടങ്ങുമ്പോൾ കാര്യങ്ങളെല്ലാം നേരെയാകും. കുടി നിറുത്തും തുടങ്ങിട്ടേയുള്ളു. ഒരു പകവീട്ടലാണ്. അഥവാ ഇനിയല്ലം കുടിച്ചാൽ തന്നെ തരക്കേടില്ല. മുമ്പൊക്കെ താൻ തന്നെ അതിനു നിർബന്ധിച്ചിട്ടുള്ളതാണ്. ചെറിയ ഒരു 'ശമ്പിരി' കിടപ്പറയിലൊരു സുഖമാണെന്നു പറഞ്ഞിരുന്നു. താൻ കുടിക്കുന്ന ഗ്ലാസ്സിൽനിന്ന് ഒരിറക്കു കുടിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. മോഹൻ കുടിച്ചോളൂ എനിക്ക് ഒബ്ജക്ഷനില്ല. പക്ഷേ, ഞാനില്ല!

ആ ദിവസങ്ങൾ എത്ര സുന്ദരങ്ങളായിരുന്നു. അവൾ തന്നിൽനിന്നും ഒന്നും ഒളിച്ചുവെച്ചിരുന്നില്ല. കോളേജിൽ പഠിച്ചകാലത്ത് അയാളറിയാതെ ഒരാളിനെ പ്രേമിച്ച കഥപറയുമായിരുന്നു. 'സുദർശനൻ ഗോപിയുടെ മുമ്പിൽ കൊണ്ടുപോയ സാഹിത്യത്തിന്റെ ?ഹരി ശ്രീ' മണലിലെഴുതിച്ചതദ്ദേഹമാണ്. ഞാനേററവും ബഹുമാനിക്കുന്ന ഗുരുനാഥൻ. പക്ഷേ വലിയ വികൃതിയായിരുന്നു. കണ്ട പെൺപിള്ളേരുടെയൊക്കെ പുറകെ പോകുന്നു എന്ന് ആളുകൾ പറയാറുണ്ടായിരുന്നു. അതുകൊണ്ട് താൻ വേണ്ടെന്നു വെച്ചു അതെ അതാണു സത്യം. പക്ഷേ, വേണ്ടെന്നുവച്ചുവെന്നു പറയാൻ വയ്യ. ആ മധുരസ്മരണ ഇന്നും മനസ്സിലുണ്ട്. അപ്പോൾ എനിക്ക് ശരീരം മാത്രമേയുള്ളു. ഒരു കോവിലിൽതന്നെ ഒന്നിലധികം പ്രതിഷ്ഠകളില്ലേ? പ്രധാന പ്രതിഷ്ഠ? സംശയിക്കേണ്ടോ? അവൾ തന്നോട് ഒട്ടിച്ചേർന്നു കിടക്കും. ചുംബനത്തിനു വേണ്ടി ചുണ്ടുപിളുത്തും. എല്ലാം തന്നോടു തുറന്നു പറഞ്ഞിരുന്നു.

## ഞെക്കാട്ട്

താനാണ് സകലതും ഒളിച്ചുവച്ചതു്. സരളയോടു സ്നേഹമില്ലാഞ്ഞിട്ടല്ല. അവളെ വിശ്വാസമില്ലായിരുന്നു. ഉദ്യോഗസംബന്ധമായാണ് കുടി പഠിച്ചതു്. പക്ഷെ, അതു് അതിരുകടക്കുന്നതു കണ്ടപ്പോൾ സരള സ്നേഹപൂർവ്വം തടഞ്ഞു, കുടി കഴിഞ്ഞാൽ കൂട്ടിക്കൊണ്ടുപോകാനൊരു കൂട്ടുകാരിയുണ്ടായി. അവളുടെ ശരീരത്തിനു കൂടുതൽ കുളിർമയനുഭവപ്പെട്ടു. അവളുടെ കൊഞ്ചലുകൾ വശ്യമന്ത്രങ്ങളായിരുന്നു. കുടിയും,, പുകയിലയും ഭാര്യയിൽനിന്നൊളിക്കാനേ വഴിയുണ്ടായിരുന്നുള്ളു. സരളയുടെ പ്രായത്തെപ്പററി ആക്ഷേപം തോന്നിത്തുടങ്ങി. പ്രത്യക്ഷമായിത്തന്നെ താൻ അവജ്ഞ കാണിക്കാൻ തുടങ്ങി. അതൊന്നും കണ്ടില്ലെന്നു് അവൾ ഭാവിച്ചു.

"മോഹൻ ഉറങ്ങിയില്ലേ?"

"സരള വരാൻ കാത്തിരിക്കയായിരുന്നു."

"താരാട്ടു പാടിത്തരാനാണോ?"

അവളുടെ സ്വരം ചിലമ്പി. താരാട്ടു പാടാനൊരു കുഞ്ഞിനെയും പ്രതീക്ഷിച്ചു കഴിയുകയായിരുന്നു. മനസ്സിൽ വളർന്നുവന്ന ആ ചന്ദനമരത്തെ പിഴുതെറിഞ്ഞതു് താനാണ്. രവീന്ദ്രനെപ്പററി തനിക്കു സംശയം തോന്നി. അതു വെറുതേയായിരുന്നോ? ആവില്ല. അവർ തമ്മിൽ പണ്ടും ബന്ധമുണ്ടായിരുന്നിരിക്കണം. എങ്കിൽ അവനെ വിവാഹം കഴിക്കാത്തതെന്തേ? അവൻ ആളൊരു മന്ദനാണ്. തടിമിടുക്കും, ചുറുചുറുപ്പുമില്ലാത്ത ഒരാളിനെ ജീവിതകാലം മുഴുവൻ കഴുത്തിൽ കെട്ടിത്തൂക്കിനടക്കാൻ അവളിഷ്ടപ്പെട്ടില്ല. തനിക്കു നേരിട്ടറിവുള്ളതാണല്ലോ. കാട്ടുതീയുടെ വേഗമാണ് സരളയ്ക്കാവശ്യം. തന്നെത്തന്നെ അവളതു്തപ്പെട്ടുത്തീട്ടുണ്ട്. നർമ്മോക്തി പറയുവാൻ, വികാരം ചൊറിഞ്ഞിളക്കുന്ന കാമകേളിയിലേക്കു പിടിച്ചിറക്കുവാൻ എല്ലാററിനും അവൾ സമർത്ഥയായിരുന്നു. നോവലെഴുത്തുപോലെ തന്നെ രതിയും അവൾക്കു ജന്മനാ കൈവന്ന ഒരു വാസനയാണ്? ഇടക്കാലത്തു് താൻ ശ്രദ്ധിക്കാറുണ്ടായിരുന്നില്ല. അപ്പോഴാ

ണ് അവൾ രവീന്ദ്രനുമായി ബന്ധം വെച്ചത്. ഭാര്യ വന്നതു മുതൽ ഒന്നല്ലെങ്കിൽ മറ്റൊരു കാര്യം പറഞ്ഞു രവീന്ദ്രൻ ആഴ്ചയിലൊരു പ്രാവശ്യം വരാറുണ്ടായിരുന്നു. പകലാണ്. താനില്ലാത്ത തക്കംനോക്കി വീട്ടിൽ വരും. കിഴവിത്തള്ളയല്ലേ ഒന്നുമറിയില്ല. അതിനു നേരെ കണ്ണടച്ചാൻ പററിയില്ല. ഇത്രയൊക്കെയുണ്ടായിട്ടുമെന്നോർത്തില്ല ഒന്നു ചോദിച്ചു. ചീനത്തിയുമായുള്ള ബന്ധം, തൻെറ വകയായി അവൾക്കൊരു കുഞ്ഞുണ്ടെന്നും, കാഞ്ചനയെ താനാണ് കൊണ്ടുനടക്കുന്നതെന്നും സരള അറിഞ്ഞിരുന്നു. ഒന്നും ചോദിച്ചില്ല. ബഹളം കൂട്ടിയില്ല.

"പാടാഞ്ഞിട്ടു പരിഭവിച്ചാണോ? മിണ്ടാനിഷ്ടമില്ലെങ്കിൽപിന്നെ.'

'അതല്ല സരളേ, എൻെറ തെററുകളെ പററി ഓർക്കുകയാണ്.'

"തെററും ശരിയും മനസ്സിൻെറ രണ്ടു ഭാവങ്ങളാണ്. ചലനാത്മകമായ മനസ്സിൽ അതുറച്ചുനിൽക്കരുതാത്തതാണ്."

"നിരന്തരവാദപരമായി പെരുമാറി. ഒരു പ്രാവശ്യമല്ല; ഒരു നാളല്ല നീണ്ടകാലം."

"ചുമതലാബോധം അത്രതന്നെ മാനിക്കപ്പെടുന്ന കാലത്തല്ല നമ്മൾ കഴിയുന്നത്."

"കഴിഞ്ഞതെല്ലാം സരള മറന്നുകളയണം."

"നടന്നവയെപ്പററി ഓർത്തുവയ്ക്കുന്ന പ്രകൃതംതന്നെ എനിക്കില്ലാതെയായിട്ടുണ്ട്."

"സത്യമാണോ?"

"ആണയിടീലിൽ എനിക്കു വിശ്വാസമില്ല."

"വരൂ. നമുക്കു കുറേനേരം മട്ടുപ്പാവിൽ പോയിരുന്നു സൊള്ളാം."

"പ്രേമസല്ലാപങ്ങളിൽ എനിക്കു വിശ്വാസമില്ല. ഞാനൊരു കഥപറഞ്ഞതോർമ്മയില്ലേ. സ്നേഹിച്ച പെൺകുട്ടിയെ ഒരു സുഖവാസകേന്ദ്രത്തിൽ കൂട്ടിക്കൊണ്ടുപോയി ഭാര്യാഭർത്താക്കന്മാരെന്ന് രജിസ്റ്ററിൽ പേരെഴുതി രാത്രികഴിക്കാനെത്തിയതാണ് യുവാവ്."

പത്തുപേർ കഴിക്കുന്ന ചരസ്സ് ഒററയിരുപ്പിൽ വലിച്ചുകേററീട്ട് നിരത്തുവിളക്കുകളിൽ ഉമ്മവെച്ചുകൊണ്ട് നേരം വെളുക്കുവോളം അലഞ്ഞുനടന്ന യുവാവിൻെറയും,


## ആസ്ത്മായ്ക്ക് ഒരു ഒററമൂലി

ആസ്ത്മായെ പൂർണ്ണമായി സുഖപ്പെടുത്തുന്ന ഒരു ഒററമൂലി ശ്രീ കേശവ് മോഹൻലാൽ സാധുക്കൾക്കായി വിതരണം ചെയ്തുവരുന്നു. രാജസ്ഥാനിലെ പ്രഗത്ഭ രാഷ്ട്രീയ സാമൂഹ്യ നേതാവായിരുന്ന ശ്രീ ശംഭുനാഥിൻെറ പൗത്രനാണ് മോഹൻലാൽ: ഈ ഒററമൂലി ഒരു സന്യാസിയാണ് ശംഭുനാഥിന് നൽകിയത്. നാല്പതു വർഷക്കാലം ഈ ദിവ്യൗഷധം സാധുക്കൾക്ക് സൗജന്യമായി അദ്ദേഹം വിതരണം ചെയ്തു. നിസ്വാർത്ഥമായ ഈ സേവനത്തിന് ഗവർണ്മെൻറ് അദ്ദേഹത്തിന് പെൻഷൻ അനുവദിക്കുകയുണ്ടായി: എന്നാൽ തൻെറ ചുമതല പൗത്രനെ ഏല്പിച്ചശേഷം ശ്രീ ശംഭുനാഥ് ഒടുവിൽ സന്യാസിയായി തീരുകയാണുണ്ടായത്: ഇപ്പോൾ പൗത്രൻ ഉദാരമതികളോടും ധനവാന്മാരോടും ആ മഹത്തായ ഉദ്ദേശത്തിന് സഹായം ചെയ്യാൻ അഭ്യർത്ഥിച്ചുകൊണ്ട് തൻെറ ചുമതല തുടരുകയാണ്. വളരെ പഴകിയ ആസ്ത്മായുള്ളവരുൾപ്പെടെ അനേകം രോഗികൾ ഈ ഒററമൂലിയുടെ മൂന്നുമാത്രകൾ കഴിച്ചതോടെ പൂർണ്ണസുഖം പ്രാപിച്ചിട്ടുണ്ട്: ആസ്ത്മാരോഗികൾ ഈ ഒററമൂലിയ്ക്ക് താഴെക്കാണുന്ന വിലാസത്തിൽ ഇംഗ്ലീഷിലെഴുതുക:

Shri Keshav Mohanlal, 5 Haralal Das Lane
Jorabayan Park, CALCUTTA-6.

Universal Publicity Co., Calcutta - 12

## ഉണ്ണിക്കൃഷ്ണൻ പുതൂർ

ീർമാതളപ്പൂവിതളിൻെറ മാർദ്ദവം
ിലക്കരിമ്പിൻ മധുരം ചൊടികളിൽ.
താട്ടതലോടിയാൽ വാടുന്ന പെൺകൊടി
പാട്ടുതൊടാതെ, ചുരുൾമുടി മാടാതെ
ററമതിലിന്നരികിലേകാന്തയായ്
ുററും മിഴികളയച്ചു പരതുമെൻ കന്യകേ.
എപ്പോൾ നീയാത്ര ചോദിച്ചെന്നറിയാതെ
ിഗ്ഭ്രമം വിട്ടവഴി പോക്കുനപ്പോൾ
ണ്ടനാരീമുഖമൊക്കെയും നിൻമുഖം
എൻ കരളോടൊത്തു കെട്ടു പിണയുന്നു!

* * *

ാററിൻ നെടുവീർപ്പിലെൻ നേർക്കുനീളുന്ന
ിലമിഴികളേ, യെന്നു കണ്ടീടും?
എന്നുമവൾക്കൊരു കുത്തു കൊടുക്കുവാൻ,
ിന്നുപോയിട്ടുന്നു, മുവന്തിയിന്നും.
ത്തുകൾക്കെല്ലാം മറുകത്തയയ്ക്കുവാൻ,
ത്തുന്നിതുള്ളും ദിനാന്ത്യങ്ങൾ തോറും.
ത്തിയമരട്ടേ, സർവ്വവുമെന്നിൽ
ത്തിയമരാത്ത ഓർമ്മകൾ ചുററും!

* * *

ചത്താലുമില്ല; മറക്കുവാൻ വയ്യാ,
ിത്യവും നിന്നെ സ്മരിപ്പൂ ഞാൻ
പൊന്നേ...

വെപ്പാട്ടിയില്ല, സുധാംഗന, ജീവൻെറ
ഊർജ്ജതന്ത്രത്തിൻ പരമാണുതന്നെ!
എന്നും മറക്കില്ല; ഒന്നും മറക്കില്ല,
മങ്ങലേൽക്കാതെ തെളിഞ്ഞു മിന്നീടും.

* * *

നെററിത്തടത്തിലൊരു വെറും ചുംബനം,
ചാത്തിയാൽ പോരും കൃതാർത്ഥനായെന്നും!

...o...

ട്ടിലിൽകിടന്ന കണ്ണുനീർ വടിച്ചെറിഞ്ഞ പെൺകുട്ടിയുടെയും കാര്യവും.

"അതൊരു വെറും കഥയാണ്."

"പക്ഷേ ഞാനവരുടെ ചേരിയിലാണ്. ചരസ്സ് വലിച്ച് അലഞ്ഞുനടന്ന യുവാവിൻെറ ചേരിയിൽ."

"അപ്പോൾ എന്നെ കണ്ണുനീർ കുടിപ്പിക്കാൻ വന്നതാണ്."

"അല്ല. എനിക്കു രതിയോടു വെറുപ്പില്ല."

അവൾ തിരിഞ്ഞുകിടന്നു. വസ്ത്രങ്ങൾ സ്വയം അഴിച്ചുകളഞ്ഞു.

"എന്താ ഇങ്ങനെ കിടക്കുന്നതു"

സമ്പൂർണ്ണനഗ്നയായി അടുക്കൽ വന്നുകിടന്നുകൊണ്ടു വേശ്യ ചോദിക്കുകയാണെന്നു തോന്നി.

"എവിടെയും പോകാൻ ധൃതിയില്ലല്ലോ?"

"ഈ രാത്രിയിൽ മറെറങ്ങും പോകുന്നില്ല."

ആ പാഞ്ഞതിൽ കാര്യമുണ്ടെന്നു തോന്നി. അവളോടടുത്തുകിടന്നു. തടസ്സം പറയാതെ അവൾ മലർന്നുകിടന്നു. മുമ്പൊക്കെ അങ്ങനെയായിരുന്നില്ല. കുറേനേരം പിണങ്ങിയശേഷമാണെന്നു തിരിഞ്ഞുകിടക്കുക. കിക്കിളികൂട്ടലും പൊട്ടിച്ചിരിയുംകൊണ്ടു മുഖരിതമായ ഒരു രംഗം ഒരുക്കിയശേഷമാണു ഒരുങ്ങിക്കിടത്തം. അതിനിടയിലും ചിലപ്പോൾ ചിരിക്കാനും ചിരിപ്പിക്കാനും ഏർപ്പാടുകളുണ്ടാക്കാം ഇന്ന് ഒരു മരപ്പാവയെപ്പോലെ കിടക്കുകയാണ്.

"എന്താണൊരിഷ്ടമില്ലായ്മപോലെ. സരള എനിക്കിനിയും മാപ്പു തന്നിട്ടില്ല. ഞാൻ ചോദിച്ചു കടമ നിർവഹിക്കുന്നു."

"എന്തിനാണ് മാപ്പ്. കടമയിലൊന്നും പണ്ടും എനിക്കു വിശ്വാസമുണ്ടായിരുന്നില്ല."

"ഭർത്താവ് ഭാര്യയോടു ഉപകാരമാറാൻ പാടില്ലാത്തതരത്തിൽപ്പെട്ടതും ഞാൻ ചെയ്തു?"

"ഇഷ്ടമുള്ള മറെറാരുത്തിയുമായി ലൈംഗികബന്ധം ഒരു പാപമാണെന്ന് വിശ്വസിക്കുന്നവളല്ല ഞാൻ."

"രവീന്ദ്രൻെറ കാര്യത്തിൽ ..."

"അതൊരു വേണ്ടാതീനമായിരുന്നു. രവീന്ദ്രൻ ഒരു പാവത്താനാണെന്നു മോഹനറിയാം."

"അന്ന് ആ പിശാചുമായി ശണ്ഠകൂടിയശേഷമുള്ള വരവായിരുന്നു."

"പിശാചുക്കളുമായി മോഹനു ബന്ധമുണ്ടായിരുന്നോ? അതൊരു പുതിയ അറിവാണ്."

"നീ പറയാറില്ലേ? ചീനത്തി! അവൾ തന്നെ."

"മോഹൻ അവളെ താലോലിച്ചിരുന്നു. അവളുടെ മാംസത്തിൽ കാന്തശക്തിയുണ്ടെന്നു വിശ്വസിച്ചിരുന്നു."

"അവളുടെ അഭിനയത്തിൽ ഞാൻ മയങ്ങിപ്പോയതാണ്."

"അവൾ മോഹൻെറ കുഞ്ഞിൻെറ അമ്മയാണ്. കുറേക്കൂടി സഹതാപത്തോടുകൂടിവേണം അവളെപ്പററി പറയാൻ."

"അതവസാനിക്കാറായി. നമുക്കാ കാര്യം പറയാതെ കഴിക്കാം."

അടുത്തത് കാഞ്ചനയെപ്പററിയുള്ള ചാർജ്ജാവുമെന്നു പേടിച്ചു.

"ദാമ്പത്യം വ്യക്തിസ്വാതന്ത്ര്യത്തെ തടയുന്നു. അതുകൊണ്ടല്ലെങ്കിൽ മോഹൻ ആ ചീനപ്പെൺകുട്ടിയെ വെറുക്കുമായിരുന്നില്ല. മണ്ടി. അവൾ സ്ഥിരബന്ധം കൊതിച്ചു. മോഹനൊരു സന്തതിയെ സമ്മാനിച്ചാൽ ബന്ധമുറയ്ക്കുമെന്ന് അവൾ വിശ്വസിച്ചു. അതില്ലായിരുന്നെങ്കിൽ അവളുടെ മാംസത്തിനിന്നും മുക്കം തോന്നിയേനെ. ചുംബനങ്ങൾക്കു ഞരമ്പുകളിൽ വികാരം പിടിപ്പിക്കാൻ കഴിയുമായിരുന്നു."

അവൾ തുടന്നു. സ്വാനുഭവം പറയട്ടെ നന്ദിനിയുടെ മരണം കഴിഞ്ഞ് ശ്രീകുമാരൻതമ്പി പലപ്രാവശ്യമെഴുതി. അദ്ദേഹത്തിൻെറ ജീവിതത്തിൽ പങ്കാളിയാവാൻ ക്ഷണിച്ചുകൊണ്ട്. ഞാനതു നിരസിച്ചു. മനസ്സുണ്ടായിട്ടല്ല. ഹൃദയത്തിൽ പച്ചയിട്ടുനില്ക്കുന്ന ഓർമ്മകൾ മാടിവിളിക്കുകയായിരുന്നു. പ്രേമവും ജീവിതവും തന്നെല്ലെന്ന വിശ്വാസംകൊണ്ടാണ് തമ്പിയെ വിവാഹം കഴിക്കില്ലെന്നു വച്ചത്. അതിനുശേഷമാണ് എഴുതുവാൻ കൂടുതൽ പ്രചോദനം കിട്ടിയത്. അനുഭവിച്ചറിയാത്ത സുഖങ്ങൾ! അവയെപ്പററിയുള്ള ഭാവനകൾ. പ്രതീക്ഷകൾ. ഹൃദയത്തിൽ പുളകമണിയിക്കുന്ന സ്വപ്നങ്ങൾ. സർഗ്ഗശക്തി ആ സ്വപ്നങ്ങൾക്കു യഥാർത്ഥ പ്രതീതി നൽകി. കൈവിട്ടുപോയ ഭാഗ്യത്തെ, അല്ല പുറംകൈകൊണ്ടു തള്ളിത്തെറിഞ്ഞ സൌഭാഗ്യത്തെപ്പററി സ്വാഭാവികമായി തോന്നാറുള്ള നേർത്ത നിരാശ. അതു് എൻെറ കൃതികളിൽ ഒളിഞ്ഞുനിന്നു മുഖം കാട്ടിയിരുന്നു. മനുഷ്യമനസ്സുകളെ ആകർഷിക്കാനവയ്ക്കുള്ള ശക്തിവിശേഷം എന്നെപ്പോലും അത്ഭുതപ്പെടുത്തി.

"ചതുകുഞ്ഞിൻെറ ജാതകം വായിക്കണോ സരളേ."

വിരസമായ ഒരു പ്രസംഗം കേൾക്കാനല്ലാ താനവളെ കിടപ്പറയിലേക്കു ക്ഷണിച്ചതു്. സ്വന്തംകാര്യങ്ങൾ പറയട്ടെ. തന്നെയും ഒരു കാലത്തു് അവൾ പ്രേമിച്ചു. അതിനെപ്പററി പറയട്ടെ വേണമെങ്കിൽ.

'സരളയുടെ ഭാവനയിൽ ഞാൻ ജീവിക്കുന്നു. കാമുകനായി ഭർത്താവായി, സരളയുടെ ഹൃദയത്തിൻേറയും ശരീരത്തിൻേറയും ഭരണാധിപനായി.' തമ്പി എഴുതാറുണ്ടായിരുന്ന കത്തുകൾ ഞാൻ മോഹനു് കാണിച്ചു തരാറുണ്ടായിരുന്നില്ലേ?

തമ്പിയുടെ കത്തുകൾ തനിക്കു കാണിച്ചു തന്നിരുന്നു. അയാളെപ്പററി തങ്കമ്മടീച്ചറെഴുതിയിരുന്നു. 'ശ്രീകുമാരൻ സന്യസിക്കാനാണൊരുക്കം. സരളയുടെ പ്രണയമാണതിനു കാരണമെന്നു നാട്ടുകാർ പറയുന്നു. ശ്രീകുമാരനെന്താണൊരു കുറവ്?"

എന്നിട്ടെന്തു മറുപടി പറഞ്ഞു? താനന്നു ചോദിച്ചു. തനിക്കാ മറുപടി അറിയേണ്ടതാവശ്യമായിരുന്നു. സരളയുടെ കുറിച്ചു ചില മധുരസ്മരണകൾ മനസ്സിൽ കിളുത്ത കാലമായിരുന്നു.

*



24-ൽനിന്നും തുടർച്ച

മങ്കടരവിവർമ്മ എന്ന മികച്ച ചരായാഗ്രാഹകനില്ലായിരുന്നുവെങ്കിൽ ചലച്ചിത്രവ്യവസായികൾ നടത്തുന്ന അഡയാർ ഫിലിം ഇൻസ്റ്റിട്യൂട്ട് കലാചിത്രങ്ങൾക്കു നൽകിയ സംഭാവന വട്ടപ്പൂജ്യമാണെന്നു പറയേണ്ടിവരുമായിരുന്നു. പ്രസ്തുത ഇൻസ്റ്റിട്യൂട്ടിൽ നിന്നും പരിശീലനം കഴിഞ്ഞിറങ്ങിയ ബാബു നന്തൻകോട് എന്നൊരാൾ എഫ്. എഫ്. സി. യുടെ ധനസഹായത്തോടെ 'ദാഹം' എന്നൊരു ചിത്രം നിർമ്മിക്കുകയുണ്ടായി. ചിത്രം കാണാഞ്ഞിട്ടാകാം പലരും അതിനെ 'ന്യൂവേവ്' ചിത്രമായി വിശേഷിപ്പിച്ചിരിക്കുന്നതുകണ്ടു. ശ്രീമാൻ ബാബു തന്നെ അതൊരു 'ആർട്ട് ഫിലിമാണെന്നു' അവകാശപ്പെട്ടിട്ടുണ്ട്. 'ദാഹ'മൊരു ആർട്ടുഫിലിമാണെങ്കിൽ മണികൗളും കുമാർസഹാനിയുമൊക്കെ തങ്ങളുടെ ചിത്രങ്ങൾ ആർട്ടുഫിലിമായി അറിയപ്പെടുന്നതിൽ ലജ്ജിക്കും :അത്രമേൽ പ്രതിഭാശൂന്യമായ ഒരു മനസ്സിനെ "ദാഹ'ത്തെപ്പോലൊരു ചിത്രത്തെ സങ്കല്പിക്കാൻപോലും കഴിയൂ. പ്രത്യക്ഷപ്പെട്ട വെള്ളിത്തിരകളെ മുന്നു പ്രാവശ്യത്തിലേറെ ദൃഷ്ടിപ്പിക്കാതെ ദാഹം തീന്നു എത്ര ഭാഗ്യം! 'ഭാര്യയില്ലാത്ത രാത്രി'യും അതുപോലുള്ള ചിത്രങ്ങളും സംവിധാനം ചെയ്യാനായി ഈ സംവിധായകൻ മുതിന്നിരിക്കുന്നതിൽ നിന്ന് അല്പം വൈകിയിട്ടെങ്കിലും തൻെറ രംഗമേതെന്ന് ഇദ്ദേഹം മനസ്സിലാക്കിയിരിക്കുന്നു വെന്നു കരുതാം.

## സംവിധായകരും സംവിധായകരും

എം. എസ്. സത്യം, ഗിരീഷ് കർണ്ണാട്, കാറന്ത് തുടങ്ങിയ സംവിധായകരെക്കൂടി ഇവിടെ അനുസ്മരിക്കേണ്ടിയിരിക്കുന്നു. കലാസംവിധായകനും ഡോക്യുമെൻററി ചിത്രസംവിധായകനുമായി ഏറെക്കാലം കഴിഞ്ഞുകൂടിയ സത്യം സംവിധാനം ചെയ്ത ആദ്യത്തെ ഫീച്ചർ ഫിലിമാണ് 'ഗരം ഹവ', ഒട്ടൊക്കെ പരമ്പരാഗതമായ രീതിയിലാണ് സത്യം ചിത്രം ഒരുക്കിയെടുത്തിരിക്കുന്നതു്. സാധാരണ ചിത്രങ്ങൾക്കുള്ളതുപോലെ ആദിമദ്ധ്യാന്തപ്പൊരുത്തവും സങ്കീർണ്ണതകളുമുള്ള ഒരു കഥയാണ് അദ്ദേഹം ഇതിനുവേണ്ടി ഉപയോഗിച്ചിട്ടുള്ളതും: വലിയ കുററങ്ങളും കുറവുകളുമില്ലാത്ത ഒരു ചിത്രമായിട്ടുണ്ട്. 'ഗരംഹവ', ഈ ചിത്രത്തെ പാരലൽ സിനിമയുടെ പട്ടികയിൽ പെടുത്താനാണു അതിൻെറ വക്താക്കൾ ഇഷ്ടപ്പെടുന്നതെങ്കിൽ രസനീയമായ അനേകം ചിത്രങ്ങൾ നിർമ്മിച്ച ബാസു ചാററർജിക്ക് എങ്ങനെ അയോഗ്യത കല്പിക്കാനാവും? അവ് താർക്കൃഷ്ണകൗളിൻെറ '27 ഡൗൺ' ന്യൂനതകളുണ്ടെങ്കിലും അഭിനന്ദനീയമായ ഒരു വിഷ്ണുരണശൈലി കാഴ്ച വയ്ക്കുന്നുണ്ട്. മെച്ചപ്പെട്ട ഒരു ചിത്രമെന്നതിനേക്കാളേറെ മെച്ചപ്പെട്ട ഒരു സംവിധായകനെ വാഗ്ദാനം ചെയ്യുന്ന ചിത്രം എന്ന നിലയ്ക്കാണ് '27' ഡൗണിൻെറ പ്രസക്തി. ലൊക്കാർണോ മേളയിലെ ചിത്രങ്ങളെ നിരൂപണം ചെയ്യുന്നതിനിടയിൽ 'സൈററ് ആൻഡ് സൗണ്ടി'ൻെറ നിരൂപകൻ രേഖപ്പെടുത്തിയപോലെ ദുരന്തത്തിലവസാനിച്ച ഒരു വാഗ്ദാനം!

കർണ്ണാടകസിനിമ ശ്രദ്ധിക്കപ്പെടാൻ തുടങ്ങിയതു് 'സംസ്കാര' രംഗപ്രവേശം ചെയ്തതോടുകൂടിയാണ്. പട്ടാഭിരാമറെഡ്ഡിയായിരുന്നു അതിൻെറ സംവിധായകനെങ്കിലും തിരക്കഥാകൃത്തും പ്രധാനനടനുമായ ഗിരീഷ് കർണാടിൻെറ പേരുമായിട്ടാണ് അതു് ബന്ധിക്കപ്പെട്ടുകാണുന്നതു്: വ്യത്യസ്തമായ ഒരു കഥയും പാരമ്പര്യത്തിൽ നിന്നുള്ള ഒരു വഴിത്തിരിവും' സംസ്കാരയിൽക്കാണാം. എന്നാൽ ഒരു ചലച്ചിത്രമെന്ന നിലയ്ക്ക് അതിൻെറ ട്രീററ്മെൻറ് മെച്ചപ്പെട്ടതായില്ല. രണ്ടാം പകുതി പ്രത്യേകിച്ചും ഒരു 'നാടകസിനിമ' യുടെപ്രതീതിയാണുളവാക്കുന്നതു് 'വംശവൃക്ഷ', 'കാട്ട്' എന്നിവ സംസ്കാരയെ തുടർന്നെത്തിയ കർണ്ണാടകകലാചിത്രങ്ങളാണ്.

കാന്തിലാൽ രാത്തോഡ്, സത്യദേവ് ദുബേ, ശ്യാം ബെനിഗൽതുടങ്ങി ഇനിയും ചിലർ പാരലൽ ചിത്രങ്ങളുടെ സംവിധായകരായുണ്ട്. ഇവരൊക്കെത്തന്നെ മാദ്ധ്യമത്തോട് ഏറെക്കുറെ ആത്മാർത്ഥത പുലർത്തുകയും ചെയ്യുന്നു, എന്നാൽ പ്രതിഭാദാരിദ്ര്യംകൊണ്ടോ ബുദ്ധിജീവികളുടെ കൈയടി കിട്ടണമെന്ന മനഃപൂർവ്വമായ

ഉദ്ദേശ്യംകൊണ്ടോ എന്നറിയില്ല, ഇവരുടെ ചിത്രങ്ങൾ പലപ്പോഴും സംവേദനക്ഷമമാകാതെ തൊലിപ്പുറം തൊട്ടുഴിഞ്ഞു് കടന്നുപോകുകയാണു ചെയ്യുന്നതു്. മറ്റൊരു വിചിത്രമായ വസ്തുത ഇവരിൽപ്പലരും പന്ത്രീരാണ്ടു കൂട്ടുമ്പോൾ ഒരു ചിത്രം നിർമ്മിക്കുകയാണു് പ്രതിഭയുടെ ലക്ഷണമെന്ന അബദ്ധധാരണകൊണ്ടാണെന്നു തോന്നുന്നു രണ്ടാമതൊരു ചിത്രം നിർമ്മിക്കാൻ മുതിന്നു കാണുന്നില്ല. കലാമൂല്യമുള്ള സിനിമ തങ്ങളുടെ കൈകളിൽനിന്നേ ഉണ്ടാകൂ എന്ന തെററിദ്ധാരണ ഒഴിവാക്കിയും ബുദ്ധിപരമായ അഭ്യാസമല്ല കല എന്നു മനസ്സിലാക്കിയും തൊലിപ്പുറമേയുള്ള പരിഷ്കരണംകൊണ്ടു മാത്രം ഒരു കലാരൂപവും നന്നാവുകയില്ല എന്നു ബോദ്ധ്യപ്പെട്ടും മുന്നോട്ടു നീങ്ങാൻ തയാറായാൽ ഇവരിൽനിന്നും കൂടുതൽ കരുത്തുള്ള സംഭാവനകൾ നമുക്കു പ്രതീക്ഷിക്കാൻ കഴിയും.

## മലയാളത്തിൽനിന്നും

സത്യജിത്റേയെ കടത്തിവെട്ടുന്നതു പോകട്ടെ അദ്ദേഹത്തോടു് സമശീർഷതയെങ്കിലും അവകാശപ്പെടാൻ കഴിയുന്ന ഒരു സംവിധായകനു ജന്മംനല്കാൻ ഇൻഡ്യൻ ചലച്ചിത്രരംഗത്തിനു കഴിഞ്ഞിട്ടില്ലെന്നും തങ്ങൾ ഏതാനുംപേർ നിർമ്മിച്ച ചിത്രങ്ങൾകൊണ്ടു് റേയെ പലകാതം പിന്നിലാക്കിയിരിക്കുന്നുവെന്ന പാരലൽസിനിമക്കാരുടെ വാദം തെററാണെന്നും ചൂണ്ടിക്കാട്ടുവാനാണു് ഇവിടെ ശ്രമിച്ചതു്. ലോകത്തിലെങ്ങുമുള്ള പ്രബുദ്ധരായ ചലച്ചിത്രാസ്വാദകക്കു മുൻപിൽ ധൈര്യപൂർവ്വം നീട്ടിപ്പിടിക്കാവുന്ന ചലച്ചിത്രങ്ങൾ സൃഷ്ടിക്കാൻ കഴിവുള്ള ഒരു സംവിധായകൻ, അഥവാ കുറേ സംവിധയകർ, അടുത്തെങ്ങാനും ഇവിടെയുണ്ടാകുമോ? അതെന്തായാലും അടുത്തുവരുന്ന കാലഘട്ടങ്ങളിൽ ഇൻഡ്യൻ സിനിമാരംഗത്തുണ്ടാകുന്ന ശ്രദ്ധാർഹമായ ചലനങ്ങളിൽ ഒരു നല്ലപങ്കു് മലയാളത്തിൽനിന്നായിരിക്കും എന്നു തോന്നുന്നു.

പ്രതിപാദ്യത്തിലും പ്രതിപാദനത്തിലും ഒരുപോലെ പ്രത്യേകത ദർശിക്കാവുന്ന ഒരു ചിത്രമായിരിക്കും കെ. പി. കുമാരന്റെ "അതിഥി" സമൃദ്ധിയെന്ന ഒരിക്കലുമാഗതനാകാത്തഅതിഥിയാണു്ഇതിലെ കഥാനായകൻ. ഈ നായകനു് വെള്ളിത്തിരയിൽ രൂപമില്ല. ഇയാളുടെ ചലനങ്ങൾ മനുഷ്യജീവിതങ്ങളെ എങ്ങനെ വേട്ടയാടിപ്പിടിക്കുന്നുവെന്നും അതിനു് എന്തെന്തു രൂപഭേദങ്ങൾ വരുത്തുന്നുവെന്നും അതിഥിയിൽ ചിത്രീകരിക്കുന്നു: "റോക്കി"ന്റേയും "അതിഥി"യുടേയും പ്രമേയവും പ്രത്യേകതകളും നോക്കുമ്പോൾ "സ്വയംവര"ത്തിന്റെ തിരക്കഥാകൃത്തു് എന്ന പദവി കുമാരനു് ഒരു ബഹുമതിയല്ല.

"ഉത്തരായന"ത്തിന്റെ സംവിധായകനായ അരവിന്ദൻ പണ്ടേ ബുദ്ധിജീവികളുടെ ശ്രദ്ധാകേന്ദ്രമാണു്. അദ്ദേഹത്തിന്റെ കാർട്ടൂൺകഥാപാത്രങ്ങൾ എപ്പോഴും ബുദ്ധിപരമായ സംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുന്നുവെങ്കിൽക്കൂടി ജീവിതത്തിന്റെ സഹതാപാർഹവും അതേസമയം പരുപരുത്തതുമായ അടിയൊഴുക്കുകൾ അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപ്പെടാതെ പോകുന്നില്ല: ആ നിലയ്ക്കു് ഉത്തരായനത്തിലും അരവിന്ദനിലും പ്രതീക്ഷകൾ സൂക്ഷിക്കുന്നതിൽ തെററില്ല.

മലയാളത്തിന്റെ അണിയറയിൽ കഴിവും കാതലുമുള്ള അനേകം സർഗ്ഗസൃഷ്ടികൾ രൂപപ്പെടുത്തുവാനുള്ള ഒരുക്കങ്ങൾ കണ്ടുവരുന്നുണ്ടു്. ലഭിച്ച ദേശീയബഹുമതികൾകൊണ്ടു് അന്ധരാവുകയല്ല, മെച്ചപ്പെട്ട ചലച്ചിത്രങ്ങൾ മനസ്സിലാക്കുവാനും ആസ്വദിക്കുവാനും സ്വയം സജ്ജരാവുകയാണു് കേരളത്തിലെ ചലച്ചിത്രപ്രേക്ഷകർ ചെയ്യേണ്ടതു്.

എല്ലാ കുറവുകൾക്കും കുറവുകൾക്കും അതീതമായി ഇൻഡ്യൻസിനിമ ദോഷൈകദൃക്കുകൾക്കുകൂടി പ്രത്യാശയുടെ കിരണങ്ങൾ നൽകിക്കൊണ്ടു് ഒരു പരിവർത്തനത്തിന്റെ പേററുനോവനുഭവിച്ചുകൊണ്ടിരിക്കുന്നു. കലാരംഗങ്ങളിൽ ഭാരതത്തിനു് എന്നോ കൈമോശംവന്നുപോയ അഭികാമ്യസ്ഥാനം വീണ്ടെടുക്കപ്പെടാനാവുമെന്നു് പ്രതീക്ഷിക്കുക:

(അവസാനിച്ചു)

...o...

"കുഞ്ഞേ, എന്റെ മകളുടെ മകനാരു പയ്യൻ, തൊമ്മച്ചൻ: ബി. എ: പാസ്സായി ജോലിയൊന്നുമില്ലാതെ കുറേക്കാലമായി വീട്ടിൽനിന്നു മിനക്കെടുവാ. കുഞ്ഞിനൊത്തുപോലെ അവിടെയെങ്ങാനുമുള്ള വല്ലയൊരു നേഴ്സിനേയോ ആശാട്ടിയേയോ കെട്ടി, കൂടെയങ്ങു പോകാനൊരു തരം കിട്ടുമോ? ഇക്കാര്യത്തിനുവേണ്ടി വന്നാലൊരു രണ്ടായിരമോ മൂവായിരമോ മുടക്കാനും ഞാൻ തയ്യാറാ." അതിനും അയാൾ പുഞ്ചിരിച്ചു. അച്ചൻ പിന്നീട് വന്നകാര്യത്തിലേക്കു പ്രവേശിച്ചു.

"ജേക്കബ്കുട്ടീ, ഞങ്ങൾക്കെല്ലാമൊരാഗ്രഹം."

"എന്താണച്ചാ?"

"കുഞ്ഞിനൊരു നല്ല സ്വീകരണം തരണമെന്ന്. ഇടവകയുടെ വകയായി."

"എന്തിന്?"

"നമ്മുടെയീകരയിൽനിന്നും ആദ്യമായി അമേരിക്കയ്ക്കുപോയതും, വിജയപ്രദമായി യവിടെ ജീവിതം നയിച്ചതും, ദൈവകൃപയാൽ മഹത്വത്തോടെ തിരിച്ചു വന്നതും കുഞ്ഞാണ്. അതിനു കുഞ്ഞിനെയനുമോദിക്കാനൊരു മീററിങ്ങു കൂടണം. പള്ളിക്കാരുടെയെല്ലാമാഗ്രഹമാ. കുഞ്ഞിന്റെ ഭാര്യയും കൂടെയുണ്ടായിരുന്നെങ്കിൽ സ്വീകരണം രണ്ടുപേക്കും കൂടെയാകാമായിരുന്നു. നമ്മുടെ ഇടവക മെത്രാൻതന്നെ ആദ്ധ്യക്ഷനായിക്കൊള്ളും. തിരുമേനി സമ്മതിച്ചിട്ടുണ്ട്."

"അവൻ നാട്ടിൽ വന്നതല്ലേയുള്ളു! ഒന്നു നടുവു നിവർക്കട്ടെ! എന്നിട്ടാകാം വരവേല്പും സ്വീകരണങ്ങളുമെല്ലാം! മീററിങ്ങു വേണോയെന്നും, വേണമെങ്കിൽ എപ്പം വേണമെന്നുമെല്ലാംപിന്നെയാറിയിക്കാം." വക്കീച്ചായനായിരുന്നു അങ്ങനെ പറഞ്ഞതു്.

അങ്ങോർ കുറേക്കാലമായി സഭയോടും പള്ളിക്കാരോടും പട്ടക്കാരോടുമെല്ലാമല്ലം വിഘടിച്ചു നില്ക്കയായിരുന്നു. അപ്പനെ കഴിച്ചിടാൻ കൊണ്ടുചെന്നനേരം പള്ളിക്കാർ ആവശ്യപ്പെട്ട അമിതമായ കഴിക്കാണ സംഖ്യയെച്ചൊല്ലിയായിരുന്നുയീ വിഘടിപ്പ്!

അങ്ങോക്കപ്പോഴേമനസ്സിലായി അവരെന്തിനാണെത്തിയിരുന്നതെന്ന്: പണത്തിന്! അമേരിക്കയിൽ നിന്നല്ലേ എത്തിയിരിക്കുന്നതു്! പണവും ചിലപ്പോൾ സ്വർണ്ണം തന്നെയും, വേണ്ടതു കയ്യിൽക്കാണും. കാണാണ്ടു വരില്ല! അതുകൊണ്ടൊരു നല്ലസംഖ്യ തട്ടിയെടുക്കണം!

പള്ളിമുപ്പന്മാരിൽ മുത്തയാൾ വീണ്ടും ഇടപെട്ടു.

"ജേക്കബ്കുട്ടീ, ഞങ്ങൾക്കു പിന്നേയുമൊരുദ്ദേശമുണ്ട്?"

"എന്താണ് അച്ചായാ?"

"നമ്മുടെ കോച്ചുമെത്രാച്ചന് ഒരു നല്ല സ്വർണ്ണക്കുരിശും, സ്വർണ്ണമാലയും, അംശവടിയുമില്ല. അതൊരു മഹാകുറവാ. അതിനൊരു പണപ്പിരിവിനായിട്ടും കൂടെയാ ഞങ്ങളിറങ്ങിയിരിക്കുന്നതു്."

"ആരാ കൊച്ചുമെത്രാച്ചൻ? വളരെക്കാലമായിട്ട് ഞാനിവിടെങ്ങുമില്ലായിരുന്നല്ലോ!"

"അതിനല്ലെ ഞങ്ങളു വന്നതു്! ഓണം

പുരസ്കൃതലേയാ തിരുമേനി. നീയങ്ങു കടലുചാടിപ്പോകുമ്പോളുണ്ടാരൊരു ചെമ്മാച്ചൻ മാത്രമേയായിരുന്നുള്ളു! പിന്നീടാ അച്ചനായതു്. അടുത്തകാലത്താണ് തമ്പാനും പിന്നെ മെത്രാനുമായതു്. അങ്ങു ബേറ്റിൽ വെച്ചുതന്നായിരുന്നു പട്ടംകൊട. അങ്ങോക്കാ വടീം മാലേമെല്ലാം കൊടുക്കേതുണ്ട്."

"ഈ മെത്രാച്ചന്മാക്കെന്തിനാ പൊന്നും വെള്ളിയുമെല്ലാം! കാലിത്തൊഴുത്തിൽ പിറന്ന ദൈവം തമ്പുരാന് പൊന്നുണ്ടായിരുന്നോ! വെള്ളിയുണ്ടായിരുന്നോ! അംശവടിയുണ്ടായിരുന്നോ!" വക്കീച്ചായനായിരുന്നു അതും ചോദിച്ചതു്!



അച്ചനും പള്ളിമുപ്പന്മാരുമൊന്നറച്ചു.

അപ്പോൾ ഇവന്റെ അപ്പന്റെ കഴിക്കാണപ്പണം ഈടാക്കിയതിന്റെ വാശി ഇവനിപ്പോളും തീർന്നിട്ടില്ല! വക്കിയെ നേരിട്ടുകതന്നെവേണം, അച്ചൻ തീരുമാനിച്ചു- തിരുസഭയുടേയും ആത്മരക്ഷയുടേയും, വൈദികമേലദ്ധ്യക്ഷന്മാരുടേയും, ദൈവത്തിന്റെ തന്നെയും സംരക്ഷണച്ചുമതല തനിയ്ക്കാണല്ലോ മററാരേയുംകാൾ ഉള്ളതു്!

"വക്കിയച്ചാ നിനക്കിപ്പോൾ കുറെ നല്ല കാലമാ! ഏതുവെച്ച് ദൈവത്തേയും അവന്റെ പ്രതിപുരുഷന്മാരേയും കുറിച്ചു നിന്ദയോട് സംസാരിക്കരുതു്! സ്നേഹിക്കുന്ന ദൈവമെന്ന പോലെതന്നെ എരിച്ചുകളയുന്ന ദൈവവുമാ അവൻ. മറക്കരുതു്!"

"അങ്ങനെ പറവാൻ ഞാനാരെ നിന്ദിച്ചു അച്ചാ! പാവപ്പെട്ട ഒരൊശാരിത്തച്ചന്റെ മകനായിരുന്ന യേശുക്രിസ്തുവിന്റെ ദാസന്മാക്കെന്തിനാ സ്വർണ്ണവടിയും, സ്വർണ്ണമാലയുമെല്ലാം എന്നു മാത്രമല്ലേ ഞാൻ ചോദിച്ചുള്ളു!"

"കൂസ്തു സ്വർഗ്ഗത്തിലെ മാത്രമല്ല ഭൂമിയിലേയും രാജാവാണ്. അതു് മറക്കരുതു്. കുരിശ് താൻ തരുന്ന രക്ഷയുടെ അടയാളം! വടി അവന്റെ ഭൂലോകത്തിലെ അധികാരത്തിന്റെ ചിഹ്നം!"

സംഭാഷണം അസുഖകരമായ മാർഗ്ഗങ്ങളിലേക്കു തിരിയുകയാണല്ലോ! അതു പാടില്ല! തങ്ങൾ വന്ന കാര്യസാദ്ധ്യതയ്ക്കു വിലങ്ങുതടിയാവും! അതുകൊണ്ടു പള്ളിമുപ്പരിലൊരുവൻ തന്ത്രപൂർവ്വമിടപെട്ട് വിഷയം തന്നെയങ്ങുമാററി.

"അതൊക്കെക്കിടക്കട്ടെ! വന്ന കാര്യം ജേക്കബ്കുട്ടിയോട് പറഞ്ഞിട്ട് നമുക്കു പിരിയാം. ജേക്കബ്കുട്ടീ മെത്രാച്ചന്റെയീ കാര്യത്തിൽ നീയും കൂടെ സഹകരിക്കണം. പത്തുപതിനാലു കൊല്ലങ്ങളായിട്ട് നീ ഞങ്ങളിൽനിന്നും ഒഴിഞ്ഞുകഴിയുകയായിരുന്നല്ലോ. അതും പാലും തേനുമൊഴുകുന്ന കാനാൻ നാട്ടിൽ!

ജേക്കബ്കുട്ടി ചിരിച്ചു. "അച്ചായാ, അവിടെ പാലും തേനും ഒഴുകുകയാണെന്നു പറയുന്നതു വെറുതയാ! പണക്കാരുണ്ട്. വല്യപണക്കാരുമുണ്ട്! പക്ഷേ, മുക്കാലേമുണ്ടാണിയാളുകളും സാധാരണക്കാരാ. എല്ലു മുറികെ പണിയെടുത്തു കഴിയുന്നവരാ. പക്ഷേ, ഒന്നുണ്ട്. പണിമുണ്ട്, പണിയെടുത്താൽ കിട്ടുന്നതു് നല്ലവരുമാനവുമായിരിക്കും. എന്തു ഫലം! ചെലവുമതുപോലെയാ! ഒരു കപ്പ കാപ്പിക്ക് നമ്മുടെ മുന്നരരൂപയോളം കൊടുക്കണം! അതുപോലെ എല്ലാത്തിനും! നിങ്ങൾ വന്നനിലയ്ക്കു് മെത്രാച്ചന്റെ കാര്യത്തിൽ ഞാനും സഹകരിക്കാം."

അയാൾ പിന്നീടകത്തു പോയി 350 ഉറുപ്പികയുമായി തിരിച്ചു വന്ന് അച്ചനെ ഏൽപ്പിച്ചു. അച്ചാ, ഇതേതാണ്ട് അമ്പതു് ഡോളറുകളോളം വരും."

അച്ചനതു വാങ്ങിയെങ്കിലും മുഖം പ്രസാദിച്ചില്ല! പള്ളിമുപ്പന്മാരുടേയും! അവർ വിസ്മയം കാട്ടി.

അല്പംകഴിഞ്ഞ് ഒരു മുപ്പൻ പറഞ്ഞു. "ജേക്കബ്കുട്ടി, ഞങ്ങളിതൊന്നുമല്ല പ്രതീക്ഷിച്ചിരുന്നതു്."

## നോവൽ ഇരുപത്തൊന്ന് ഇ. എം കോവൂർ

"ഇത്രയുമൊക്കെത്തരാനേയെനിക്കു വശമുള്ളു."

"അങ്ങനെന്താ പറേന്നതു് ജേക്കബ്കുട്ടീ! ദൈവംതമ്പുരാൻ കൈതുറന്നനുഗ്രഹിക്കുന്നതു് നമ്മൾ മനുഷ്യരു് സമ്മതിക്കയെങ്കിലും വേണ്ടേ! നിനക്കും കെട്ടിയോൾക്കും കൂടെ മാസം അമ്പതിനായിരം അറുപതിനായിരം രൂപ വരുമാനമില്ലേ."

"അമ്പതിനായിരം അറുപതിനായിരം രൂപാ മാസം വരുമാനമോ! അതായതു് എഴുപതിനായിരം എണ്ണായിരം ഡോളറുകൾ മാസമോ! എന്നാൽ ഞാനാരായിരുന്നേനെ അച്ചായാ!"

"നിന്നിൽനിന്നുമൊരമ്പായിരം രൂപായാ ഞങ്ങൾ പ്രതീക്ഷിച്ചിരുന്നതു്."

"അതിനുള്ള വകയെന്റെ കൈവശമില്ല അച്ചാ. ഉണ്ടായിരുന്നെങ്കിൽ ഞാൻ തരുമായിരുന്നു."

"ഭാര്യയുടെ വകയും നിന്റെ വകയല്ലേ!

അവളുവിടെ പണം വാരുകയാണെന്നാണല്ലോ ഞങ്ങൾ കേട്ടതു്"!"

അയാളതിനു മറുപടിയൊന്നും പറയാൻ പോയില്ല. എന്തു മറുപടിയാണു പറയുക. വക്കിച്ചായൻ പിന്നെയും ഇടപെട്ടു.

"ജേക്കബ്ബ്കുട്ടിഅവൻെറ അനിയന്മാരെക്കാണാനിറങ്ങുകയായിരുന്നു. അപ്പഴാ നിങ്ങൾ വന്നതു്.

"ശരി എന്നാൽ ഞങ്ങൾപോയി വേറൊരവസരത്തിൽ വന്നോളാം." എന്നു പറഞ്ഞവർ ഇറങ്ങി. അവസാനം സൈ്വര്യം കിട്ടിയെന്നുവിചാരിച്ചു. ഇല്ല!

നോക്കുമ്പോൾ പുരയുടെ തെക്കുവശത്തു ഒരു ചെറു ആൾക്കൂട്ടം. ആറോ ഏഴോ പേർ വരും. അയൽക്കാരിലും അഭ്യുദയകാംക്ഷികളിലും പെട്ട ചിലരാണു്! അമേരിക്കയിൽനിന്നുമെത്തിയിരിക്കുന്ന ജേക്കബ്ബ്കുട്ടിക്കുഞ്ഞിനെയൊന്നു കാണുവാനെത്തിയിരിക്കുന്നവരാണു്.

ടാക്സിക്കാറിൽ വീട്ടിലെത്തുമ്പോൾ പടിക്കൽ നിന്നിരുന്ന കറിയാച്ചേട്ടൻ വാർത്തകൾ പരത്തുന്നകാര്യത്തിൽ ആൾ ഇന്ത്യാ റേഡിയോടൊപ്പം കാര്യക്ഷമത പാലിച്ചു. കരയിലാകെയാ ന്യൂസ് പരത്തി.

പണ്ടു്, എങ്ങാണ്ടുകാരത്തിയൊരു നേഴ്സ് പെണ്ണിനേ ബോംബേയിൽവെച്ചോ മദ്രാസിൽവെച്ചോ കല്യാണം കഴിച്ചേച്ചു്, അയൽക്കാരെ കൂടെയും ഒരിലച്ചോറു കൊടുക്കാതെ അവളുടെ പുറകേ അമേരിക്കയിലോ എവിടേയോ ചാടിപ്പോയ തെക്കേപ്പറമ്പിലേയാ ജേക്കബ്ബ്കുട്ടി തിരിച്ചെത്തിയിട്ടുണ്ടു്! പെട്ടികൾ നാലാണു കൂടെ; ഭാരമാണേൽ കട്ടകട്ടി. രൂപായും സ്വർണ്ണോം ആയിരിക്കണം! കെട്ടിയോനും കെട്ടിയോൾക്കുംകൂടെ ശബളം വോസം രൂപാ അരലക്ഷമോ മുക്കാൽ ലക്ഷമമാ വരും...

നമ്മുടെ നാട്ടിൽ ആളുകൂടാൻ പിന്നെ കാരണം വല്ലതും വേണോ! ജേക്കബ്ബ്കുട്ടി അവരോടെല്ലാംക്ഷമയോടും മര്യാദയോടും സംസാരിച്ചു. വിശേഷങ്ങൾ തിരക്കി. എല്ലാവരും 'കുഞ്ഞി'നെക്കാണാൻ വന്നവരാണു്!

നീ കെട്ടിയോളേയും കുഞ്ഞുങ്ങളേയുമങ്ങു് ദൂരെദേശത്തു് വിട്ടേച്ചു് തനിയേ വന്നതിൽ അതിയായി ഖേദിക്കുന്നവരാണു്! അപ്പച്ചൻ മരിക്കുമ്പോൾ കുഞ്ഞിട്ടുക്കലില്ലാതെ പോയതു് വലിയ കഷ്ടമായിപ്പോയി! എത്രനല്ല മനുഷ്യനായിരുന്നെന്നോ അപ്പച്ചൻ! പ്രത്യേകിച്ചും പാവപ്പെട്ടവരേയും കഷ്ടപ്പെടുന്നവരേയും സഹായിക്കുന്നകാര്യത്തിൽ!

അവരിലാരുംതന്നെ യാചിക്കുവാനെത്തിയവരായിരുന്നില്ല! അവരുടെ കുടുംബപാരമ്പര്യവും അഭിമാനവുമതിനനുവദിക്കില്ല! തങ്ങളുടെ തല്ക്കാലവിഷമങ്ങൾ കുഞ്ഞിനയൊന്നറിയിക്കുവാൻവേണ്ടിമാത്രം എത്തിയിട്ടുള്ളവരാണവർ!

"ഒരു കച്ചോടമുണ്ടായിരുന്നു. അതിപ്പോൾ കുറെ മങ്ങലിലാ. കുറെ തന്തയ്ക്കു പിറക്കാത്ത കടംപററുകാർ പററിച്ചതാ! അവനോടൊക്കെ ദൈവം ചോദിച്ചോളും! ആ കച്ചോടമൊന്നു നേരേയാക്കണം!" അതിനിറങ്ങിയിരിക്കയാണു് ഒരാൾ.

വേറൊരാൾക്കു് കെട്ടിക്കാൻ പ്രായമായി മലപോലെ വീട്ടുനിറഞ്ഞുനിൽക്കുന്ന മൂന്നു പെമ്പിള്ളേരുണ്ടു്. അവരിലൊരുത്തിയ്ക്കൊരു കല്ല്യാണംവന്നിരിക്കുന്നു. വളരെനല്ല ഒരു പയ്യനാണു് സ്ത്രീധനം തികയ്ക്കാനൊരു മുന്നൂറുരൂപാകൂടെ വേണം. അതു തികയ്ക്കാനെത്തിയിരിക്കയാണു് അയാൾ!

താമസിക്കുന്ന വീടിനേയും പറമ്പിനേയും സംബന്ധിച്ചൊരു വ്യവഹാരമുണ്ടായി. ചിററപ്പൻെറ മകനാ കുരുത്തംകെട്ടോൻെറ കുത്തിത്തിരിപ്പാ! അവൻെറ കൈക്കുലിം സ്വാധീനോംകൊണ്ടു് താഴത്തെ കോടതിദോഷമായി കേസ്സുവിധിച്ചു. അപ്പീലു കൊടുക്കണം. കൊടുത്താൽ നാലുതരമാണു് ജയമെന്നു് വറുഗീസ്സുവക്കീൽ കയ്യടിച്ചു പറഞ്ഞിട്ടുണ്ടു്. അതിനൊരല്പംകൂടെ പണംവേണം. അതിനിറങ്ങിയിരിക്കയാണു് മൂന്നാമൻ! ഇങ്ങനെ ഇങ്ങനെയോരോരുത്തരും!

കഴിവുള്ളതു് ഓരോരുത്തർക്കും ചെയ്തു. ആർക്കും തൃപ്തിയായില്ല! പെട്ടിയിൽ കൊണ്ടുവന്നിരിക്കുന്ന പച്ചനോട്ടുകളിൽനിന്നും വല്ലതും കാര്യമായിട്ടുള്ളതു കിട്ടുമെന്നാണു വിചാരിച്ചതു്! പക്ഷെ കിട്ടിയതോ വളരെ നിസ്സാരം! ഇവിടെയാരും തെണ്ടാൻവന്നതല്ല! ഞങ്ങളും നല്ലതറവാട്ടിൽപ്പിറന്നോരാ! അപ്പനു നിധികിട്ടിയാലെന്താ പ്രയോജനം!



ജേക്കബ്ബുകുട്ടി അവിടുന്നൊരു തരത്തിൽ അവസാനം രക്ഷപ്പെട്ടു. അവിടെനിന്നാൽ, കുടുംബസ്ഥിതിയുള്ളവരുടെ സഹായാഭ്യർത്ഥനകൾ പിന്നേയും വന്നുകൊണ്ടിരിക്കും! അനിയന്മാർ താമസിക്കുന്നിടത്തേക്കു പോകുമ്പോളയാൾ ചിന്തിച്ചു.

എന്തൊരു നാട്ടു്! പണിയെടുക്കാനാരും തയ്യാറില്ല! പണിയെടുക്കുന്നതഭിമാനക്കുറവു്! കുടുംബക്കാരാകയാൽ ആരും ആർക്കും ഒന്നിലും താണുകൊടുക്കില്ല. എങ്കിലും എവിടുന്നെങ്കിലും എട്ടണ ചുമ്മാകിട്ടുമെന്നു കണ്ടാൽ ചെന്നു് തെണ്ടുകയല്ലായെന്ന ഭാവത്തിൽ തെണ്ടാനൊരു മടിയും നാണവുമില്ലതാനും! തീർച്ചയായും ഇത്തരക്കാർ അമേരിക്കയിലില്ല! പണമുണ്ടാക്കാനവിടെ പലതും ചെയ്യും. പക്ഷെ, ഈ തരത്തിൽ പണമുണ്ടാക്കാനാരുമുണ്ടാവില്ല!

അവറാനും കുഞ്ഞുമത്തായിയും താമസിച്ചിരുന്നതു് അല്പം അകലത്തൊരിടത്തായിരുന്നു. അടുത്തകാലത്തു വാങ്ങിയൊരു പുരയിടത്തിൻെറ രണ്ടു ഭാഗങ്ങളിൽ.

ചെന്നുകയറുമ്പോൾ രണ്ടും പുരയിടത്തിൽനിന്നു് എന്തോ കൃഷിപ്പണികൾ ചെയ്കയാണു്. കുഞ്ഞുമത്തായിയാണു് ജ്യേഷ്ഠനെയാദ്യം കണ്ടതു്.

"അതാ അച്ചാച്ചൻ!"

അവറാൻ തിരിഞ്ഞു നോക്കി. "ജേക്കബ്ബ്കുട്ടി അച്ചാച്ചൻ!"

അവർ തുമ്പായും ദൂരെക്കളഞ്ഞു് ജ്യേഷ്ഠൻെറ നേക്കൊരു പാച്ചിൽ!

അച്ചാച്ചാ.

"കുഞ്ഞു മത്തായി! അവറാനേ!"

അവർ ഒരു കൂട്ട ആലിംഗനത്തിൽ ലയിച്ചു. ജ്യേഷ്ഠനവരിരുവരേയും മാറിമാറി കെട്ടിപ്പിടിച്ചു. അവറാൻ കരഞ്ഞുപോയി.

അവർ പിന്നെ കുഞ്ഞുമത്തായി താമസിക്കുന്നിടത്തേക്കു നടന്നു. അവൻെറ ഭാര്യയേയും കുഞ്ഞിനേയും വിളിച്ചു കണ്ടു. അപ്പോഴേക്കും അവറാൻെറ ഭാര്യയും കുഞ്ഞുങ്ങളും എത്തിക്കഴിഞ്ഞിരുന്നു.

അപ്പോൾ ഇതാണു് അമേരിക്കയിലുള്ള ജേക്കബ്ബ്കുട്ടി അച്ചാച്ചൻ! പിതൃക്കളെ നന്ദിയില്ലാത്തവനുമെന്നു് വക്കിച്ചായൻ

പറയാറുള്ള ജേക്കബ്ബു്കുട്ടി! ആ രണ്ടു സ്ത്രീകളും കുട്ടികളും കൌതുകത്തോടെ നോക്കിനിന്നു. അവറാൻെറ ആറുമാസം മാത്രം പ്രായമുള്ള കുഞ്ഞു് ഇപ്പോഴേക്കും ജേക്കബ്ബു്കുട്ടിയുടെ നെഞ്ചത്തമർന്നു കഴിഞ്ഞിരുന്നു.

ആ സഹോദരങ്ങൾ പിന്നെപലതിനെക്കുറിച്ചും സംസാരിച്ചു. അപ്പൻെറ അവസാന ദിവസങ്ങളും മരണവുമായിരുന്നു പ്രധാന സംഭാഷണവിഷയം. പിന്നെ വക്കിച്ചായൻ. അങ്ങോരുടെ കട്ടം കൈകൾ. അവ പറയുമ്പോളാ രണ്ടനുജന്മാരുടേയും മുഖങ്ങൾ ഈർഷ്യയും വിദ്വേഷവുംകൊണ്ടു് വല്ലാണ്ടാകുന്നതയാൾ സൂക്ഷിക്കാണ്ടിരുന്നില്ല.

"ജേക്കബ്ബു്കുട്ടി അച്ചായാ, തൻകാര്യത്തിനുമൊരതിരുവേണം! ആ മനുഷ്യനിങ്ങനെ കൊട്ടാരത്തിൽ താമസിക്കുമ്പോൾ ഞങ്ങൾ അനിയന്മാരെവിടെയാ താമസിക്കുന്നതെന്നൊരു വിചാരമെങ്കിലും വേണം!" തൻെറ നേരെ അനിയൻ അവറാൻ പരാതിപ്പെട്ടു. അവനാണു് അപ്പൻെറ മുഖഭാവവും ഛായയും ഏററവും കൂടുതലുള്ളതു്!

"അച്ചായാ, അങ്ങോരും അങ്ങോരുടെ ഭാര്യയും പിള്ളേരും കാപ്പിയും പാലപ്പവും കഴിക്കുമ്പോൾ ഞങ്ങളും ഞങ്ങളുടെ പിള്ളേരുമെന്താണു കഴിക്കുന്നതെന്നങ്ങോരൊന്നന്വേഷിക്കയെങ്കിലും വേണ്ടേ!" അമ്മയുടെ ഛായ കൂടുതലുള്ള കുഞ്ഞുമത്തായി പരാതിപ്പെട്ടു.

ജേക്കബ്ബു്കുട്ടിയ്ക്കുതോന്നി താൻ കരഞ്ഞുപോകുമെന്നു്!

ജേക്കബ്ബു്കുട്ടിയ്ക്കു് വളരെയധികം മടുപ്പും ദുഃഖവും തോന്നി. തൻെറ പ്രതീക്ഷകളെല്ലാം തകർന്നിരിക്കുന്നു! സഹോദരന്മാർ താപ്പുരണ്ടാനിരുന്ന കാലത്തേക്കാൾ സ്നേഹത്തോടും ഒരുമയോടും കഴിയുമെന്നായിരുന്നു അയാളുടെ പ്രതീക്ഷ. താനങ്ങു് അമേരിക്കയിൽ കഷ്ടപ്പാടുകൾ പലതും സഹിച്ചെങ്കിലും അതൊന്നും നാട്ടിലാരേയുമറിയിച്ചിരുന്നില്ല; തന്നാൽ കഴിവുള്ളതു് അപ്പനും സഹോദരങ്ങൾക്കുമയച്ചുകൊടുക്കുവാൻ കഴിച്ചിരുന്നുമില്ല.

അയച്ചതു് ഒരു നല്ല സംഖ്യയുമായിരുന്നു. മിക്കവാറും തൻെറ സമ്പാദ്യം മുഴുവനും. താൻ വിചാരിച്ചിരുന്നതു് അപ്പനും സഹോദരന്മാരുമതിൽനിന്നും ന്യായമായ ഒരു ഭാഗമെടുത്തശേഷം ബാക്കിയുള്ളതു് തനിക്കുവേണ്ടി പ്രത്യേകം സൂക്ഷിക്കുമെന്നായിരുന്നു.

പക്ഷെ, ഇന്നെന്താണു കാണുന്നതു്! പരസ്പരം കലഹവും സ്പർദ്ധയും സ്നേഹമില്ലായ്മയും! വികാരങ്ങൾക്കു വളരെയധികം കഴിവുണ്ടായിരുന്ന അവറാൻ നിറയുന്ന കണ്ണുകളോടെ പറഞ്ഞു.

"ജേക്കബ്ബു്കുട്ടിച്ചായാ, അപ്പൻ അവസാനദിവസങ്ങളിൽ വളരെയധികം കഷ്ടപ്പെട്ടു!"

"എന്തിനു്?"

"വർക്കിച്ചായനെക്കൊണ്ടു്!"

"വർക്കിച്ചായനെന്തു ചെയ്തു?"

"പ്രായം കൂടിയപ്പോൾ അപ്പനുയാതൊരു തൻേറടവുമില്ലാണ്ടായി. ചുണയും തടിമിടുക്കുമെല്ലാം മുഴുവനും പോയി. വീട്ടുഭരണം മുത്തമകനെന്ന നിലയിൽ വർക്കിച്ചായൻ കേറിയെടുത്തു. അപ്പനെയവർ ഒരു തടവുകാരനെപ്പോലെയായിരുന്നു പിന്നെ സൂക്ഷിച്ചിരുന്നതു്! ഞങ്ങൾ മററു് ആൺമക്കൾക്കും പെങ്ങന്മാർക്കും അപ്പനെ തനിച്ചൊന്നു കാണാനുള്ള സൌകര്യം കൂടെയും തരാണ്ടായി."

അവൻ തുറന്ന കരച്ചിലായി. കണ്ണുതുടച്ചശേഷം തുടർന്നു:

"ജേക്കബ്ബു്കുട്ടീ, മോനേ, നിന്നെയൊരുനോക്കു കണ്ടിട്ടു പോവാനൊക്കുകേല്ലോ മോനേ എന്നു പറഞ്ഞൊരു ദിവസം നെടുവീർപ്പിട്ടപ്പം അവരു പറകയാ, 'മോൻ ജേക്കബ്ബു്കുട്ടി വന്നാലെന്താ അങ്ങേ ലോകത്തേക്കുള്ള പോക്കു് മോൻ മാററി വയ്പിക്കുമോ!' എന്നു്!"

അവറാൻ വീണ്ടും കരച്ചിൽ തുടങ്ങി. ജേക്കബ്ബു്കുട്ടി ഒരു ബുദ്ധവിഗ്രഹത്തെപ്പോലെ അനങ്ങാണ്ടിരിക്കുമാത്രം ചെയ്തു. ഉള്ളു് നീറുകയായിരുന്നെങ്കിലും!

ജേക്കബ്ബു്കുട്ടിച്ചായാ, അച്ചായനയച്ചിരുന്ന പണം മുഴുവനും അപ്പനുവേണ്ടി കൈപ്പററിയിരുന്നതു് വക്കിച്ചായനായിരുന്നു. മുഴുവനും സ്വന്തം കയ്യിലാ സൂക്ഷിച്ചിരുന്നതും. എന്നിക്കും കുഞ്ഞുമത്തായിക്കും വല്ലപ്പോഴും വല്ലതും തരുമെങ്കിലായി. പക്ഷെ, അതിലൊക്കെ കടന്ന ഒരു പാതകം ചെയ്തുകളഞ്ഞു!"

...o...



(16-ൽനിന്നും തുടർച്ച)

തിമിരം, ഒരു തിരസ്കരണിപോലെ എൻെറ കണ്ണുകളുടെ മുമ്പിൽ പാറിവീണു.

തമസ്സിൻെറ ആ തടവറയിൽ, വെളിച്ചത്തിൻെറ പഴുതുകൾതേടി പഴുതേ ഉഴലവേ, ഒരു ചോദ്യം പ്രഹേളികയായി മനസ്സിനെ പീഡിപ്പിച്ചു

ഏതു പാപപഥത്തിലാണു് എൻെറ പാദങ്ങൾ പതറിയതു്? ഏതപരാധത്തിൻെറ അപരാഹ്നത്തിലാണു് ഈയുള്ളവൻ ഇടറിവീണതു്?

ശാരീരികമായ ഹേമദണ്ഡങ്ങൾ ഒരിക്കലും തന്നെ കരയിച്ചിട്ടില്ല. ഏതു കൊട്ടും വേദനയിലും താൻ കോരിത്തരിച്ചിട്ടേയുള്ളു എന്നു് ഒട്ടൊരു തമാശയോടെ ഓർത്തു. വേദനയിൽ പിറന്നുവീണ തനിക്കു് വേദന ശ്വസിച്ചും ഭുജിച്ചും വളർന്ന തനിക്കു് എത്ര വല്യവേദനയും അന്യമല്ലായിരുന്നു. അദൃശ്യമായ ഒരവയവം പോലെ, അത്ര പിയായ ഒരു സഹയാത്രികനെപ്പോലെ, അതെന്നും തന്നോടൊത്തുണ്ടായിരുന്നു.

അവിടെ, ആ ശിലാനളിനത്തിൽ, രാജഹംസങ്ങളുടെ നടുവിൽ ഒരു കറുത്ത ശലഭംപോലെ പിടയുമ്പോൾപോലും, പൊട്ടിച്ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല.

അതു ധിക്കാരമാണെങ്കിൽ, തിരുവചനത്തിനെതിരാണെങ്കിൽ, ആകട്ടെ.

ചിരിച്ചു. നിറുത്താതെ ചിരിച്ചു.

വീണ്ടുമൊരു പ്രഹരം, പ്രകാശവേഗത്തിൽ, ചീറിവന്നു. ആദ്യത്തേതിനെക്കാളും പ്രചണ്ഡമായിരുന്നു അതു്.

അബോധത്തിൻെറ അഗാധതയിലേക്കു ഞാൻ വലിച്ചെറിയപ്പെട്ടു.

ആ ആഴങ്ങളിലെ അതിശൈത്യത്തിലുറഞ്ഞു്, കൊട്ടും ചുഴിയിലുഴന്നു്, യുഗപ്രതീതിയുള്ള നിമിഷങ്ങൾ പിന്നിട്ടു്, ബോധതലത്തിലേക്കു നീന്തിക്കയറുമ്പോൾ, വർണ്ണിതാ വിസ്മൃതിയോടെ ഞാൻ പകച്ചുനോക്കി.

മാതാവേമാർ എന്നെയും പേറി ഒരു പ്രകാശഗോളം താണുകയായിരുന്നു. അവരുടെ ഇരുവർ കൈകളിൽ ഒരു മൃതദേഹമായി ഞാൻ കിടന്നു. അടഞ്ഞ കൺപീലികളെ തഴുകിത്തെഴുകിയ ദീപ്തതരംഗങ്ങൾ എൻെറ തിമിരമകററി. നിർമ്മീലിതനേത്രങ്ങൾ കൊണ്ടുതന്നെ പരിസരം ഞാനറിഞ്ഞു.

തുരങ്കം പിന്നിട്ടു്, തുറസ്സായ സ്ഥലത്തെത്തിയപ്പോൾ അവർ നിന്നു. ഒരു മന്ദിരത്തിൻെറ തൂമുററമായിരുന്നു അതു്. എന്നെത്തളർത്തിയ കറുത്ത അറയും എന്നെയുണർത്തിയ വെളുത്ത തുരങ്കവും ഒളിപ്പിച്ചുവച്ച ആ മന്ദിരം ഒരു കൂററൻ മാളികയായിരുന്നു.

ആ മാളികയുടെ പൂമുഖത്തേക്കു ചേർന്നു്, ആടയാഭരണം ഉന്നിഞ്ഞ മൂന്നശ്വങ്ങളെ പൂട്ടിയ ഒരു രഥം സജ്ജമാക്കി നിർത്തിയിരുന്നു. കിങ്ങിണികൾ കിലുങ്ങുമാറു് കുതിരകൾ കാലുകളിളക്കിനിന്നു.

ശിൽപ്പാലംകൃതമായ രഥമണ്ഡപത്തിലെ ഹംസതൂലികാ ശയ്യയിലേക്കു് വാഹകർ എന്നെ മന്ദമായുയർത്തി, ഞാൻ കൺപീലികൾ ലേശമൊന്നു വിടർത്തി. പവിഴമുത്തുകൾ പതിച്ച രഥം എൻെറ കണ്ണിൽ മിന്നിപ്പൊലിഞ്ഞു

രഥത്തിൻെറ പാർശ്വങ്ങളിലായി, രഥചക്രങ്ങൾക്കു തൊട്ടടുത്തു മാലാഖമാർ നത്രശിരസ്കരായി നിന്നു. ശോകമൂർച്ഛയിലെന്നവണ്ണം അവരുടെ മുഖങ്ങൾ വെറുങ്ങലിച്ചിരുന്നു. അപ്പോഴമവർ, മൃത്യുമന്ത്രംപോലെ, വിലാപംപോലെ, എന്തോ ഉരുക്കഴിച്ചുകൊണ്ടിരുന്നു. വിഷാദതപ്തമായിരുന്നു അവരുടെ വിഹ്വലനാദം:

നിമന്ത്രണങ്ങൾ നിലച്ചപ്പോൾ, കുതിരകൾ ചലിച്ചുതുടങ്ങി. ഒരു ഞെട്ടലോടെ രഥം കുലുങ്ങിനീങ്ങി.

രഥപീഠത്തിലെ ഹംസശയ്യയിൽ ഒരു രക്തചന്ദനപ്രതിമപോലെ ഞാൻ കിടന്നു.

കുതിരകൾ കുതിക്കാൻ തുടങ്ങിയപ്പോൾ മന്ദിരത്തിൻെറ മണിമകുടം ദൃശ്യമായി. വെയിൽ നാളങ്ങളേററു വെട്ടിത്തിളങ്ങിയ താഴികക്കുടത്തിലെ ദേവതാശില്പം, ഒരു നിമിഷം, എൻെറ മിഴിയിൽ തങ്ങിനിന്നു.

ആ ശില്പത്തിനു കണ്ണുകളില്ലായിരുന്നു എന്ന സത്യം, ഒരു വെള്ളിടിപോലെ, ഉള്ളിലെൻെറ ഉള്ളിൽ മുഴങ്ങി.

ആ മുഴക്കം കുതിരകളുടെ കുളമ്പടിയോടുചേർന്നു മുങ്ങിയമർന്നപ്പോൾ, ഞാൻ കണ്ണുകൾ ഇറുകെപ്പൂട്ടി.

എഴുത്തു സൃഷ്ടിയാണ്. എഴുത്തുകാരൻ ഭഗവാനും. ധർമ്മത്തിനു കോട്ടം വരുമ്പോളെല്ലാം ഭഗവാൻ പ്രത്യക്ഷപ്പെടുന്നു. പല രൂപങ്ങളിൽ, പല സ്ഥലങ്ങളിൽ പല വേഷങ്ങളിൽ, എഴുത്തുകാരനായ കാനാ സുബ്രഹ്മണ്യത്തിന്റെ കഥയും വ്യത്യസ്തമല്ല.

മലയാളനാടിനു വേണ്ടി കഴിഞ്ഞയാഴ്ച ന്യൂഡൽഹിയിലുള്ള അദ്ദേഹത്തിന്റെ വസതിയിൽ അദ്ദേഹത്തെ സന്ദർശിച്ച ഞങ്ങളോടു കാനാ പറഞ്ഞു.

"സാഹിത്യത്തിന്റെ നിലവാരം താഴുന്നിടത്തെല്ലാം വിമർശനത്തിന്റെ കൊട്ടുവാളുമായി ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ഞാൻ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം മുതൽ ഗോഹാട്ടി വരെയുള്ള നിരവധി പട്ടണങ്ങളിൽ വളരെ നാളുകൾ താമസിച്ചിട്ടുണ്ട്. അവതാരങ്ങൾ പലതാണ്. നോവലിസ്റ്റ്, ക്രിട്ടിക്, പത്രപ്രതിനിധി, ചെറുകഥാകൃത്ത്. ലേഖകൻ എന്നിങ്ങനെ പോകുന്നു ആ നീണ്ട പട്ടിക. പേരുകൾ പലതാണ്. കെ. എസ്. മണ്യം, ആനന്ദ്, മായൻ, ആർ. സത്യൻ, കാനാസു അങ്ങിനെ പോകുന്നു പേരുകൾ പക്ഷേ, വേഷം മാത്രം മാറിയിട്ടില്ല. അന്നും ഇന്നും ഒരു നാടൻ മുണ്ടും ഷർട്ടും മാത്രം."

കാനാ ഇപ്പോൾ ഡൽഹിയിൽ സ്ഥിരതാമസമാണ്. ചുക്കു ചേരാത്ത കഷായം പോലെ കാനായില്ലാത്ത എഴുത്തുകാരുടെ സമ്മേളനമോ സംഘടനയോ ഡൽഹിയിലില്ല. ഭാരതീയ സാഹിത്യത്തെക്കുറിച്ചും, ഓരോ ഭാഷകളിലെ സാഹിത്യകാരന്മാരെക്കുറിച്ചും ഇത്രയും ആധികാരികമായി സംസാരിക്കുവാൻ കഴിവുള്ള മറ്റൊരാളില്ലത്രേ. ഏതൊരു ഇന്ത്യൻ സാഹിത്യകാരനെക്കുറിച്ചും ചോദിക്കൂ. സാഹിത്യത്തിലെ ഏതു പ്രവണതയെക്കുറിച്ചും സംസാരിക്കൂ. കാനായുടെ മുഖം പ്രകാശിതമാവും. വ്യക്തമായ ഭാഷയിൽ ആധികാരികമായി അദ്ദേഹം അവയെക്കുറിച്ചു സംസാരിക്കും. മലയാളത്തിലെ ബഷീറിനെപ്പോലൊരു സാഹിത്യകാരൻ ഇനി ഇന്ത്യയിൽ ജനിക്കാനിരിക്കുന്നേയുള്ളു എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. സ്വാഭാവികത, ഭാവനാശൈലിയുടെ പ്രത്യേകത എന്നിവയിലെല്ലാം തകഴിയിലെ ശിവശങ്കരപ്പിള്ളയ്ക്കു തുല്യം ഇന്ത്യയിലെ ഒരു എഴുത്തുകാരനും ബേപ്പൂർ സുൽത്താനെ കവച്ചു വച്ചിട്ടില്ലെന്നാണു കാനാ അവകാശപ്പെടുന്നത്. എഴുത്തുകാരിൽ സി. രാധാകൃഷ്ണൻ നൂതനമായ ഒരു ശൈലി ആവിഷ്കരിക്കാൻ ശ്രമിക്കുന്നു. വിമർശകരിൽ വിശ്വസിക്കാൻ കൊള്ളാവുന്ന ഏകവ്യക്തി അയ്യപ്പപ്പണിക്കരാണത്രെ.

'നിലവാര'ത്തിനു വേണ്ടിയുള്ള കുരിശുയുദ്ധം ആരംഭിച്ചതു് തമിഴിൽത്തന്നെയാണ്. തമിഴിലെ മുട്ടത്തുവർക്കിമാരായ

പാർത്ഥസാരഥിയും അഖിലനും മററും എഴുതുന്നതിൽ യാതൊരു കുഴപ്പവുമില്ലെന്നും അവരെല്ലാം വിക്ടർ ഹ്യൂഗോയുടെ സെൻറിമെൻറലിസത്തെമാത്രം അനുകരിച്ചു മെലോഡ്രാമാകൾ പടച്ചുവിടുന്നു മാത്രമാണ് ചെയ്തിട്ടുള്ളതെന്നു വ്യക്തമായ ഉദാഹരണങ്ങൾ ഉദ്ധരിച്ചുകൊണ്ടു മുഖം നോക്കാതെ അദ്ദേഹം വിളിച്ചുപറഞ്ഞപ്പോൾ കാനാസു് ശത്രുക്കളുടെ എണ്ണം വീണ്ടും വർദ്ധിക്കുകയാണെന്ന് ഞങ്ങൾക്ക് തോന്നി.

കാനായുടെ അഭിപ്രായത്തിൽ തമിഴിലെ ഏററവും നല്ല എഴുത്തുകാർ ടി ജാനകിരാമൻ, ഷൺമുഖസുന്ദരം, നീലപത്മനാഭൻ, അശോകമിത്രൻ, ചിതംബരസുന്ദരം, എന്നിവരാണ്. ജയകാന്തൻ ശക്തനായ ഒരു എഴുത്തുകാരനാണെങ്കിലും കലാപരമായി മേന്മകുറഞ്ഞതാണ് അദ്ദേഹത്തിന്റെ സാഹിത്യസൃഷ്ടി. സാഹിത്യത്തിന്റെ കാര്യത്തിൽ അനേകം അവാർഡുകൾക്കർഹനായ അഖിലൻ ഒരിടത്തും നില്ക്കുന്നില്ലെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു.

ഇന്ത്യയിലെ നോവലുകളുടെ നിലവാരം വളരെ മോശമാണെന്നാണ് കാനായുടെ പരാതി മലയാളത്തിലും ബംഗാളിയിലും മാത്രമേ ചില എക്സെപ്ഷൻസ് ഉള്ളു. കോപ്പിയടിക്കാൻ നമ്മുടെ എഴുത്തുകാർ വിദഗ്ദ്ധരാണ്. അതിപുരാതനം മുതൽ അത്യാധുനികംവരെ നമ്മൾ പകർത്തിവച്ചിട്ടുണ്ട്. വിക്ടർ ഹ്യൂഗോമുതൽ ജിൻദ്രപാൾ സാത്രേവരെ എല്ലാവരുടെയും വികാരങ്ങൾ നമ്മുടെ സാഹിത്യത്തിൽ പകർത്തിവച്ചിട്ടുണ്ട്. ഇംഗ്ളീഷിൽ എഴുതുന്ന ഇന്ത്യൻഎഴുത്തുകാരിൽ ആരെക്കുറിച്ചും കാനാസ്സു വലിയ മതിപ്പില്ല. രാജാറാവും ദേശാനിയുമാണ് അല്പമെങ്കിലും എഴുതാൻ അറിയാവുന്നവർ. ആർ. കെ. നാരായണൻ അടക്കമുള്ള മററുള്ളവർ ഇവിടെയും അവിടെയുമല്ലാതെ നട്ടംതിരിയുകയാണ്. കൂട്ടത്തിൽ ഏററവും മോശം

# ഭഗവാൻ പല രൂപങ്ങളിൽ ...

## —കാനാസുബ്രഹ്മണ്യം

കെ. എ. അബ്ബാസും. ബോബി ഒരു നോവലെന്നപേരിനുപോലും അർഹമല്ലത്രേ.

അപ്പട്ടെന്ന് സംഭാഷണം ഞങ്ങൾ അദ്ദേഹത്തിന്റെ വ്യക്തിപരമായ കാര്യങ്ങളിലേക്ക് തിരിച്ചുവിട്ടു. കാരണം സാഹിത്യത്തെക്കുറിച്ചും എഴുത്തുകാരെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ പലതും അതെപടി പകർത്തിയാൽ കാനാമാത്രമല്ല ഞങ്ങളും വർഷങ്ങളായി സുഹൃത്ബന്ധംപുലർത്തുന്ന പല എഴുത്തുകാരുടെയും ശത്രുക്കളാക്കി മാറേണ്ടിവരും. പിന്നിട് സ്വന്തം വേഷത്തെക്കുറിച്ചും വേരുകളെക്കുറിച്ചുമാണ് അദ്ദേഹം സംസാരിച്ചതു്.

സൈമൺകമ്മീഷന്റെ കാലത്തു ബ്രിട്ടീഷുകാരോടുള്ള പ്രതിഷേധസൂചകമായി കോട്ട് ഊരി എറിഞ്ഞതാണ്. അതിനു ശേഷം മുണ്ടും ഷർട്ടും മാത്രമേ ധരിച്ചിട്ടുള്ളു. പ്രശസ്തിയെമാത്രം ലാക്കാക്കിയല്ല. തനിക്കു പറയുവാൻ പലതുമുണ്ടായിട്ടാണ് എഴുതുന്നതെന്ന് തെളിയിക്കുവാൻവേണ്ടിയാണ് പല പേരുകൾ താൻ സ്വീകരിച്ചിട്ടുള്ളതെന്നും ഇന്നും ഡൽഹിയിലെ ഏററവുംകൂടുതൽ പ്രചാരമുള്ള ഹിന്ദുസ്ഥാൻ ടൈംസ് തനിക്ക് ഒരു ലേഖനത്തിനു് മുന്നൂറും നാന്നൂറുംരൂപവച്ചു പ്രതിഫലം നൽകുമെന്നു കാനാ സുബ്രഹ്മണ്യം പറഞ്ഞു. അതേസമയം ആർ. സത്യൻ എന്നപേരിൽ എഴുതുമ്പോൾ വെറും അമ്പതുരൂപയേ പ്രതിഫലം ലഭിക്കാറുള്ളു. പക്ഷേ, ആർ. സത്യൻ എന്നപേരിൽ തന്റെ ലേഖനങ്ങൾ പ്രസിദ്ധീകൃതമാവുമ്പോൾ അവ താൻ എഴുതുന്നതിന്റെ നിലവാരത്തെയാണ് തെളിയിക്കുന്നതെന്ന് അദ്ദേഹം അവകാശപ്പെട്ടു. കാനാസുബ്രഹ്മണ്യംപോലുള്ള എഴുത്തുകാരുടെ യാതൊന്നും പ്രസിദ്ധീകരിക്കുകയില്ലെന്നു പ്രതിജ്ഞയെടുത്തിട്ടുള്ള തമിഴ്മാസികയായ ആനന്ദവികടനിൽത്തന്നെ അദ്ദേഹം പല പേരുകളും എഴുതിയിട്ടുണ്ട് ഇന്നും തിരിച്ചറിയപ്പെടാനുള്ള സ്റ്റാമ്പുകൂടാതെ അദ്ദേഹം യാതൊന്നും മാസികകൾക്ക് അയക്കാറില്ലത്രെ: എഴുതുക എന്നുള്ളതു് സാഹിത്യകാരന്റെ കടമയാണ്. അതു് ഒരു വിശ്രാന്തിയാണ്. കാനാ എല്ലാദിവസവും രാവിലെ ഏഴുപേജെങ്കിലും കുറഞ്ഞതു തമിഴിൽ എഴുതാറുണ്ട്. എഴുതുമ്പോൾ അവ പ്രസിദ്ധീകരണയോഗ്യമാകുമോ ഇല്ലയോ എന്ന് അദ്ദേഹം ചിന്തിക്കാറില്ല. തന്റെ കഴിവുകളെ വിലയിരുത്തേണ്ടതു് വരാനുള്ള തലമുറയാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു. താൻ എഴുതിക്കൂട്ടിയിട്ടുള്ള പല പുസ്തകങ്ങളും വളരുന്നതലമുറക്ക് ആവശ്യമെങ്കിൽ പ്രസിദ്ധീകരിക്കട്ടെ എന്നു അദ്ദേഹം കൂട്ടിച്ചേർത്തു.

ഒരു നോവൽ അദ്ദേഹത്തിൽ എങ്ങിനെ രൂപംകൊള്ളുന്നു? സ്വന്തം അനുഭവത്തിൽ നിന്നും മററു മനുഷ്യരിൽനിന്നും കഥാബീജം ഉടലെടുക്കുന്നു. പക്ഷേ, ഉടനെയല്ലെന്നു

## അപൂർവ്വ ചിത്രങ്ങളടങ്ങിയ ശാസ്ത്രഗ്രന്ഥങ്ങൾ

1. ലൈംഗികജീവിതവും മദനലീലകളും— സെക്സ്ലൈഫിൽ അറിഞ്ഞിരിക്കേണ്ട എല്ലാ രഹസ്യങ്ങളും സമ്പൂർണ്ണ ചിത്രഗ്രന്ഥം വില 10 00
2. മദനലീലകൾ—പൂർണ്ണ ചിത്രഗ്രന്ഥം—ലൈംഗികാവയവങ്ങളുടെ പ്രവർത്തനം വിവിധ സംയോഗരീതികൾ മുതലായവ വില 8 00
3. മഹർഷി കൊക്കോകന്റെ കാമശാസ്ത്രം— ലോകപ്രസിദ്ധ വായിച്ചിരിക്കേണ്ട കാമശാസ്ത്ര ഗ്രന്ഥം ചിത്രങ്ങൾ സഹിതം വില 7 00
4. രാസരസം— മധുവിധു ആനന്ദലഹരിയുള്ളതാക്കി തീർക്കാൻ ചിത്രങ്ങളടങ്ങിയ ആധുനിക ലൈംഗികശാസ്ത്രം വില 6 00
5. മദനസാമ്രാജ്യത്തിലെ രതിവികൃതികൾ— വമ്പന്മാരുടേയും കൊലകൊമ്പന്മാരുടേയും രഹസ്യലൈംഗിക ജീവിതം വില 6 00
6. വിവാഹവും മധുവിധുവും— ദാമ്പത്യജീവിതത്തിലേക്ക് പ്രവേശിക്കുന്നവർ അറിഞ്ഞിരിക്കേണ്ട രഹസ്യങ്ങൾ ചിത്രസഹിതം വില 6 00
7. സെക്സ് അററ്ലസ്— സ്ത്രീപുരുഷലൈംഗികാവയവങ്ങൾ, മൈഥുനരീതികൾ, ഫാമിലിപ്ളാനിംഗ്—ചിത്രശാസ്ത്രഗ്രന്ഥം വില 6 00
8. സ്ത്രീപുരുഷ ശരീരശാസ്ത്രം— ലൈംഗികാവയവങ്ങളുടെ, വളർച്ച, പ്രവർത്തനം, സംഭോഗരീതികൾ—ആധുനിക ലൈംഗിക ചിത്രശാസ്ത്രം വില 6 00
9. കാമശാസ്ത്രം— വാൽസ്യയനൻ മുതൽ ഹാവ്ലോക് എല്ലിസ്വരെ നിർദ്ദേശിച്ചിട്ടുള്ള കാമലീലകൾ—ചിത്രങ്ങൾസഹിതം വില 5 00
10. രാസക്രീഡ— ഉത്തമ ലൈംഗിക ചിത്രശാസ്ത്രഗ്രന്ഥം വില 4 00
11. സ്ത്രീകളും പ്രസവരഹസ്യവും— ചിത്രശാസ്ത്രഗ്രന്ഥം വില 3 00
12. വിവാഹജീവിതവും സംയോഗരീതികളും— ചിത്രഗ്രന്ഥം വില 3 00
13. ഇഷ്ട സന്താനലാഭവും ജനനനിയന്ത്രണവും വില 2 00
14. ദാമ്പത്യജീവിതം— ആധുനിക ചിത്രശാസ്ത്രം വില 2 00
15. അത്ഭുതവാർത്തകൾ— അവിശ്വസനീയമായത് വില 2 00
16. സംഭോഗശാസ്ത്രം— കല്യാണമാലയുടെ കാമശാസ്ത്രം വില 2 00

വി: പി: ചിലവു പുറമേ, ചിത്ര കാററ്ലോഗ് സൗജന്യം.

**F. P. A. I., Thariannagar, VIA — Tiruvalla- RMS, KERALA.**

പ്രശസ്തമായ

**ദിനേശ് ബീഡി**

കണ്ണൂർ


അവയെ കഥയാക്കി മാററാൻ ശ്രമിക്കാറില്ല. വർഷങ്ങളോളം ഭാവനയിൽ ആ ബീജം വളരുന്ന സാമൂഹ്യവും മനഃശാസ്ത്രപരവുമായ എല്ലാ വീക്ഷണ കോണത്തിലൂടെയും അപഗ്രഥിച്ച് ആ ബീജത്തെ വളത്തിയെടുക്കാൻ ശ്രമിക്കുന്നു. എഴുത്തു തുടങ്ങിയാൽ പിന്നെ ഒട്ടും താമസിക്കാതെ എഴുതിതീർക്കാനുള്ള വ്യഗ്രതയാണ് അദ്ദേഹത്തിന്. തമിഴ്നാട്ടിൽ ഒരു പോസ്റ്റുമാസ്റ്ററുടെ മകനായി ജനിച്ച ശ്രീ കാനാസുബ്രഹ്മണ്യം ജീവിതത്തിൽ എഴുതുക എന്നുള്ളതല്ലാതെ മറെറാരുപ്രവൃത്തിയും ചെയ്തിട്ടില്ല. കഴിഞ്ഞ നാല്പതു വർഷത്തിനുള്ളിൽ ഈ അറുപത്തിരണ്ടുകാരൻ മുപ്പതോളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. തമിഴിൽ മാത്രമല്ല ഇംഗ്ളീഷിലും സ്വീഡിഷിലും അദ്ദേഹം നന്നായി എഴുതുന്നുണ്ട്.

കഴിഞ്ഞ കാലസ്മരണകളെ അയവിറക്കിക്കൊണ്ടു അദ്ദേഹം പറഞ്ഞു "സാഹിത്യകാരനുള്ള സ്വാതന്ത്ര്യമാണ് എന്നെ ഈ വഴിയിൽ എത്തിച്ചത്. സാമ്പത്തികവും ഭൗതികവും ശാരീരികവുമായി ഈ ലോകം തന്നിൽനിന്നും കവർന്നെടുക്കുന്ന സ്വാതന്ത്ര്യം തനിക്കു തിരിച്ചു കിട്ടുന്നതു് താൻ എഴുതുമ്പോൾ മാത്രമാണ് എന്നദ്ദേഹം കരുതുന്നു. അല്പം ചില്ലറ ചെലവിനു അല്പം കാശുകിട്ടുന്നതും: അയൽപക്കക്കാർ ആദരവോടുകൂടി നോക്കുന്നതും മററും എഴുതുവാൻ പ്രേരിപ്പിച്ചിട്ടുണ്ടെങ്കിലും എഴുതുക എന്ന 'ദുർസ്വഭാവം' തനിക്കു കിട്ടിയതു് മറെറാരുടേയും കീഴിൽ ജോലിചെയ്യേണ്ട, ആരേയും കൂസേണ്ട എന്നുള്ളതുകൊണ്ടു മാത്രമാണെന്നു അദ്ദേഹം അഭിമാനപൂർവ്വം പറയുകയുണ്ടായി.

ഇന്ത്യൻ സാഹിത്യം ഉണ്ട് ഒരു വഴിത്തിരിവിലാണ്. ഒരുവശത്തു വാല്മീകി സൃഷ്ടിച്ച സഹതാപത്തിന്റെ, അനുകമ്പയുടെ പാരമ്പര്യം മററു സൃഷ്ടികളോടുള്ള ദിനാനുകമ്പ കൊണ്ടു അവരെക്കുറിച്ച് എഴുതുന്നു. മറുവശത്തു്, വ്യക്തിത്വത്തിനും വ്യത്യസ്തതയ്ക്കും വേണ്ടി പാശ്ചാത്യ ചുവയുള്ള ആധുനികതയുടെ വേലിയേററം രോഹഭംഗവും സമൂഹത്തോടുള്ള കടപ്പാടും വിമർശകരുടെ നാക്കിൽ എപ്പോഴും ഓടിയെത്തുന്ന പദങ്ങളാണ്. പക്ഷെ, അവയെല്ലാം ഇന്ത്യൻ സാഹചര്യത്തിൽ അർത്ഥമുള്ളവയാണ്; ഭാരതത്തിന്റെ ഭൂതകാല പാരമ്പര്യത്തേയും സംസ്കാരത്തെയും അരച്ചുകലക്കിയുണ്ടാക്കിയ ഒരു അളവുകോൽ കൊണ്ടുമാത്രമേ ഇന്നത്തെ സാഹിത്യത്തെ വിലയിരുത്താനാവൂ. അതിനു വേണ്ടിയാണ് ഇന്ത്യയിലെ എല്ലാ വിമർശകരും, സാഹിത്യപ്രേമികളും പ്രത്യേകിച്ചും അക്കാദമികളും ശ്രമിക്കേണ്ടതെന്ന് അദ്ദേഹം ഊന്നി പറയുകയുണ്ടായി.

വളരെ സമയം നീണ്ടുനിന്ന സംഭാഷണത്തിനിടയിൽ മലയാളത്തിലെ വാരികകളെക്കുറിച്ചു അദ്ദേഹം പരാമർശിക്കുകയുണ്ടായി; ചില വാരികകൾ ഗുണത്തിലേറെ ദോഷമാണു ചെയ്യുന്നതെന്നും അതിൽ പ്രത്യക്ഷപ്പെടുന്നതൊന്നും സാഹിത്യമെന്ന പേരിനുപോലും അർഹതയുള്ളവയല്ലെന്നും അദ്ദേഹം പരാതിപ്പെട്ടു; മലയാളനാടിന്റെ വളർച്ചയിൽ തനിക്കു സന്തോഷമുണ്ടെന്നും സാഹിത്യത്തിന്റെ വികാസത്തിന് മലയാളനാടുപോലെ നിലവാരം പുലർത്തുന്ന വാരികകൾക്ക് വളരെയേറെ സംഭാവനകൾ നൽകാൻ സാധിക്കുമെന്ന് കാനാ പ്രത്യാശ പ്രകടിപ്പിക്കുകയുണ്ടായി.

'അപ്പുറം പാക്കലാം" പറഞ്ഞു യാത്ര പിരിഞ്ഞപ്പോൾ ഭാരതത്തിന്റെ കരുത്തേറിയ വിമർശകനായ കാനാ സുബ്രഹ്മണ്യം കൂടുതൽ കരുത്തുള്ളവനാവട്ടെ എന്നു ഞങ്ങൾ ആശംസിച്ചു.

(അഭിമുഖം—വെളിയത്ത്, പുന്നൂസ്)

—•—


## മലയാളനാട്

വാരിക

വരിസംഖ്യനിരക്ക്

| | |
|---|---|
| ഒരു വർഷത്തേക്ക് | 40–00രൂ |
| ആറുമാസത്തേക്ക് | 20–00രൂ |
| ഒററപ്രതി | 00–75സ |

വിദേശങ്ങളിൽ അയയ്ക്കുന്നതിന് വരിസംഖ്യനിരക്കിൽനിന്നും പോസ്റ്റേജ് കൂടുതലായിരിക്കുന്നതാണ്.

—മാനേജർ

## ഒന്നു്

എന്റെ സ്നേഹധനനായ ഭർത്താവ് മരിച്ചിട്ട് ഇന്ന് ഒൻപതു് മാസങ്ങൾ കഴിയുന്നു. സുഖസുഷുപ്തി ഈ ഒൻപതു് മാസങ്ങളായി എന്നെ സമീപിച്ചിട്ടില്ല. മെത്തയിൽ തിരിഞ്ഞും മറിഞ്ഞും കിടന്നുരുളുകയല്ലാതെ ഒന്നു മയങ്ങാൻ കൂടി കഴിയുന്നില്ല. ഞങ്ങളുടെ കുടുംബത്തിലെ ഒരംഗത്തെപ്പോലെയായിത്തീർന്ന വാല്യക്കാരിയും എന്റെ കട്ടിലിനരികെയാണ്, ഭർത്താവിന്റെ മരണശേഷം കിടക്കാറ്. അവൾ സുഖമായി കൂർക്കം വലിച്ചുറങ്ങുന്നതു് ഞാൻ അസൂയയോടെ നോക്കിനിന്നു. പത്തു വർഷക്കാലമായി ഈ കുടുംബത്തിന്റെ എല്ലാ രഹസ്യങ്ങളുമറിയാവുന്ന അവൾ പരിഞ്ഞുപോകാൻ പലപ്പോഴും നിർബ്ബന്ധം പിടിച്ചുനിന്നതാണ്. പക്ഷേ ഞാൻ സമ്മതിച്ചില്ല. അവൾക്ക് ആവശ്യമുള്ളതെല്ലാം നൽകി ഇരട്ടി ശമ്പളം നൽകി നിറുത്തിയിരിക്കയാണ്. അവൾ പോയാൽ ...

കേരളത്തിൽ പരക്കെ അറിയപ്പെടുന്ന പ്രസിദ്ധനായ ഒരു വ്യക്തിയായിരുന്നു എന്റെ ഭർത്താവ്. അദ്ദേഹത്തെ അറിയാത്ത ഒരു മലയാളിയുണ്ടാവില്ല. സാഹിത്യകാരന്മാർക്കും രാഷ്ട്രീയനേതാക്കന്മാർക്കും സാമൂഹ്യനേതാക്കൾക്കും സിനിമാപ്രവർത്തകർക്കും ഡി. പി. യെ (അദ്ദേഹത്തെ ഈ പേരിൽ സംബോധനചെയ്യട്ടെ) ജീവനെപ്പോലെയാണ്. ഇവരുടെ എത്രയെത്ര അന്തഃപ്പുരരഹസ്യങ്ങൾ ഡി. പി. സ്കൂറിയിൽ, എത്രയോ എഴുത്തുകളും തുണ്ടുകടലാസുകളും കഥകൾ പറയുന്ന അദ്ദേഹത്തിന്റെ ഡയറിയിലിരിക്കുന്നു. ആ രഹസ്യങ്ങളുടെ ചുരുളുകൾ മുഴുവനഴിക്കുവാനല്ല ഞാൻ മുതിരുന്നതു്. എനിക്ക് എന്നെക്കുറിച്ച് ചില കാര്യങ്ങൾ പറയാനുണ്ട്. നിങ്ങളെ ഒരു പക്ഷേ ഞെട്ടിപ്പിച്ചേക്കാവുന്ന ആ സംഭവങ്ങളിൽ കടന്നുവരുന്ന ചില പ്രസിദ്ധരെക്കുറിച്ച് തുറന്ന് ചിലതു പറഞ്ഞുപോയാൽ ഒരിക്കലും അവരെ ചെളി വാരിയെറിയലാവുകയില്ല...

ഞാൻ അധികം വായിക്കുന്ന സ്വഭാവമുള്ള സ്ത്രീയല്ല. മലയാളമനോരമ ആഴ്ചപ്പതിപ്പാണ് സാധാരണ വായിക്കാറ്; ഡി. പി. മലയാളനാടിന്റെ സ്ഥിരം വായനക്കാരനാണ്. അദ്ദേഹം മരിച്ചതിനു ശേഷവും മലയാളനാട് ഞാൻ നിറുത്തിയില്ല. കാരണം അദ്ദേഹത്തെ ഓർമ്മിക്കുവാൻ, അദ്ദേഹത്തെ കാണുവാൻ എനിക്ക് മലയാളനാടിലൂടെ കഴിഞ്ഞിരുന്നു— ഈ അടുത്തകാലത്തു് മലയാളനാടിലാരംഭിച്ച കമ്പസാരം എന്ന പാക്കേജ് എന്നെ വളരെയേറെ ആകർഷിച്ചു. എക്സിന്റെ മുവായിരം മദാലസരാത്രികൾ പാരേയും മോഹിപ്പിച്ചുവെങ്കിൽ എന്നെ സംഭ്രമിപ്പിക്കുകയാണ് ചെയ്തതു്. ഇന്നും പരിശുദ്ധിയും പതിവ്രതയും ഉന്നതമായ കുടുംബത്തിലെ ഒരംഗമായി കഴിയുന്ന ഞാൻ, എന്തിനിതൊക്കെ പറയുന്നു എന്നല്ലേ?. കഴിഞ്ഞ ഒൻപതുമാസങ്ങളായി ഞാനനുഭവിക്കുന്ന മാനസികവ്യഥയുടെ അളവു കുറയ്ക്കാൻ. എന്റെ ജീവനായ ഭർത്താവ് മരിക്കുമ്പോൾ ഈ കുററബോധമൊന്നും എന്നെ ബാധിച്ചിട്ടില്ല. എല്ലാ ദുഃഖങ്ങളേയും എല്ലാ കുററബോധങ്ങളേയും എല്ലാ മാനസിക സംഘർഷങ്ങളേയും ഒഴുക്കിക്കളയുന്ന ഒരദൃശ്യശക്തിയായിരുന്നു അദ്ദേഹം: ഇപ്പോൾ കടന്നുപോകുന്ന രാത്രികളിലെ യുഗങ്ങളോളം നീണ്ടു നില്ക്കുന്ന നിമിഷങ്ങൾ എന്റെ ആത്മാവിനെ കാന്തിനുന്നു. എനിക്കുറക്കമില്ല. എനിക്ക് എല്ലാം തുറന്നുപറയണം. എനിക്കെല്ലാം മനസ്സിൽനിന്ന് വലിച്ചു പുറത്തേക്കെറിഞ്ഞ് ദീർഘമായൊന്നു ശ്വസിക്കണം...



## കമ്പസാരം

# ഒരു പതിവ്രതയു

എനിക്കിപ്പോൾ നാല്പത്തിരണ്ടു്വയസ്സോളം പ്രായംവരും. രണ്ടു പെൺകുട്ടികളുണ്ട്. രണ്ടിനേയും വലിയനിലയിൽ ബന്ധപ്പെടുത്തി അയച്ചു. ഇളയകുട്ടി ഇപ്പോൾ ഇൻഡ്യസ്സ്ക്കെവളിയിലാണ്. ഒരു മകനുണ്ട്. അവനു് കൊഴിക്കോടാണ് ജോലി. എന്റെ സ്ഥലം തൃശ്ശൂരാണ്. പതിനൂന്നവയസ്സിലാണ് എന്റെ വിവാഹം നടക്കുന്നതു്. അന്ന് ഞാൻ ഋതുമതിയായിരുന്നില്ല. അതിവസുന്ദരിയായ ഞാൻ അദ്ദേഹത്തിന്റെ കുടുംബത്തിൽ ഒരത്ഭുതമായി, ഒരു ജ്യോതിസ്സായി കടന്നുവന്നു. ഞാനദ്ദേഹത്തിന്റെ ഭാര്യയായിരുന്നില്ല. ഒരു വളർത്തു

## എം ഡി. പി.

# ടെ കുററസമ്മതം

പുത്രിയായിരുന്നു എന്നു പറയുകയാവും ശരി. ഒരു രാജകുമാരിയെപ്പോലെ അദ്ദേഹം എന്നെ വളർത്തി. എന്നെ കളിപ്പിക്കുകയും പാവാടയും ബ്ളൗസുമൊക്കെ അണിയിച്ചു കണ്ണെഴുതി പൊട്ടുതൊട്ടുവിക്കുമെന്നൊക്കെ പറഞ്ഞാൽ നിങ്ങൾക്ക് വിശ്വസിക്കുവാൻ പ്രയാസമായിരിക്കും. മോളേ എന്നാണ് ബന്ധപ്പെട്ട അന്നുമുതൽ എന്നെ വിളിച്ചിരുന്നതു്. അദ്ദേഹം ഇന്നെന്നോടൊപ്പമില്ല. അന്ത്യനിമിഷങ്ങളിൽ എന്റെ കണ്ണുനീർ പ്രയാസപ്പെട്ടു തുടച്ചുകൊണ്ടദ്ദേഹം എന്നോടു പറഞ്ഞു "നീ വിഷമിക്കേണ്ടമോളെ. ഈ രാജ്യത്തെ പ്രസിദ്ധരും അപ്രസിദ്ധരായ എല്ലാവരേയും ഞാൻ സ്നേഹിച്ചിരുന്നു. അവർക്കുവേണ്ടി ഈ കിടക്കയിൽ വീഴുന്നതുവരെ പണിയെടുത്തു. എന്റെ കണ്ണടഞ്ഞുപോയാൽ അവരുടെ സഹായഹസ്തം നിനക്കുണ്ടായിരിക്കും". പക്ഷേ, ഈ ഒൻപതുമാസങ്ങൾക്കിടയിൽ ഒരാളുടെ സഹായഹസ്തം പോലും ഞാൻ കണ്ടിട്ടില്ല. മക്കൾ അയച്ചുതരുന്ന തുകകൊണ്ടു് അല്ലലില്ലാതെ കഴിയുന്നു. കഴിഞ്ഞരാത്രികളിൽ ഞാൻ ഞെട്ടലോടെ ഓർമ്മിക്കാൻ ബദ്ധപ്പെട്ടു. ഇരുപത്തിയാറു്വർഷങ്ങൾക്കുമുമ്പ്, അന്ന് അദ്ദേഹം എന്നെ വാരിപ്പുണരുന്നു് നിർബ്ബന്ധിച്ചപ്പോൾ ഒരു കൊച്ചുകാററുപോലെ ഒഴിഞ്ഞുപോയിരുന്നെങ്കിൽ എന്ന് എനിക്ക് ഭാഷയും ശൈലിയുമൊന്നുമറിഞ്ഞുകൂട. അടുക്കും ചിട്ടയുമായി എഴുതാനറിഞ്ഞുകൂട. എങ്കിലും ഞാൻ പറയാം. എന്റെ കഥ. കേരളത്തിലെ ഏററവും പ്രശസ്തമായ ഒരു കുടുംബത്തിലെ കുടുംബനിയും പതിവ്രതയുമെന്ന് അംഗീകാരം നിലനില്ക്കുന്ന എന്റെ കഥ. ഞാൻ പറയുന്ന ഈ വാക്കുകൾ പകർത്തിയെഴുതുന്നതു് എന്റെ വാല്യക്കാരിയാണ്. എന്റെ നാടകത്തിലെ അപ്രധാനമല്ലാത്ത ഒരു കഥാപാത്രത്തെ അവതരിപ്പിക്കുന്നതു് അവളാണ്. പക്ഷേ, ഇതെഴുതിക്കൊണ്ടിരിക്കുന്നതിനിടയിൽ ചിലപ്പോൾ അവൾ ഞെട്ടുന്നതു് എനിക്കറിയാം: കാരണം ഊണിലും ഉറക്കത്തിലും എന്നെ പിന്തുടർന്നുപോന്ന ആ വൾക്കുപോലും അജ്ഞാതമായ ചില രഹസ്യങ്ങളുണ്ടിതിൽ. പ്രമുഖരാഷ്ട്രീയനേതാക്കന്മാരിൽ പലരും ചിലസാഹിത്യകാരന്മാരും അപൂർവ്വം ചിലപത്രാധിപന്മാരും ഈ കമ്പസാരകഥയിൽ പ്രത്യക്ഷപ്പെട്ടു. സമ്പന്നവർഗ്ഗത്തിലെ തലയെടുപ്പുള്ളവരാണേറെ. "എക്സ്" എന്ന എന്റെ സഹോദരിയ്ക്ക് പറയാനുള്ളതിനേക്കാൾ കൂടുതൽ എനിക്ക് പറയാനുണ്ട്. നിങ്ങളുടെ മദാലസരാത്രികളേക്കാൾ കൂടുതൽ രാത്രികളിൽ ഞാൻ നീന്തിത്തുടിച്ചിട്ടുണ്ട്. പക്ഷേ, ഒരു വ്യത്യാസംമാത്രം. നിങ്ങൾ അഭിസാരികയായി അറിയപ്പെട്ടു. പതിവ്രതയും കുടുംബിനിയുമെന്ന സ്ഥാനം ഞാൻ ഉറപ്പിച്ചെടുത്തു. എന്റെ സൗന്ദര്യം മദാലസസൗന്ദര്യം എനിക്കൊരു ശാപമായിരുന്നില്ല ഒരു നല്ലജീവിതമുണ്ടാക്കാൻ എന്നെ സഹായിച്ചു. ഞാനെല്ലാം പറയാം. എല്ലാം പറഞ്ഞുകഴിഞ്ഞതിനുശേഷമേ എനിക്ക് എന്നിൽനിന്നും മോചനമുള്ളൂ.

ഞങ്ങളുടെ മധുവിധു രാത്രികൾ ആരംഭിക്കുന്നതു് വിവാഹത്തിനുശേഷം ഒരുകേദേശം ഒരു വർഷം കഴിഞ്ഞാണ്. മൂന്നുനാലു മാസക്കാലം ഞങ്ങൾ ഒരുമിച്ചു് കിടക്കകളിലുണ്ടായില്ല; വധുവിനെ കാണാൻ

വന്ന പലരും മററു പെൺകുട്ടികളുടെ ഇടയ്ക്കു നില്ക്കുന്ന എന്നെ കണ്ടുപിടിക്കേണ്ടിയിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിൽ എന്റെ കടന്നുവരവ് ഒരു പുതിയ ലോകത്തിന്റെ പിറവിയായിരുന്നു. "നിന്റെ മുഖത്തെ വെളിച്ചം എന്റെ ജീവിതത്തിനു കിട്ടി" എന്നദ്ദേഹം പലപ്പോഴും പറയുമായിരുന്നു. അദ്ദേഹത്തിന്റെ കുടുംബക്കാർ വലിയ ധനികരായിരുന്നു. വിരുന്നിനായി ഞാൻ ഓരോ വീടുകളിലും കടന്നുചെന്നു. അവിടെയൊക്കെ എന്റെ സൗന്ദര്യം അദ്ദേഹത്തിന് മുമ്പെങ്ങുമില്ലാത്ത അന്തസ്സും നിലയും വിലയുമുണ്ടാക്കിക്കൊടുത്തു. പ്രായമായ പലരും തുടുത്ത ചുകന്ന എന്റെ കവിളിൽ നുള്ളിനോവിച്ചുകൊണ്ട് അദ്ദേഹത്തോടു പറഞ്ഞു 'നീ ഭാഗ്യവാനാടാ. ഇവളുടെ ഐശ്വര്യം നിന്നെ നന്നാക്കും.' അദ്ദേഹം ചിരിച്ചുകൊണ്ട് ആ ആശീർവാദങ്ങൾ സ്വീകരിക്കും. മുററത്ത് മൂന്നാല് കാറുകൾ കിടന്നിരുന്ന ഒരു വീട്ട് ഞാനോർക്കുന്നു. അവിടെ വിരുന്നുണ്ടുകൊണ്ടിരിക്കുമ്പോൾ നീളമുള്ള സുന്ദരിയായ ഒരു സ്ത്രീയോട് അവരുടെ ഭർത്താവു പറഞ്ഞു 'ഇവർ ഒന്നുരണ്ടുദിവസം ഇവിടെ നില്ക്കട്ടെ.' ഡി. പി. എതിർത്തെങ്കിലും ഒടുവിൽ അവിടെ കൂട്ടുതലായി ഉയർന്നുകേട്ട മധുരമുള്ള സ്നേഹമയമായ വാക്കുകളിൽ ആ എതിർപ്പ് അലിഞ്ഞലിഞ്ഞില്ലാതായിപ്പോയി. എനിക്കെന്തോ ഒരു പരിഭ്രമമായി ഇത്ര വലിയ ഒരു വീട്ടിൽ ഇത്ര ആധുനിക സജ്ജീകരണങ്ങളുള്ള ഒരു വീട്ടിൽ രണ്ടുദിവസം തങ്ങിനില്ക്കാൻ ഒരു പ്രയാസം. വളരെ വലിയ ഒരു കിടക്കറയാണ് ഞങ്ങൾക്കുവേണ്ടി ഒരുക്കിയിരുന്നതു്. ആ മുറിയിലെ മതിലുകളിൽ പതിച്ചിരുന്ന ചില്ലിട്ട അദ്ധ്വാനഗകളായ, നഗ്നകളായ, നഗ്നരായ പുരുഷന്മാരെ വാരിപ്പുണർന്നു കിടക്കുന്ന സ്ത്രീസുന്ദരികൾ: പകുതി തുറന്ന കണ്ണുകളോടെ ഞാനതു് ഒളിഞ്ഞൊളിഞ്ഞു നോക്കി. ഞാനൊരു കോരിത്തരിച്ചുപോയി. സ്ത്രീപുരുഷന്മാരുടെ പരിപൂർണ്ണ നഗ്നചിത്രങ്ങൾ ഞാനന്ന് ആദ്യമായി കാണുകയായിരുന്നു. അദ്ദേഹം മുറിയിലേക്കു കടന്നുവന്ന ഞാൻ കണ്ണുകൾ പൊത്തി: എന്നെയദ്ദേഹം വാരിപ്പുണർന്നു. അസുലഭാനുഭൂതിയുടെ നിമിഷങ്ങൾ എന്റെ കഥ ഇവിടെ ആരംഭിക്കുന്നു. (തുടരും)



കഥ

# അഭിസാരികയുടെ ഗർഭം

ബാലകൃഷ്ണൻ ഠാങ്ങാട്ട്

കടല്ക്കരയിലെ പൂഴിമണലിൽ, ചുണ്ടുകളിൽ തൊടാനാവാത്ത അവന്റെ കൈവിരലിൽനിന്ന് പെട്ടെന്ന് ഒഴിഞ്ഞുമാറിയപ്പോൾ രാഹുലനാണ് അവളോട് ആദ്യമായി അതു പറഞ്ഞതു്: "പെണ്ണേ, കേൾക്കണോ; ഒരു വേശ്യയുടെ മണമാണു നിനക്ക്."

സായാഹ്നത്തിന്റെ പൂക്കൾ കരയിലും കടലിലും ചിതറിവീണിരുന്നു. അലച്ചുയരുന്നതിരമാലകൾക്കരികിലെത്തുമ്പോൾ അവനോടൊപ്പം എല്ലാവരും പൊട്ടിച്ചിരിച്ചു. നല്ലൊരു ഫലിതം ആസ്വദിക്കുന്ന ഭാവമായിരുന്നു അവരുടെ സന്തോഷം. തു

ടുപ്പിച്ച മുഖങ്ങളിൽ. അതു നോക്കിയിരിക്കെ അവളുടെ ചുണ്ടിൽ ചിരിമൊട്ടി.

"രാഹുലാ ..." അവൾ പറഞ്ഞു. "പെണ്ണ് എന്താണെന്നറിയാമോ നിനക്ക്? നീ പെണ്ണിനെ കണ്ടിട്ടുണ്ടോ? പിന്നല്ലേ നിനക്ക് വേശ്യയുടെ മണം അറിയുന്നു..."

അവൾ ഒരുപിടി മണൽ വാരി അവന്റെ മുഖത്തെറിഞ്ഞു: കണ്ണുകളിൽ പൂഴി തെറിച്ചുവീണപ്പോൾ അവൻ കൈകൾ കൊണ്ട് കണ്ണുകൾ ഉരക്കെ പൊത്തി. കൂട്ടുകാർ അപ്പോഴും ആർത്തുചിരിച്ചു. അവൻ മുഖത്തുനിന്ന് കയ്യെടുക്കാതെ വേദനയോടെ പതുക്കെ തിരുമ്പിയപ്പോൾ പക്ഷേ, അവർ കുററപ്പെട്ടത്തലിന്റെ നോട്ടങ്ങൾ അവൾക്കുനേരേ എറിഞ്ഞു.

അവൾക്ക് പിന്നെ അവിടെ നിൽക്കണമെന്ന് തോന്നിയില്ല. സാരിയിലെമണൽത്തരികൾ തട്ടിക്കുടഞ്ഞു് എഴുന്നേററു. നനഞ്ഞ മണലിൽ സാരിയുടെ ചുകന്ന കരയിഴയുന്ന പാദങ്ങൾ അമർത്തിപ്പതിപ്പിച്ച് നടന്നപ്പോൾ അവൾക്ക് ഏകാന്തതയുടെ മടുപ്പ് അനുഭവപ്പെട്ടു. ഉള്ള തുറന്നു സംസാരിക്കാൻ ഏതെങ്കിലുമൊരു പെൺകുട്ടികൂടെ ഉണ്ടായിരുന്നെങ്കിൽ എന്ന് അവൾ ആശിച്ചു. ഹോസ്റ്റലിൽനിന്ന് ഒന്നിച്ച് ഇറങ്ങിയവർ തിരിച്ചു പൊയ്ക്കഴിഞ്ഞിരുന്നു.

കൂട്ടുകാരികൾ പിണങ്ങിപ്പിരിഞ്ഞു് പോയതാവുമെന്ന് അവൾ നിനച്ചു. അല്ലെങ്കിൽ ഇരുൾപൊട്ടിയടർന്നുവീണ് തിരക്കൊഴിയുന്നതുവരെയെങ്കിലും അവൾ കാത്തിരിക്കുമായിരുന്നു; സഹദേവൻ കുട്ടിയേയും ബാബുവിനേയും മററും കണ്ടപ്പോൾ താൻ അവരുടെകൂടെചേന്നതാവും കാരണം. സുശീലയോടു പറഞ്ഞതാണ് "വരൂ, നമുക്ക് അങ്ങോട്ടു പോകാം. അവരുടെ കൂട്ടത്തിൽ ചെന്നിരിക്കാം."

"നീ പോയാൽമതി. ഞങ്ങളില്ല ആൺകുട്ടികളോടു് കൊഞ്ചിക്കുഴയാൻ."

അവൾ ഒന്നും പറഞ്ഞില്ല. വാക്കുകളുടെ മുന ഉള്ളിൽ തട്ടി. അതവഗണിച്ചുകൊണ്ട് കൂട്ടുകാരികളെ പുറകിൽ ഉപേക്ഷിച്ച് അവൾ ആൺകുട്ടികൾക്കരികിലേക്കു നടന്നു. വിടർന്ന കണ്ണുകളിൽ ആരാധനയുടെ ജ്വാലകൾ കൊളുത്തി അവർ അവൾക്കുചുററും കൂടി. അവരുടെ മുഖത്തെ സന്തോഷം, കണ്ണുകളിലെ തിളക്കംഎല്ലാം കാണുമ്പോൾ എന്തൊരു ഹരമാണ്,

പുരുഷന്മാരുടെ കൂടെ നിൽക്കുമ്പോൾ താൻ സ്വയം മറന്നുപോകുന്നുവെന്ന് അവൾ ഓർത്തു. പെൺകുട്ടിയുടെ സ്വതസിദ്ധമായ ലജ്ജയും സങ്കോചവും താൻ വിസ്മരിക്കുന്നു. അല്ലെങ്കിൽ അതു് എന്നെങ്കിലും തനിക്ക് ഉണ്ടായിരുന്നുവോ?

ഗോതമ്പുവയലുകൾ പൂ—നിന്ന പഞ്ചാബിലെ തെരുവുകളിൽ ഓർമ്മവെച്ചു തുടങ്ങുതൽ ആൺകുട്ടികളായിരുന്നു തന്റെ കൂട്ടിന്ന്. അവരുമായുള്ള കളിയും കലഹവും സ്നേഹത്തിന്റെ മധുരക്കനികൾമാത്രം സമ്മാനിച്ച അച്ഛനോടൊപ്പം തുടരുന്നു. അച്ഛൻ എന്നും തനിക്ക് മറെറാരു ആൺകുട്ടിയായിരുന്നു. അദ്ദേഹം പൊട്ടന്ന് യാത്രപറഞ്ഞു് പോയപ്പോൾ വലിയൊരു ലോകം തനിക്ക് കൈമോശംവന്നു. പിറ

ന്നമണ്ണിലെ അകലത്തു് പറിച്ചുനട്ടപ്പോൾ തന്നെക്കുറിച്ചുള്ള ദുഷ്കീർത്തികൾ കൊറിച്ചുനടന്നവർ തൻെറ പോയ്പോയ കാൽച്ചുവടുകൾ ശ്രദ്ധിച്ചുവരായിരുന്നില്ല.

ജയൻ അങ്ങിനെ —

അവൻ ചോദിച്ചു: "കുട്ടി, നിനക്കെവിടുന്നുകിട്ടി ഈ മണം?"

"ഏതു മണം?'

"ഒരു വേശ്യയുടെ —"

അവളുടെ ഹൃദയം മിടിച്ചു. അവൾക്കു് ഒന്നും പറയാനു കഴിഞ്ഞില്ല. അവൾ ഇത്രമാത്രം ദുഃഖിച്ചു. അല്ലെങ്കിൽ ഇത്തരം പ്രശ്നങ്ങൾക്കുമുന്നിൽ നിസ്സംഗഭാവത്തിൽ അവൾ പൊട്ടിച്ചിരിച്ചേനെ. ഇപ്പോൾ മാത്രം അതിനു തോന്നുന്നില്ല. താൻ വെറുക്കുന്ന ഒരുകാര്യം വീണ്ടുമൊരാൾ ചൂണ്ടിക്കാണിച്ചിരിക്കുന്നു.

ഒടുവിൽ വികാരം ഉള്ളിലമർത്തി അവൾ കളിയായി ചോദിച്ചു.

"വേശ്യകളുടെ മണത്തിനു് എന്തുപ്രത്യേകതയാണു് ജയൻ?"

"സ്വന്തം വിയർപ്പോടൊപ്പം പലതരത്തിലും വിയർപ്പ് കൂടിക്കലന്ന മണം. അതിൻെറ തീഷ്ണത..." പിന്നെ അവൻ അവളുടെ ചുമലിൽ കയ്യമർത്തി. വെയിൽ പൊട്ടിയൊലിച്ച ഒരു അപരാഹ്നത്തിൽ സിനിമാമന്ദിരത്തിലെ വെളിച്ചംവീഴ്ത്ത മാറാത്ത മൂലയിൽവെച്ചായിരുന്നു അതു്. അവൾ അവൻെറ കൈ പ്രതിഷേധത്തോടെ തട്ടിമാററി. അവൻ അവളുടെ തുടയിൽ വിരലമർത്തി. അവൾക്കു് ദേഷ്യംവന്നു.

"ജയൻ" മുമ്പെങ്ങുമില്ലാത്ത കാർക്കശ്യവും അവജ്ഞയും അവളുടെ സ്വരത്തിൽ മുഴച്ചുനിന്നു. "പടം കാണാനാണു് നാം വന്നതു്. ഡോണ്ടു് തിംഗ് അതർവൈസ്—"

ജയനു് മററു വല്ല തെററിദ്ധാരണയും ഉണ്ടായോ? കുട്ടികൾ നേരത്തെതന്നെ പലതും പറഞ്ഞുതുടങ്ങിയിരുന്നു. തനിക്കു് ജയനോടു് പ്രേമമാണെന്നു്. ചിലപ്പോൾ ജയൻതന്നെയാവാം ഇത്രയേറെ പ്രചാരത്തിനു് കാരണക്കാരൻ. ഐ ലവ്യു ഡാർളിങ്ങു് ... അതേ എന്നും അവനു് പറയാനുള്ള തനിക്കു് അത്ര കടുത്തവികാരമൊന്നും തോന്നിയിട്ടില്ല. അവനുമായി അടുപ്പത്തിലാണെന്നതു നേരുതന്നെ. അവൻെറ കെടാത്ത ചിരിയെ ഇഷ്ടപ്പെടുന്നു. അവനോടൊപ്പം ദുർല്ലഭം ചിലപ്പോൾ മാററിനിക്കുകയുന്നു. അതു് പ്രേമമാണോ?

ജയനു് പല സംശയമുണ്ടായിരുന്നു. അടക്കത്തിൻെറ പുറത്തോട്ടു് പൊട്ടിച്ചുവരുന്ന എല്ലാ പെൺകുട്ടികൾക്കും ആണുങ്ങളുടെ സംശയത്തിൻെറ ഒളിയമ്പുകൾ ഏല്ക്കേണ്ടിവരുന്നു. വർഷങ്ങൾക്കുശേഷം ഇപ്പോഴൊരു ഭർത്താവുണ്ടായപ്പോൾ, അഹംഭാവത്തിൻെറയും തന്നിഷ്ടത്തിൻെറയും ഉറ അഴിച്ചുവെച്ച നിസ്സഹായതയിൽ അദ്ദേഹത്തിൻെറ കററപ്പെടുത്തുന്ന സ്വരം കേട്ടു് അവൾ കരഞ്ഞു. അദ്ദേഹത്തിനു് അനിഷ്ടമുണ്ടാക്കുന്ന തൻെറ ശരീരഗന്ധത്തെ അവൾ ശപിച്ചു. തൻെറ സ്നേഹത്തോടും സൌന്ദര്യത്തോടും അവൾക്കു് അവജ്ഞ തോന്നി. കണ്ണീരു് അടക്കാനാവാതെ അവൾ ചോദിച്ചു: "പിന്നെന്തിനു നിങ്ങൾ എന്നെ വിവാഹം ചെയ്തു.

"ഞാൻ നിന്നെ സ്നേഹിച്ചുപോയി. നിൻെറ നോട്ടത്തിനു മുന്നിൽ എൻെറ ചലനങ്ങൾ ഇടറിവീണു. അന്നൊന്നും പക്ഷേ, നിൻെറ മണം എനിക്കറിഞ്ഞുകൂടായിരുന്നല്ലോ....."

സുദേവിൻെറ മുഖം പരിചിതമായിരുന്നു. അയാൾ പ്രഭാതങ്ങളിലും സായാഹ്നങ്ങളിലും തന്നെ പിന്തുടരുകയായിരുന്നു് അറിഞ്ഞതേയില്ല. അയാളുടെ മുമ്പിൽവെച്ചുതന്നെ എത്രയോ ആൺകുട്ടികൾക്കു് തൻെറ സ്വരവും മന്ദഹാസവും പകർന്നുകൊടുത്തിരിക്കണം. അപ്പോഴെല്ലാം അതാശിച്ചുകൊണ്ടു് താനറിയാതെ ഒരാൾ.

"നിങ്ങൾ എന്നെ ഉപേക്ഷിക്കുമോ സുദേവ്?" ദൈന്യതകലന്ന സ്വരത്തിൽ അവൾ ചോദിച്ചു.

"വിട്ടുപിരിയാനാവാത്ത നിൻെറ സ്നേഹത്തിൻെറ അടിമയാണു് ഞാൻ. നിനക്കു വേണ്ടി ദുഃഖത്തിൻെറ ഈ കയത്തിൽ ഞാനെന്നും ഉണ്ടാവും."

അദ്ദേഹം അവളിൽനിന്നു് മുഖം തിരിച്ചു പിടിച്ചു. അവൾക്കു് ഒന്നും കാണാൻ കഴിഞ്ഞില്ല. കണ്ണുകളിൽ നനവു മാറാലവീഴ്ത്തിയിരുന്നു.

ആണുങ്ങളുടെ വിഡ്ഢിയായ തോന്നലുകളെക്കുറിച്ചു് ഓർക്കുകയായിരുന്നു അവൾ അപ്പോൾ.

...o...

(8-ൽനിന്നും തുടർച്ച)

രണ്ടാംപേകതി. ഗോപാലൻ മുതലാളിക്കു് കൊടുക്കുന്ന എഴുത്തിനോടൊപ്പം കുമാരൻമാസ്റ്റർ നീട്ടിയ വഴിച്ചിലവിനുള്ള തുക രവി വാങ്ങാൻ മടിച്ചപ്പോൾ ആ വലിയ മനുഷ്യൻ പറഞ്ഞു "ങ്ഉം വാങ്ങിക്കു ഇതെൻെറ യാതനാപെൻഷൻെറ ഭാഗമല്ലേന്നു് നിനക്കറിയാമല്ലോ." നമ്മുടെ രാഷ്ട്രീയസംവിധാനത്തിലെ കപടശില്പികൾക്കു് ഇതിൽ കവിഞ്ഞ ഒരടികിട്ടാനുണ്ടോ? 1942 ലെ സമരക്കാലത്തു് 'ഞാൻ കാലുപിടിക്കാം സാർ രക്ഷിക്കണം' എന്നു പറഞ്ഞു് മാപ്പെഴുതിവെച്ചു് വീരസന്താനങ്ങളെ വഞ്ചിച്ച ഭീരുവായ ഗോപാലൻ ഗോപാലൻ മുതലാളിയായിനിന്നു് കുമാരൻ മാസ്റ്ററുടെ കുത്തുവായിച്ചിട്ടു് രവിയോടു പറയുന്നു.

"നിങ്ങളെപ്പോലുള്ള ചെറുപ്പക്കാർ ജോലിയെന്നു് പറഞ്ഞു് അലഞ്ഞുതിരിഞ്ഞു നടക്കരുതെന്നു്" പറയുമ്പോൾ നിങ്ങളുടെ മനസ്സിലേക്കു് എത്രയോ ഗോപാലൻ മുതലാളിമാർ കടന്നുവന്നുകഴിയും. ഇനി ഡേവിഡ് എന്ന ട്രേഡ്യൂണിയൻ പ്രവർത്തകൻെറ ചിത്രമെടുക്കാം. "ഇതു് ഒരു ഫൈവ് സ്റ്റാർ ഹോട്ടലാണു്. ഇതിനു് സ്റ്റാർ അടിച്ചെടുക്കാൻ ഞാൻ പെട്ടപാടു്" എന്നു് സഹപാഠിയായിരുന്ന രവിയോടു് പറഞ്ഞിട്ടു് "ഈ രാജ്യത്തെ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിൻെറ ആയിരമായിരം നീറുന്ന പ്രശ്നങ്ങളെ കുറിച്ചു് നീ എന്നെങ്കിലും ചിന്തിച്ചിട്ടുണ്ടോ" എന്നു ചോദിക്കുമ്പോഴേക്കും ഡേവിഡ് എന്ന കഥാപാത്രം പൂർണ്ണത നേടി. ആ വാക്കുകളുതിർന്ന വീണ കഴിയുമ്പോൾ വൻകിട മുതലാളിമാരുടെ രഹസ്യമുറികളിൽ നോട്ടുകൾ നിറഞ്ഞ കവറുകൾ തികഞ്ഞ മഞ്ഞച്ചിരിയോടെ കൈനീട്ടിവാങ്ങുന്ന ഈ രാജ്യത്തങ്ങോളമിങ്ങോളമുള്ള എത്രയെത്ര തൊഴിലാളി നേതാക്കന്മാർ നമ്മുടെ കൺമുന്നിൽ മിന്നിമറയുകയില്ല. തീവ്രവാദിമുദ്രാവാക്യങ്ങൾ സംഭാഷണത്തിൽ തിരുകിക്കയററി ചെറുപ്പക്കാരുടെയിടയിൽ മാതൃകാപുരുഷനാവുന്ന പ്രതാപൻ എന്ന കോളേജദ്ധ്യാപകനാണു് മറെറാരു ടൈപ്പ്. ഡെബ്രയേയും ചെഗുവേരയേയും ഉദ്ധരിച്ചു് ഇവിടെ ഒരു സായുധവിപ്ളവം അനിവാര്യമായിരിക്കുന്നു

## ,നഴ്സറിറൈംസ്

കുഞ്ഞുണ്ണി

ഞാനൊരാനയെക്കണ്ടു
ആ ആനയ്ക്കു് കൊമ്പില്ല
ഞാനൊരാനയെക്കണ്ടു
ആ ആനയ്ക്കു തുമ്പിക്കൈയില്ല
ഞാനൊരാനയെക്കണ്ടു
ആ ആനയ്ക്കു് കാലില്ല
ഞാനൊരാനയെക്കണ്ടു
ആ ആനയ്ക്കു് വാലില്ല
ഞാനൊരാനയെക്കണ്ടു
ആ ആനയ്ക്കു് വയറില്ല
ഞാനൊരാനയെക്കണ്ടു
ആ ആനയ്ക്കു് പുറമില്ല
ഞാനൊരാനയെക്കണ്ടില്ല
ഞാനൊരു നുണപറയാം
നല്ലൊരു നുണപറയാം
ചോപ്പിൻെറ നിറം വെളുപ്പ്
വെളുപ്പിൻെറ നിറം കറുപ്പ്
ചോപ്പുവെളുപ്പ്
വെളുപ്പ് കറുപ്പ്
കറുപ്പിനു കറുപ്പ് വെറുപ്പ്

---

വെന്നു് അദ്ദേഹം രവിയോടു പറയുന്നു. "സാറിനു് അതിനു്മുൻകയ്യെടുത്തു കൂടേ?" എന്ന ചോദ്യം മുന്നിലേക്കു വരുമ്പോൾ 'കാഡർ പ്രമോഷ്ൻെറ പ്രശ്നം പറഞ്ഞൊഴിയുന്ന ആ കഥാപാത്രത്തിലൂടെ ഉയരുന്ന പരിഹാസത്തിൻെറ ശക്തി എല്ലാ അതിരുകളേയും പൊട്ടിച്ചെറിയുന്നു.

ജീവിതത്തിലെ എല്ലാ പ്രശ്നങ്ങളും കഞ്ചാവു് കുടുക്കയിലൊളിക്കുന്ന ഗായകനായ പ്രേമൻ എന്നെ വളരെയാകർഷിച്ചു. "ഹൃദയത്തിൽ രോമാഞ്ചം സ്വരരാഗ ഗംഗയായ് പകരുന്ന മണിവീണ മൂകമായ്.....തകരുന്ന തന്തുവിൽ തളരാതെയെന്നെന്നും തഴുകുന്ന കൈകൾ കുഴഞ്ഞുപോയി..." ഈ വരികൾ എല്ലാം മറന്നു പാടുന്ന ശാന്തനെയും, കഞ്ചാവിൻെറയും മദ്യത്തിൻെറയും ലഹരിയിൽ ശാന്തനെ നോക്കിയിരിക്കുന്ന പ്രേമനേയും രവിയേയും, അവരനുഭവിക്കുന്ന ആ നിമിഷത്തിൻെറ വർണ്ണപ്പൊലിമയിൽ ചിത്രീകരിച്ച രംഗങ്ങളും ഭാരതശില്പങ്ങളെപ്പോലെ മനോ

ഹരങ്ങളാണ്. രവിയുടെ കോളേജ് മേററായിരുന്ന പ്രേമൻ സെൻറിമെൻറലാണ്. മദ്യപിച്ച് അബോധാവസ്ഥയിലായപ്പോൾ ഞാനൊരു ദ്രോഹിയാണ് രവി. എന്നെ എൻെറ അച്ഛൻ രാജകുമാരനെപ്പോലെയാണ് വളർത്തിയത്. ഞാൻ ദ്രോഹിയാണ് രവി ദ്രോഹി..." അപൂർണ്ണതയിൽ തളച്ചിടുന്ന ആ വാക്കുകളിൽ പ്രേമനെ പൂർണ്ണനാക്കുകയാണ്. സമകാലീനജീവിതത്തിൻെറ സങ്കീർണ്ണതകളിൽ നിന്നും സങ്കടങ്ങളിൽനിന്നും വൈരുദ്ധ്യങ്ങളിൽനിന്നും പറിച്ചു നടുന്ന ഈ കഥാപാത്രങ്ങൾ അനശ്വരരാണ്.

കാബറേഹാളിൽ മദാലസയായി അഴിഞ്ഞാടിയിട്ട് വിയർപ്പുകണങ്ങളോടെ ഓടിവന്ന് ആവേശത്തോടെ തൻെറ കുഞ്ഞിനെ വാരിയെടുത്ത് ഉമ്മ വയ്ക്കുന്ന ആ നർത്തകിയെ ത്രപ്പെടുത്തിയ കരങ്ങളിൽ ഒരു പൂച്ചെണ്ട്. ഹോട്ടലിൻെറ രണ്ടാം നിലയിൽ നിന്നു നോക്കുന്ന രവി മറുഭാഗത്ത് കുഞ്ഞിന് പാല് കൊടുത്തു താരാട്ടു പാടിഉറക്കുന്ന കാബറേ നർത്തകിയെ കാണുന്നു. ആ കാഴ്ച രവിയെ കാണിക്കുന്നതിൻെറ ഭാവനാബന്ധുരത വ്യാഖ്യാനിക്കേണ്ടതില്ലല്ലോ.

രവിയും രാധയും തമ്മിലുള്ള പ്രേമത്തിന് ഏതാനും സെക്കൻറുകളെ ഈ ചിത്രത്തിൽ നൽകിയിട്ടുള്ളൂ: "രാഷ്ട്രപുനർനിർമ്മാണത്തിൽ വിദ്യാർത്ഥികൾക്കു ഒരു പങ്കുമില്ലാത്തതുകൊണ്ട് പോയിൻറുകളുമില്ല." "പരീക്ഷകഴിഞ്ഞു" "ഇന്നു ഞായറാഴ്ചയാണില്ലേ" ഈ മറുപടികളിലൂടെ വളർന്നു വികസിച്ചുനില്ക്കുന്ന പ്രേമരംഗങ്ങൾക്കു അസുലഭഭംഗിയാണുള്ളത്. നിത്യാനുഭൂതിയുടെ നിലവറ തുറക്കുന്ന ഇത്ര മനോഹരമായ പ്രേമരംഗങ്ങൾ വിരളമാണ്. അമ്പലത്തിനടുത്തുള്ള പാറമേലിരിക്കുന്ന അവസാനരംഗത്ത് രാധയുടെ കയ്യിലെ സ്പർശനങ്ങളുകളിൽ തൊടാനാഞ്ഞ കൈകൾ കട്ടിയുടെ പാദപതനം കേട്ട് പിൻവലിക്കുമ്പോൾ ഒരു തേങ്ങലോടെ ആരാണ് കോരിത്തരിച്ചു പോകാത്തത്?

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത ത്യാഗികളായ വീരപുരുഷന്മാരുടെ തപ്ത നിശ്വാസങ്ങളുടേയും; തകർന്ന വിശ്വാസങ്ങളേയും അടിത്തറയിലാണ് ഉത്തരായണം കെട്ടിപ്പടുത്തിരിക്കുന്നത്. സമ്പന്നമായ ജീവിതത്തിൻെറ വെളിച്ചം ഒരിക്കലും കാണാതെ നിസ്സഹായതയുടെ അന്ധകാരത്തിൽ തപ്പിതടയുന്ന രവിയുടെ ധർമ്മസങ്കടം ഇന്നത്തെ യുവതലമുറയുടേതാണ് സ്വാതന്ത്ര്യസമരത്തിലെ രക്തസാക്ഷിത്വം കച്ചവടച്ചരക്കാക്കിയഗോപാലൻമുതലാളിമുതൽ സായുധവിപ്ളവം കൃഷ്യനിട്ട കസേലയിലിരുന്ന് മധുരമായി ഉരുവിടുന്നലക്ചർ പ്രതാപൻവരെ നിരനിരയായിനിങ്ങുന്ന മുഖംമൂടികളുടെനടുവിലൂടെ കടന്നുപോകുന്ന രവിയുടെ, ഈ കാലഘട്ടത്തിൻെറ അസ്ഥിരതയും അസ്വാസ്ഥ്യവും മുഴുവൻ അരവിന്ദൻ വരച്ചുകാട്ടിയിട്ടുണ്ട് 1942 ലെ സ്വാതന്ത്ര്യസമരത്തിൽ വെടിയേററുമരിച്ച തൻെറ അച്ഛനെ ഓർക്കുമ്പോൾ, ജീവിക്കാനൊരു തൊഴിലിനുവേണ്ടി ആത്മാഭിമാനം വിൽക്കാനവൻ രവി തയ്യാറല്ല. ഒരു പോംവഴിയെന്താണ്? അച്ഛൻേറയും മുത്തശ്ശൻേറയും മാർഗ്ഗം രവിക്ക് സ്വീകാര്യമായി കാണുന്നില്ല അന്ത്യത്തിലെ അഗ്നിപോലെ പടർന്നുപിടിക്കുന്ന രവിയുടെ ചിരിയിൽ വിപ്ളവത്തിൻെറ മാർഗ്ഗവും കാണുന്നില്ല. പിന്നെന്താണ് പോംവഴി ഏതു മാർഗ്ഗം? എൻെറയും നിങ്ങളുടേയും മുഖത്തിരിക്കുന്ന മുഖംമൂടികളെ ചൂണ്ടിക്കൊണ്ട് മറുപടിപറയാതെ അരവിന്ദനും തിക്കോടിയനും പിൻതിരിയുന്നു. പക്ഷേ, കുമാരൻ മാസ്റ്ററിലൂടെ അവർ മറുപടിതന്നു എന്നു ഞാൻ കരുതുന്നു. "ചോദ്യങ്ങൾ ചോദിക്കാനുള്ള കഴിവുണ്ടാവുക എന്നതാണ് പ്രധാനം. ഉത്തരങ്ങൾ കണ്ടുപിടിക്കലല്ല."

ജീർണ്ണജീവിതങ്ങളുടെ ആഘാതങ്ങളേററ് തകർന്നുപോയ രവിയെ അവതരിപ്പിച്ചത് സെററിൽ ആദ്യമായി കാലുകുത്തുന്ന ഡോക്ടർ മോഹൻദാസാണ്. കഥാകൃത്തിൻേറയും സംവിധായകൻെറയും സ്വപ്നങ്ങളെ അനായാസമായ അഭിനയംകൊണ്ട് സാക്ഷാത്ക്കരിച്ചിരിക്കുന്നു. ആനടൻ ചെഗുവേരമോഡൽ വിപ്ളവത്തെപ്പററിയുള്ള പ്രസംഗം കേട്ടിരിക്കാൻവയ്യാതെ അസ്വസ്ഥനായി മടങ്ങുമ്പോൾ പരിചിതനായ ലക്ചറോട് "വിപ്ളവത്തിന് "യഥാർത്ഥവിപ്ളവത്തിന് രണ്ടുമാർഗ്ഗങ്ങളേയുള്ളൂ. ഒന്നു മരണത്തിൻേറയും ഒന്നു വിജയത്തിൻേറയും എന്നു പറയുന്നവരികൾ വേഗതയിലും ഉറക്കെയുമായി



പ്പോയതു അരോചകമായിപ്പോയി. നാടകരംഗത്തെ അതികായനായ കുഞ്ഞാണ്ടി. ആധുനികജീവിതത്തിലെ താളലയങ്ങളുമായി ചേർന്നുപോകാനാവാതെ മരിക്കാക്കത്തിക്കാളുന്ന ഓർമ്മകളെ താലോലിച്ചുകഴിയുന്ന ആ ആറിത്തണുത്ത അഗ്നിപർവ്വതത്തെ, കുമാരൻ മാസ്റ്ററെ ശബ്ദത്തേക്കാളേറെ ഭാവാഭിനയത്തിൽ ഉജ്ജ്വലമാക്കി. ഈ ചിത്രത്തിൽ ഒരുവാക്കുപോലും ഉച്ചരിക്കാതെ വാചാലനായിമാറുന്ന ഒരു കഥാപാത്രമുണ്ട്. അച്ചു. ബാലൻ. കെ. നായർ അച്ചുവിന് ആത്മാവ് നൽകി. ട്രേഡ്യൂണിയൻ നേതാവായ ഡേവിഡിനെ വിജയനും, മെഡിക്കൽ റെപ്രസൻേററീവായ പ്രേമനെ സുകുമാരനും അതീവശ്രദ്ധയോടെ കൈകാര്യംചെയ്തു. അവരിൽ ഞാൻ സിനിമാനടന്മാരെ കണ്ടില്ല. — പ്രേംജി (മാധവമേനോൻ) ശാന്താദേവി (രവിയുടെഅമ്മത്തശ്ശി) രാധാമണി (മീനാക്ഷി) ശ്രീധരൻനമ്പ്യാർ (പ്രതാപൻ) നെല്ലിക്കോട് ഭാസ്കരൻ (കുട്ടപ്പൻ) സേതു (ശാന്തൻ) എം. പി. കെ. നായർ (ഇൻസ്പെക്ടർ) നിലമ്പൂർ ബാലൻ (ഗോപാലൻ) മല്ലിക (രാധ) എന്നീ നടീനടന്മാർ ഔചിത്യത്തോടെ അതീവഭംഗിയായി അതിഭാവുകത്വദോഷമില്ലാതെ തങ്ങളുടെ റോളുകൾ കൈകാര്യംചെയ്തിട്ടുണ്ട്. അധികാരിയായി അടൂർഭാസിയാണ് വേഷമിട്ടത്. അത്ഭുതകരമായ സംയമനത്തോടെ ഭാസി അഭിനയിച്ചു. പൂർണ്ണമായ തൃപ്തി പ്രേക്ഷകർക്ക് നൽകുകയുംചെയ്തു എങ്കിൽക്കൂടി അരവിന്ദനോടൊരു ചോദ്യം ഭാസിയെ ഒഴിവാക്കാമായിരുന്നില്ലേ?

കൂടെ രവിവർമ്മയുടെ ക്യാമറ ഈ ചിത്രത്തിന് നൽകിയിരിക്കുന്ന സൗന്ദര്യത്തിൻെറ ആഴവും പരപ്പും ഏതാനുമല്ല. വെളിച്ചത്തെ നിയന്ത്രിക്കുന്നതിൽ, അതീവശ്രദ്ധയോടെ ആംഗിളുകളെ നിർണ്ണയിക്കുന്നതിൽ, ക്യാമറ ബ്രഷായി ഉപയോഗിക്കുന്ന ഈ അത്ഭുതമാന്ത്രികൻ കാണിച്ച വൈദഗ്ദ്ധ്യം ഓരോ ഫ്രെയിമിനും ഓരോ എണ്ണച്ഛായാചിത്രത്തിൻെറ ആകർഷണീയത നൽകിയിരിക്കുന്നു. നമ്പൂതിരിയുടെവരികളും എം. ബി. ശ്രീനിവാസൻെറ പശ്ചാത്തല സംഗീതവുംകൂടിആയപ്പോൾ 'ടൈററിലുകൾ' അവിസ്മരണീയാനുഭൂതിയായി. ആ അനുഭൂതി ചിത്രാന്ത്യംവരെ കരേ വിതാനത്തിൽ നിലനിന്നു. ഉത്തരായണത്തെ ഏററവും മെച്ചപ്പെട്ട ഒരു ചിത്രമാക്കുന്നതിൽ മററെല്ലാ വിഭാഗങ്ങളും കൈകാര്യം ചെയ്തവർ ആത്മാർത്ഥമായി തങ്ങളുടെ കർത്തവ്യം നിർവ്വഹിച്ചിരിക്കുന്നു സംഭാഷണം ഇത്ര കുറവുള്ള ഒരു സിനിമ ഇന്ത്യയിലുണ്ടായിട്ടില്ല. വിഷ്വൽമീഡിയമാണ് സിനിമ എന്ന സത്യം മനസ്സിലാക്കി തിക്കോടിയൻ ഓരോ വാക്കും ഓരോ വാചകവും ശ്രദ്ധയോടെ എഴുതിച്ചേർത്തിരിക്കുന്നു.

സംവിധായകൻെറ കലയാണ് സിനിമയെന്ന് മലയാളത്തിൽ ആദ്യമായി അരവിന്ദൻ ഉത്തരായണത്തിലൂടെ കാട്ടിത്തന്നു. രണ്ടുഫ്രിലിം കഷണങ്ങൾ ഒന്നിക്കുമ്പോൾ മൂന്നാമൊരർത്ഥത്തിന് രൂപംകൊള്ളുന്നില്ലെങ്കിൽ അതു് സിനിമയാവുകയില്ല എന്നു പറഞ്ഞിട്ടുള്ളതിനെ അരവിന്ദൻ സാക്ഷാത്കരിച്ചിരിക്കുന്നു.

ഗണേഷ്ബീഡിമേക്കേഴ്സിൻെറ ഉത്തരായണം എനിക്ക് വല്ലാത്തൊരു അനുഭവമായിരുന്നു. അനുഭൂതിയായിരുന്നു, ഇതേക്കുറിച്ച് എന്തെഴുതണം എങ്ങിനെയെഴുതണം എന്നെനിക്ക് അറിയില്ല. ഞാനെഴുതിയ അട്ടക്കും ചിട്ടയുമില്ലാത്ത ഈവരികൾ ഉത്തരായണത്തെക്കുറിച്ചുള്ള നിരൂപണമല്ല. ചലച്ചിത്രത്തെക്കുറിച്ച് ഗൗരവമായി പഠിക്കുന്ന ഒരു വിദ്യാർത്ഥിയുടെ ആസ്വാദകക്കുറിപ്പുകൾ മാത്രമാണിതു്.

ഉത്തരായണം കണ്ട് ആസ്വാദമറിയിച്ചപ്പോൾ അരവിന്ദൻ മറുപടിക്കത്തിൽ ഇപ്രകാരമെഴുതി "പല ദൃശ്യങ്ങളിലും പല ശ്രാവ്യങ്ങളിലും ഇനിയും എത്രയോ കൂട്ടലായി ചെയ്യാൻ കഴിയുമായിരുന്നു എന്നകാര്യത്തിൽ ഞാൻ ബോധവാനാണ്." ഈ വരികളെഴുതിയ അരവിന്ദൻ എന്ന ജീനിയസ്സിലൂടെ മലയാളസിനിമയുടെ കരസംക്രമങ്ങൾ ഞാൻ കാണുന്നു.

മലയാളസിനിമയിലെ സംസ്കാരസമ്പന്നരുടെ ഏററവും വലുപ്പമുള്ള മുഖക്കണ്ണാടിയാണ് ഉത്തരായണം. പട്ടത്തുവിളയും അരവിന്ദനുംകൂടി ഒട്ടുങ്ങാത്ത സ്പർശനം വിളയുന്ന ഒരു നിലവറയുടെ വാതിലാണ് എന്നേക്കുമായി നമുക്കു തുറന്നുതന്നിരിക്കുന്നതു്. നമുക്കീ നിലവറയിൽ ഒരിക്കലും മങ്ങാത്ത ഒരു നിലവിളക്കു കത്തിച്ചുവയ്ക്കാം.

...*...